**അടിയന്തരപ്രമേയ ചർച്ച**

സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. റോജി എം. ജോൺ, അങ്ങേയ്ക്ക് സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. റോജി എം. ജോൺ: സർ, സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാനത്തിനുണ്ടാകുന്ന നികുതി നഷ്ടംമൂലം സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയിൽ ഉണ്ടാകുന്ന ഗുരുതരമായ പ്രശ്നങ്ങൾ സംബന്ധിച്ച് കഴിഞ്ഞ നിയമസഭാ സമ്മേളന കാലയളവിൽ ഞാൻ തന്നെ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയപ്പോൾ അത് അവതരിപ്പിക്കാനുള്ള അനുവാദം പോലും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായില്ല. ഇത്തവണ ഈ വിഷയം അടിയന്തരപ്രമേയത്തിൽ കൊണ്ടുവന്നപ്പോൾ ചർച്ചയ്ക്കെടുക്കാൻ സർക്കാർ തയ്യാറായതിൽ പ്രത്യേക അഭിനന്ദനവും നന്ദിയും അറിയിക്കുകയാണ്.

ആമുഖമായി ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. കേരളത്തിൽ പറയാനുള്ളത് ഇവിടെയും കേന്ദ്രത്തിൽ പറയാനുള്ളത് അവിടെയും പറയാനുള്ള ആർജ്ജവം യു.ഡി.എഫ്.-നും കോൺഗ്രസ്സിനും എന്നുമുണ്ട്. ഇത് കേരള നിയമസഭയാണ്, ലോക്സഭയല്ല, അതുകൊണ്ട് കേന്ദ്രത്തിൽ പറയാനുള്ളത് അവിടെ പറയുന്നില്ലല്ലോയെന്ന സ്ഥിരം ക്യാപ്സ്യൂളുമായി ദയവായി ഭരണപക്ഷത്തുനിന്ന് സംസാരിക്കുന്നവർ ഇതിനുശേഷം വരരുതെന്നുള്ള അഭ്യർത്ഥനയാണ് എനിക്ക് ആമുഖമായി പറയാനുള്ളത്. ഇവിടത്തെ പോരായ്മകൾ ചൂണ്ടിക്കാണിക്കാനും അതിന് പരിഹാരമുണ്ടാക്കാനുമാണ് ഞങ്ങളെ തെരഞ്ഞെടുത്തതും കേരള നിയമസഭയിൽ ഞങ്ങൾ പ്രതിപക്ഷത്തിരിക്കുന്നതും. അതുകൊണ്ടുതന്നെയാണ് ഈ അടിയന്തരപ്രമേയം ഞങ്ങൾ കേരള നിയമസഭയിൽ കൊണ്ടുവരുന്നതും. കേന്ദ്രത്തിൽ ലോക്സഭയിലും രാജ്യസഭയിലും കൊണ്ടുവരേണ്ട പ്രമേയങ്ങൾ ഇതുമായി ബന്ധപ്പെട്ട് ഞങ്ങൾ ഇവിടെ കൊണ്ടുവരുന്നുണ്ട്, കൊണ്ടുവന്നിട്ടുണ്ട്, ഇനിയും കൊണ്ടുവരികതന്നെ ചെയ്യും. കേരളത്തിലെ സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് സർവ്വശ്രീ അനൂപ് ജേക്കബ്, ടി. വി. ഇബ്രാഹിം, പി. കെ. ബഷീർ, എം. വി.

ഗോവിന്ദൻ മാസ്റ്റർ തുടങ്ങി നിരവധി അംഗങ്ങൾ ചോദിച്ച ചോദ്യത്തിന് ഏകദേശം സമാനമായ ഉത്തരമാണ് ധനകാര്യ വകുപ്പുമന്ത്രി നൽകിയിരിക്കുന്നത്. സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി ഗുരുതരമായി നിലനിൽക്കുന്നുവെന്നത് സംബന്ധിച്ച് അദ്ദേഹം നൽകിയിരിക്കുന്ന ഉത്തരങ്ങളിൽ പ്രധാനമായും മൂന്ന് ഭാഗങ്ങളാണുള്ളത്. ആദ്യം പറഞ്ഞിരിക്കുന്നത് കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 8425 കോടി രൂപയുടെ കുറവ് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിലുണ്ടായിട്ടുണ്ടെന്നുള്ളതാണ്. രണ്ടാമത്തെ പ്രധാന ആക്ഷേപം ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കിയതോടുകൂടി 7200 കോടി രൂപയുടെ നഷ്ടമുണ്ടാകുന്നുവെന്നതാണ്. മൂന്നാമത്തെ വാദം, സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ കേന്ദ്രം ഇടപെടുന്നതുകൊണ്ട് നമുക്കാവശ്യമായിട്ടുള്ള കടമെടുക്കാൻ സാധിക്കുന്നില്ലെന്നുള്ളതാണ്. എല്ലാ ഉത്തരത്തിലും ഒരേ കാരണങ്ങൾ തന്നെയാണ് അദ്ദേഹം നിരത്തിയിട്ടുള്ളത്.

മൂന്ന് കാരണങ്ങളിൽ ആദ്യത്തെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിനെക്കുറിച്ച് സംസാരിക്കാം. ഞങ്ങൾ ആരും കേന്ദ്രത്തിന്റെ വക്കീലന്മാരല്ല, ഞങ്ങൾക്ക് അത് പറയേണ്ട ആവശ്യവുമില്ല. പക്ഷേ യാഥാർത്ഥ്യങ്ങളും കണക്കുകളും

നമുക്ക് നിഷേധിക്കാൻ സാധിക്കില്ലല്ലോ? 24-08-2022-ൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റുമായി ബന്ധപ്പെട്ട് 15-ാം ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം സംസ്ഥാനത്തിന് റവന്യൂ കമ്മി ഗ്രാന്റിനത്തിൽ വകയിരുത്തിയതും നാളിതുവരെ ലഭ്യമായതുമായ തുക എത്രയെന്ന് അറിയിക്കാമോയെന്ന് ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഉന്നയിച്ച ചോദ്യത്തിന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞിരിക്കുന്നത്, 15-ാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് അനുവദിച്ചത് മൊത്തം 53,137 കോടി രൂപയാണ്. ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് അനുവദിക്കുന്നത് ഓരോ കാലഘട്ടത്തിലും സാഹചര്യങ്ങൾ വിലയിരുത്തിക്കൊണ്ടും സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മനസ്സിലാക്കിക്കൊണ്ടുമാണ്. അതിനകത്ത് ഓരോ വർഷങ്ങളിലും ഏറ്റക്കുറച്ചിലുണ്ടാകാറുണ്ട്. രണ്ട് കാര്യങ്ങൾ ഇവിടെ കാണേണ്ടതായിട്ടുണ്ട്. 14-ാം ധനകാര്യ കമ്മീഷൻ കേരളത്തിന് അനുവദിച്ച ആകെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് 9,519 കോടി രൂപയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിലുണ്ട്. 15-ാം ധനകാര്യ കമ്മീഷന്റെ

കാലയളവിൽ കേരളത്തിന് അനുവദിച്ചത് 53,137 കോടി രൂപയാണ്. എത്രയധികം തുകയുടെ വ്യത്യാസം വന്നിട്ടുണ്ടെന്നുള്ളത് അങ്ങ് തന്നെ പരിശോധിക്കുക. ഇതിൽ ഒരു കാര്യം കൂടി മനസ്സിലാക്കേണ്ടതായിട്ടുണ്ട്.

15-ാം ധനകാര്യ കമ്മീഷൻ ആകെ 16 സംസ്ഥാനങ്ങൾക്കാണ് രാജ്യത്ത് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് അനുവദിച്ചത്. 16 സംസ്ഥാനങ്ങൾക്കായി മൊത്തം 2,90,000 കോടിരൂപ അനുവദിച്ചപ്പോൾ ആ 16 സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ലഭ്യമായത് കൊച്ചുസംസ്ഥാനമായ നമ്മുടെ കേരളത്തിനാണ്. ഈ കണക്കുകൾ അങ്ങേയ്ക്ക് നിഷേധിക്കാൻ സാധിക്കുമോ? മാത്രമല്ല അവസാനം പറയുന്ന കണക്ക് കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് നമുക്ക് ലഭിച്ചത് കുറവാണെന്നാണ്. 5 വർഷത്തേയ്ക്ക് ധനകാര്യ കമ്മീഷൻ ഒരു സംസ്ഥാനത്ത് നീക്കിവയ്ക്കുന്ന മൊത്തത്തിലുള്ള വിഹിതം 53,137 കോടി രൂപയാണ്. 2020-2021 വർഷത്തിൽ പതിനയ്യായിരത്തിലധികം കോടിരൂപ നമുക്ക് ലഭിച്ചു. 2021-2022-ൽ ഏതാണ്ട് ഇരുപതിനായിരത്തോളം കോടിരൂപ നമുക്ക് ലഭിച്ചു. 2022-23-ൽ പതിമൂന്നായിരത്തിലധികം കോടിരൂപ നമുക്ക് ലഭിച്ചു.

ധനകാര്യ കമ്മീഷൻ ഓരോ വർഷവും ഈ ഇനത്തിൽ എത്ര രൂപയാണ് നമുക്ക് അനുവദിക്കുന്നതെന്നുള്ളത് അതിന്റെ തുടക്കത്തിൽത്തന്നെ പ്രതിപാദിച്ചിട്ടുണ്ട്. ആ തുക കൃത്യമായി ഓരോ വർഷവും നമുക്ക് അനുവദിച്ചു. മൊത്തം നമുക്ക് അനുവദിച്ച 53,137 കോടി രൂപയിൽ  കേവലം 4,749 കോടി രൂപയാണ് ഈ സാമ്പത്തിക വർഷത്തിൽ നമുക്ക് ലഭിക്കാനുള്ളത്. അതിന്റെ ആദ്യ പാദത്തിൽ ലഭിക്കേണ്ടത് നമുക്ക് ലഭിച്ചുകഴിഞ്ഞു. അതനുസരിച്ച് 5 വർഷത്തിൽ നമുക്ക് ലഭിക്കേണ്ട ഗ്രാന്റ് ഇതിനോടകംതന്നെ ലഭിച്ചുകഴിഞ്ഞിരിക്കുകയാണ്. ബാക്കിയുള്ള ചെറിയ തുക മാത്രമേ ഇനി ലഭിക്കാനുള്ളൂ. അതിന്റെ അർത്ഥം ഇനി അടുത്ത സാമ്പത്തിക വർഷത്തിൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി ഒരു രൂപപോലും ലഭിക്കില്ലെന്നാണ്. ഇത് ധനകാര്യ കമ്മീഷന്റെ ശിപാർശ വരുമ്പോൾത്തന്നെ എല്ലാവർക്കും മനസ്സിലാകുന്ന അങ്ങയുടെ മുമ്പിൽ ഉൾപ്പെടെയുള്ള ശിപാർശകളും നിർദ്ദേശങ്ങളുമാണ്. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഇത്ര തുകയേ ലഭിക്കാനുള്ളൂയെന്നത് ഈ രാജ്യത്ത് എല്ലാവർക്കും അറിയാവുന്ന കാര്യമായിരിക്കെ  അങ്ങ് ആവർത്തിച്ചാവർത്തിച്ച് ധനകാര്യ കമ്മീഷന്റെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിൽ കാര്യമായ കുറവുണ്ടായെന്നുപറയുമ്പോൾ

യഥാർത്ഥത്തിൽ സംഭവിച്ചത് 14-ാം ധനകാര്യ കമ്മീഷനെ അപേക്ഷിച്ച് 15-ാം ധനകാര്യ കമ്മീഷനിലേയ്ക്ക് വന്നപ്പോൾ 40,000 കോടി രൂപയുടെ വർദ്ധനയാണ് കേരളത്തിനുണ്ടായത്. ധനകാര്യ കമ്മീഷന്റെ വിഹിതമായി ഇത്രയും തുക അധികമായി ലഭിച്ചുകഴിഞ്ഞപ്പോൾ ഇനി വേറൊന്നും ഇവിടെ ചെയ്യേണ്ട ആവശ്യമില്ല, ഈ തുക ആവശ്യത്തിനുണ്ടല്ലോയെന്ന കണക്കിൽ all pass കൊടുക്കുമ്പോൾ അലംഭാവം കാണിക്കുന്ന ഒരു ശരാശരി വിദ്യാർത്ഥിയുടെ മനോഭാവത്തിൽ സംസ്ഥാനത്തിന്റെ ധനകാര്യ വകുപ്പ് മുന്നോട്ടുപോയതുകൊണ്ടാണ് നമ്മൾ ഇപ്പോൾ കാണുന്ന ഈ അവസ്ഥയിലേയ്ക്ക് കേരളം എത്തിനിൽക്കുന്നത്.

അദ്ദേഹം രണ്ടാമത്തെ കാര്യമായി പറഞ്ഞത് ജി.എസ്.ടി.-യുമായി ബന്ധപ്പെട്ടതാണ്. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട് പറയുമ്പോൾ നമ്മൾ പ്രത്യേകമായി കാണേണ്ട കാര്യമുണ്ട്. ഇദ്ദേഹത്തിന്റെ മുൻഗാമിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്, ജി.എസ്.ടി. നടപ്പാക്കിയപ്പോൾ എന്താണ് പറഞ്ഞത്? ഒരു കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിന് 'ഡെസ്റ്റിനേഷൻ പ്രിൻസിപ്പിൾ' അനുസരിച്ച് ജി.എസ്.ടി. നടപ്പാക്കുമ്പോൾ 20 മുതൽ 30 ശതമാനം വരെ വർദ്ധനയുണ്ടാകുമെന്ന് പറഞ്ഞ് മനസ്സിൽ ലഡു

പൊട്ടി നടന്ന ആളാണ് അദ്ദേഹം. എന്നിട്ട് അതുണ്ടായോ; അതുകൊണ്ട് എന്തുസംഭവിച്ചു? വെറുതെ ഇരുന്നാൽ 20 മുതൽ 30 ശതമാനം വരെ വർദ്ധന നമുക്ക് ലഭിക്കുമെന്ന് പറഞ്ഞ് സംസ്ഥാനത്ത് നടപ്പാക്കേണ്ടിയിരുന്ന സാമ്പത്തിക പരിഷ്കാരങ്ങളൊന്നും നടപ്പാക്കാത്തതുകൊണ്ട് നമുക്ക് ലഭിക്കേണ്ട തുക കൃത്യമായി ലഭിക്കുന്നില്ല. പിരിച്ചെടുക്കേണ്ട തുക നമുക്ക് പിരിച്ചെടുക്കാൻ സാധിക്കുന്നില്ല. ജി.എസ്.ടി. പോർട്ടലിൽനിന്നും കേരളത്തിനാവശ്യമായ വിവരങ്ങൾ ശേഖരിക്കാൻ കഴിയുന്ന ബാക്ക് എൻഡ് സോഫ്റ്റ്വെയർ സിസ്റ്റം കേരളം നടപ്പാക്കിയില്ല. പകരം അപര്യാപ്തമായ സ്വന്തം സോഫ്റ്റ്വെയർ ഉപയോഗിച്ചു. അത് ഫലപ്രദമല്ലെന്ന് തിരിച്ചറിയാൻ നാല് വർഷമെടുത്തു. ഒടുവിൽ കേന്ദ്രം തയ്യാറാക്കിയ സോഫ്റ്റ്വെയർ തന്നെ വാങ്ങിക്കാൻ നിർബന്ധിതമായി. 2019 മുതൽ ജി.എസ്.ടി. വെട്ടിപ്പ് തടയാൻ ഓഡിറ്റും എൻഫോഴ്സ്മെന്റും ശക്തമാക്കണമെന്ന് പ്രതിപക്ഷം സൂചിപ്പിച്ചതാണ്. പക്ഷേ സംസ്ഥാന സർക്കാർ എന്താണ് ചെയ്തത്. അഞ്ച് വർഷങ്ങൾക്കുമുമ്പ് ചെയ്യേണ്ട കാര്യങ്ങൾ സംസ്ഥാന സർക്കാരോ ധനകാര്യ വകുപ്പോ ചെയ്തില്ല. 2022-ഓടുകൂടി കോമ്പൻസേഷൻ നിർത്തലാകും. കോമ്പൻസേഷൻ നഷ്ടമാകുന്നുയെന്ന് ബോധ്യപ്പെട്ട സാഹചര്യത്തിലാണ്

ജി.എസ്.ടി. വകുപ്പ് പുനഃസംഘടിപ്പിക്കാൻ സംസ്ഥാന ധനകാര്യ വകുപ്പ് തയ്യാറായത്. ഇപ്പോൾ എന്താണ് സംഭവിച്ചത്? ജനുവരിയിൽ ഓഡിറ്റ് വിംഗിലേയ്ക്ക് 700 ആളുകളെ നിയമിച്ചു. അങ്ങേയ്ക്ക് സത്യസന്ധമായി പറയാൻ സാധിക്കുമോ? ഇപ്പോൾ ഏതെങ്കിലുമൊരു ഫയൽ ഓഡിറ്റ് ചെയ്യാൻ അവർക്ക് സാധിക്കുന്നുണ്ടോ? അവർ വെറുതെ ഇരുന്ന് മാസപ്പടി വാങ്ങിച്ചുകൊണ്ടിരിക്കുകയാണ്. അതിനെക്കാൾ വളരെ സുപ്രധാനമായ കാര്യം ജി.എസ്.ടി. നടപ്പാക്കിയപ്പോൾ സംസ്ഥാനത്തിന് ലഭിക്കേണ്ട ഏറ്റവും വലിയ അനുകൂല്യമെന്നു പറയുന്നത് ഐ.ജി.എസ്.ടി. ഇനത്തിലായിരുന്നു. കാരണം നേരത്തെ സൂചിപ്പിച്ചതുപോലെ ഇത്രയും വലിയ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ സംബന്ധിച്ച് ജി.എസ്.ടി.-യുടെ ആനുപാതികമായി ഐ.ജി.എസ്.ടി. കണക്കാക്കുമ്പോൾ സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടും എക്സ്‌പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയും പറയുന്നു, ജി.എസ്.ടി., ഐ.ജി.എസ്.ടി. അനുപാതം എന്നത് 2:3 ആയിരിക്കണമെന്ന്. സർക്കാർ തന്നെ അങ്ങനെ പറയുമ്പോൾ അതിനനുസൃതമായ കോമ്പൻസേഷൻ ഐ.ജി.എസ്.ടി. ഇനത്തിൽ നമുക്ക് ലഭിച്ചോ; ഐ.ജി.എസ്.ടി. ഇനത്തിൽ ലഭിക്കുന്ന കോമ്പൻസേഷൻ

എന്നുപറയുന്നത് ജി.എസ്.ടി.-യിൽ നമുക്ക് ലഭിക്കുന്ന തുകയ്ക്ക് തുല്യമായ തുക മാത്രമെ ലഭിക്കുന്നുള്ളൂ. അതുകൊണ്ടാണ് നമുക്ക് ആവശ്യമായ ഭേദഗതികൾ വരുത്താത്തതുകൊണ്ടും ഇത് കൃത്യമായി ഫയൽ ചെയ്യുന്നതിനുവേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്താത്തതുകൊണ്ടും ഒരുവർഷത്തിൽ ശരാശരി 5000 കോടി രൂപയുടെ നഷ്ടം കേരളത്തിന് ഐ.ജി.എസ്.ടി. ഇനത്തിൽ മാത്രമുണ്ടാകുന്നുവെന്ന് കൃത്യമായി പഠനങ്ങൾ നടത്തി എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി അഭിപ്രായപ്പെട്ടത്. സംസ്ഥാന സർക്കാർ ഇതുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് സ്വീകരിച്ചത്? ഇദ്ദേഹത്തിന്റെ മുൻഗാമി ഡോ. ടി. എം. തോമസ് ഐസക് സൂചിപ്പിച്ച കാര്യമുണ്ട്, ഞാൻ ചുരുക്കി പറയുകയാണ്. ഐ.ജി.എസ്.ടി. ഇനത്തിൽ വ്യാപകമായ ക്രമക്കേട് നടന്നതായി അദ്ദേഹം തന്നെ സമ്മതിച്ചിട്ടുണ്ട്. 2019-ൽ അന്ന് അദ്ദേഹം പറഞ്ഞത് എല്ലാ ചെക്ക്പോസ്റ്റുകളിലും ഊടുവഴികളിലും ANPR (Automatic Number Plate Recognition) ക്യാമറകൾ സ്ഥാപിക്കും, വാഹനത്തിന്റെ തൂക്കം അളക്കാൻ സെൻസർ വയ്ക്കും ഇതൊക്കെ ചെയ്തുകഴിയുമ്പോഴേയ്ക്കും നികുതി ചോർച്ച ഇനത്തിൽ 13 ശതമാനം തിരിച്ചുപിടിക്കാനാവും കൂടാതെ ക്യാമറകളെല്ലാം

പ്രവർത്തനക്ഷമമാക്കുമ്പോൾ 14 ശതമാനം കൂടെ ലഭിക്കും അങ്ങനെ മൊത്തം 27 ശതമാനം വർദ്ധനയുണ്ടാകുമെന്ന് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞുവച്ചിട്ട് ഇപ്പോൾ ആ വർദ്ധനയുണ്ടായോ? ഇങ്ങനെ 27 ശതമാനം വർദ്ധനയുണ്ടാകുമ്പോൾ ജി.എസ്.ടി. കോമ്പൻസേഷൻ വേണ്ടാത്ത അവസ്ഥയിലേയ്ക്ക് കേരളം എത്തുമെന്നാണ് അന്ന് ഡോ. ടി. എം. തോമസ് ഐസക് സൂചിപ്പിച്ചത്. അതായത് ജി.എസ്.ടി. കോമ്പൻസേഷൻ വാങ്ങിക്കേണ്ട അവസ്ഥപോലും വരില്ലെന്ന് പറഞ്ഞ ഒരു ധനകാര്യ വകുപ്പുമന്ത്രിയാണ് അങ്ങേയ്ക്കുമുമ്പ് അങ്ങയുടെ സീറ്റിൽ ഇരുന്നിരുന്നത്. ഐ.ജി.എസ്.ടി.-യിൽ നമ്മൾ എവിടെയെത്തി നിൽക്കുന്നു എന്ന കാര്യം അങ്ങ് കാണാതെ പോകരുത്. ഇന്നലെ താങ്കൾ പറയുകയുണ്ടായി, ഐ.ജി.എസ്.ടി.-യിനത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻവേണ്ടി ഇപ്പോൾ ടെക്നിക്കൽ യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തി കുറെ കാര്യങ്ങൾ ചെയ്തുവരുന്നുണ്ടെന്ന്, ഇക്കാര്യങ്ങളെല്ലാം 7 വർഷം മുമ്പ് ചെയ്യേണ്ടതായിരുന്നു. ഐ.ജി.സി.ടി. ഇനത്തിൽ ഇക്കാലയളവിൽ നമുക്ക് നഷ്ടപ്പെട്ടുപോയത് 25000 ത്തിലധികം കോടി രൂപയാണ്. അപ്പോൾ അത് കാണാൻ തയ്യാറാകുന്നില്ല. ഇതിൽ വളരെ പ്രധാനപ്പെട്ട കാര്യം,

പിരിച്ചെടുക്കേണ്ട നികുതി കൃത്യമായി പിരിച്ചെടുക്കാൻ നമുക്ക് സാധിക്കുന്നുണ്ടോയെന്നതാണ്? സ്വർണ്ണത്തിന്റെ കാര്യമെടുത്താൽ ഇന്ത്യയിലേയ്ക്ക് ഒരു വർഷം ഏതാണ്ട് 800 ടൺ സ്വർണ്ണം ഇറക്കുമതി ചെയ്യുന്നതിൽ ഏകദേശം 150 ടൺ കേരളത്തിലാണ് പോകുന്നത്. അതിന്റെ കൃത്യമായ നികുതി ലഭ്യമാക്കുവാൻ നടപടികളുണ്ടോ; മുൻ പബ്ലിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി ചെയർപേഴ്സണും സാമ്പത്തിക വിദഗ്ദ്ധയുമായ ഡോ. മേരി ജോർജ്ജ് ഈ മേഖലയിൽ നടത്തിയ പഠനത്തിൽ സൂചിപ്പിച്ചിരിക്കുന്നത്, കേരളത്തിലെ ആകെ സ്വർണ്ണ വിൽപ്പനയുടെ 20 ശതമാനംപോലും നികുതിക്ക് വിധേയമാകുന്നില്ലെന്നാണ്. അതായത് പ്രതിവർഷം കേരളത്തിന് ഏകദേശം 18000 കോടിരൂപ ഈയിനത്തിൽ നഷ്ടമാകുന്നുവെന്നാണ്. കേരളം ഇതുപിരിച്ചെടുക്കാനായി എന്താണ് ചെയ്യുന്നത്? അതുപോലെ നമുക്കറിയാവുന്ന കാര്യമാണ് മദ്യവിൽപ്പനവുമായി ബന്ധപ്പെട്ട് ബാർ ഹോട്ടലുകളിൽ ടേണോവർ ടാക്സ് ഈടാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ എന്തെങ്കിലും ചെയ്യുന്നുണ്ടോ? അതുപോലെതന്നെ പഴയ വാറ്റ് നിയമത്തിലും പുതിയ ജി.എസ്.ടി.-യിലുമായി ഏകദേശം 12000-ത്തോളം കോടിരൂപ പിരിച്ചുകിട്ടാനുണ്ട്. അത്

നികുതി വകുപ്പിന്റെ അനാസ്ഥമൂലം റവന്യൂ റിക്കവറിയിൽപ്പെട്ടുകിടക്കുകയാണ്. അപ്പോൾ സ്വർണ്ണത്തിന്റെയും ബാർ ഹോട്ടലുകളിലും നിന്നുള്ള നികുതി ഈടാക്കുന്നില്ല. പിരിച്ച് കിട്ടാനുള്ള കുടിശ്ശികകൾ പിരിച്ചെടുക്കാൻ സാധിക്കുന്നില്ല. പിന്നെ ഈ സർക്കാർ ആരെയാണ് പിരിക്കുന്നത്; സർക്കാർ പെട്രോളിന്റെയും ഡീസലിന്റെയും മദ്യത്തിന്റെയും ലോട്ടറിയുടെയും വില വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നത്. സാധാരണക്കാരന്റെ മേൽ എല്ലാ നികുതി ഭാരങ്ങളും അടിച്ചേൽപ്പിക്കുകയും വൻകിടക്കാരുടെ കയ്യിൽനിന്ന് ഈടാക്കാനുള്ളത് പിരിച്ചെടുക്കാത്തൊരു സർക്കാരായി മാറിയിരിക്കുകയാണ്. എല്ലാ സാധനങ്ങളുടെയും വില വർദ്ധിപ്പിക്കുകയാണ്. വെള്ളക്കരം, ഭൂമിയുടെ വില, വൈദ്യുതി ചാർജ്ജ്, വീട്ടുകരം അങ്ങനെയെല്ലാം വർദ്ധിപ്പിച്ചിരിക്കുകയാണ്.

മൂന്നാമത്തെ കാര്യം അദ്ദേഹം സൂചിപ്പിച്ചത് കടമെടുപ്പിനെ സംബന്ധിച്ചാണ്. നേരത്തെ കിഫ്ബി ആരംഭിച്ച സമയത്തെ കടമെടുപ്പിനെ സംബന്ധിച്ച് ഞങ്ങൾ പറഞ്ഞതാണ്. ഇത് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽ വരുമെന്ന് കേരളത്തിന്റെ പ്രതിപക്ഷം ഈ നിയമസഭയിൽ ആർത്തിച്ചാവർത്തിച്ച് പറഞ്ഞപ്പോൾ അന്ന് അങ്ങയുടെ മുൻഗാമി അത്

അംഗീകരിച്ചില്ല. അദ്ദേഹം പറഞ്ഞു, ഇത് കേരളത്തിന്റെ പരിധിയിൽ വരില്ലെന്ന്. ഇപ്പോൾ ഞങ്ങൾ പറഞ്ഞത് യാഥാർത്ഥ്യമായില്ലേ; കേരളത്തിന്റെ പരിധിയിലേയ്ക്ക് ഇത് വരികയല്ലേ; ഇപ്പോൾ എന്താണ് സംഭവിക്കുന്നത്? ലണ്ടൻ സ്റ്റോക്ക് മാർക്കറ്റ് മുതൽ ലേബർ വെൽഫെയർ ഫണ്ടിൽനിന്ന് വരെ കടമെടുക്കുന്ന അല്ലെങ്കിൽ കടമെടുക്കാൻവേണ്ടി മാത്രമുള്ള ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറിയ കാഴ്ചയാണ് നമ്മൾ കാണുന്നത്. ഇതെല്ലാം ചെയ്തതെന്തിനാണെന്നറിയാമോ, ഒറ്റ ഉദ്ദേശ്യത്തോടുകൂടിയാണ് ഇതെല്ലാം ചെയ്തത്. ഞങ്ങൾ എത്ര കടമെടുത്താലും കുഴപ്പമില്ല, അടുത്ത ഗവൺമെന്റ് വരുമ്പോൾ ഇതെല്ലാം അടുത്ത ഗവൺമെന്റിന്റെ തലയിലായിക്കൊള്ളുമെന്നാണ് കഴിഞ്ഞ ഗവൺമെന്റ് കരുതിയത്. നിർഭാഗ്യവശാൽ ഇതെല്ലാം വന്നുചേർന്നത് അങ്ങയുടെ തലയിലാണെന്നുമാത്രമേ ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളൂ. ഇതുകൊണ്ട് എന്താണ് ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്, സംസ്ഥാനത്തെ എല്ലാ പദ്ധതികളും താറുമാറായിരിക്കുകയാണ്. സംസ്ഥാനം പിരിച്ചെടുക്കേണ്ടത് സംസ്ഥാനത്തിന് പരിച്ചെടുക്കാൻ സാധിക്കുന്നില്ല. കേന്ദ്രത്തിൽനിന്ന് ലഭിക്കാനുള്ളത് വാങ്ങിച്ചെടുക്കാൻ സാധിക്കുന്നില്ല. ഇപ്പോൾ എന്താണ്

സംഭവിച്ചത്; കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളം കൊടുക്കാനില്ല. പാടത്ത് പണിയെടുക്കുന്നവർക്ക് വരമ്പത്ത് കൂലി എന്നുപറഞ്ഞിട്ട് കോടതിയിൽ പോയാൽപോലും ഇപ്പോൾ കൂലി ലഭിക്കില്ല. ജീവനക്കാർക്കും പെൻഷൻകാർക്കും ഡി.എ. കുടിശ്ശികയില്ല. നെല്ല് സംഭരിച്ച കർഷകന് തുക കൊടുക്കുന്നില്ല. വിദ്യാർത്ഥികളുടെ ഉച്ചക്കഞ്ഞി വിതരണത്തിനും പാചകത്തൊഴിലാളികൾക്കും കൊടുക്കാൻ പണമില്ല. കുടുംബശ്രീയുടെ ജനകീയ ഹോട്ടലുകൾ കൊടുക്കാൻ പണമില്ലാതെ അടച്ചുപൂട്ടി കിടക്കുന്നു. എസ്.സി./എസ്.ടി. ഫെല്ലോഷിപ്പ് നൽകാൻ കാശില്ല. യൂണിവേഴ്സിറ്റികളുടെ ഗ്രാന്റ് വെട്ടിക്കുറച്ചു. കൃഷിനാശം സംഭവിച്ച കർഷകന് നഷ്ടപരിഹാരം കൊടുക്കാനും വന്യമൃഗങ്ങളാൽ ആക്രമിക്കപ്പെട്ടവർക്കും കാരുണ്യപദ്ധതിയുടെ ഭാഗമായി ചികിത്സ നടത്തിയ ആശുപത്രികൾക്കും കൊടുക്കാൻ പണമില്ല. അവർ ചികിത്സ നടത്തില്ലെന്ന് പറയുന്നു. ആശുപത്രികളിൽ മരുന്നില്ല. ക്ഷേമനിധി പെൻഷനടക്കം കുടിശ്ശികയായി കിടക്കുന്ന അവസരത്തിൽ പറയുകയാണ് നിങ്ങൾ കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണെന്ന്. ഇതാണോ ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റ്; ഇത് തീവ്ര വലതുപക്ഷ ഗവൺമെന്റാണ്; സാധാരണക്കാരനെ തിരിഞ്ഞുനോക്കാത്ത

ഗവൺമെന്റ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് അഞ്ചുവർഷമായി വെട്ടിക്കുറച്ചു. കേന്ദ്രം നൽകുന്നില്ലെന്ന് ആവർത്തിച്ച് പറയുന്ന നിങ്ങൾ ഇവിടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ തയ്യാറാകുന്നുണ്ടോ; കേന്ദ്രം സ്വീകരിക്കുന്ന അതേ നടപടി അതിനേക്കാൾ തീവ്രമായിട്ടല്ലേ പ്ലാൻ ഫണ്ട് വെട്ടിക്കുറച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഞെക്കിക്കൊല്ലുന്ന സമീപനം ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കരാറുകാർക്ക് കൊടുക്കാൻ പണമില്ല. ഇന്ന് സംസ്ഥാനത്തെ എം.എൽ.എ.-മാർ കരാറുകാരുടെ പിന്നാലെ നടക്കേണ്ട അവസ്ഥയാണുള്ളത്, കാരണം ഒരാളും വർക്ക് ഏറ്റെടുക്കാൻ തയ്യാറാകുന്നില്ല. ആകെ സർക്കാരിന് അറിയാവുന്ന ഒരേയൊരു കരാറുകാരൻ എന്നുപറയുന്നത് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. അവർ പണിയെടുത്താൽ മാത്രം കാശ് കൊടുക്കും, ഇവിടത്തെ ചെറുകിട കരാറുകാരൻ പണിയെടുത്താൻ കാശ് കൊടുക്കാത്ത സാഹചര്യമാണുള്ളത്. ട്രഷറിയിൽ അഞ്ച് ലക്ഷത്തിൽ കൂടുതലുള്ള ഒരു ബില്ലും കൊടുക്കാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ നിർദ്ദേശം നൽകിയിരിക്കുകയാണ്. സാധാരണ ഫെബ്രുവരി, മാർച്ച് മാസത്തിലാണ് ട്രഷറിയിൽ ക്യൂ സിസ്റ്റം

നടപ്പാക്കുന്നതെങ്കിൽ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽതന്നെ ക്യൂ സിസ്റ്റം നടപ്പാക്കിയ ധനകാര്യ വകുപ്പുമന്ത്രിയായി ബഹുമാനപ്പെട്ട മന്ത്രി അറിയപ്പെടുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അത് ഒരു വശത്ത് നടക്കുമ്പോൾ മറുവശത്ത് വലിയ ധൂർത്താണ് നടക്കുന്നത്. 86 ലക്ഷം ആളുകൾക്ക് ഓണക്കിറ്റ് കൊടുക്കാൻ കഴിയാത്ത സർക്കാരാണ് 80 ലക്ഷം രൂപയ്ക്ക് ഹെലികോപ്റ്റർ വാടകയ്ക്കെടുക്കുന്നത്. സാധാരണക്കാരന്റെ ഓണം പെരുവഴിയിലാക്കിയ മുഖ്യമന്ത്രിയാണ് പത്ത് ലക്ഷം രൂപയുടെ ഓണസദ്യയൊരുക്കി സുഭിക്ഷമായി ആഘോഷിച്ചത്. പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റും ഹോസ്റ്റൽ ഫീസും കൊടുക്കാൻ കാശില്ലെങ്കിലും മുഖ്യമന്ത്രിയുടെ ക്ലിഫ് ഹൗസിലെ കാലിത്തൊഴുത്തിന് 42 ലക്ഷം, ലിഫ്റ്റിന് 25 ലക്ഷം, സ്വിമ്മിംഗ് പൂളിന് 32 ലക്ഷം, പൊരിവെയിലത്ത് ആളുകൾ നിൽക്കുമ്പോൾ ആംബുലൻസ് അടക്കം 28 വാഹനങ്ങളുമായി മുഖ്യമന്ത്രി കേരളത്തിൽ അങ്ങോളമിങ്ങോളം നടക്കുകയാണ്. വെളുത്ത ഇന്നോവ കാർ മാറ്റി കറുത്ത ഇന്നോവ വാങ്ങി, കറുത്ത ഇന്നോവ മാറ്റി ക്രിസ്റ്റ വാങ്ങിച്ചു. മെഡിക്കൽ കോളേജിൽ രോഗികൾക്ക് ബെഡ് വാങ്ങാൻ കാശില്ലെങ്കിലും ഓണസദ്യ നടത്താൻ

മുഖ്യമന്ത്രിക്ക് കാശുണ്ട്. ഞാൻ ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. അഴിമതി കേസുകൾ വാദിക്കാൻ വക്കീലന്മാരെ ലക്ഷങ്ങൾ കൊടുത്ത് കൊണ്ടുവരികയാണ്. പി.എസ്.സി.-യിൽനിന്നും നിയമനമില്ലെങ്കിലും പിൻവാതിലിലൂടെ നിരവധിയാളുകളെ നിയമിക്കുന്നു. ഇതൊക്കെയെല്ലേ നിങ്ങളുടെ ബദൽ എന്നുപറയുന്നത്. ഞാൻ ആവർത്തിക്കുകയാണ്, നെല്ല് സംഭരണത്തിലായാലും ഉച്ചക്കഞ്ഞി, എൻ.എച്ച്.എം., തൊഴിലുറപ്പ് പദ്ധതി, സാമൂഹ്യ സുരക്ഷാ പെൻഷൻ എന്നിവയുടെ കാര്യത്തിലായാലും കേന്ദ്രം നൽകാനുള്ള തുക നൽകുക തന്നെ വേണം, അതിന് യാതൊരു സംശയവുമില്ല. ഡിവിസിബിൾ പൂളിലെ നികുതി വിഹിതം വർദ്ധിപ്പിക്കാൻ കേന്ദ്രം തയ്യാറാവണം. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അനുപാതം 60:40 എന്നുള്ളത് 75:25 എന്നാക്കണമെന്ന കാര്യത്തിലും ആർക്കും തർക്കമില്ല. നമ്മളൊക്കെ അക്കാര്യത്തിൽ യോജിക്കുന്നു. പക്ഷെ ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം മനസ്സിലാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഒറ്റ മിനിറ്റിൽ അവസാനിപ്പിക്കാം. ഇവിടെ എന്താണ് കാണേണ്ടത്. എപ്പോൾ ചോദിച്ചാലും

ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് യു.ഡി.എഫ്. എം.പി.-മാരെക്കുറിച്ചാണ്. ഞാൻ ഒരു കാര്യം ചോദിക്കട്ടെ, എം.പി.-മാരെ ഈ സർക്കാർ തിരിച്ചറിയുമോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമൊക്കെ എത്ര തവണ ഡൽഹിയിൽപ്പോയി? എം.പി.-മാരുടെ ഒരു യോഗം വിളിക്കാനായി മുഖ്യമന്ത്രി തയ്യാറായോ? ധനകാര്യ വകുപ്പുമന്ത്രി തയ്യാറായോ? ഇവിടെയുള്ള മന്ത്രിമാർ ഡൽഹിയിൽപ്പോയാൽ ആകെ ഒരു എം.പി.-യെ മാത്രമേ അറിയാവൂ. യു.ഡി.എഫ്.-ന്റെ എം.പി.-മാരെ അറിയില്ല. യു.ഡി.എഫ്.-എൽ.ഡി.എഫ്. എം.പി.-മാരെ ചേർത്തുകൊണ്ട് ഏതെങ്കിലും ഒരു കാര്യത്തിൽ നിവേദനം കൊടുക്കാൻ നടപടി സ്വീകരിക്കാൻ ഈ സർക്കാർ തയ്യാറാകുന്നുണ്ടോ? പൂർണ്ണമായ അഴിമതിയും നികുതിപിരിവിലെ കെടുകാര്യസ്ഥതയുംമൂലം ധനപ്രതിസന്ധി യിലായിരിക്കുന്ന സംസ്ഥാനത്തെ കൂടുതൽ പ്രതിസന്ധിയിലേയ്ക്കാണ് ഈ സർക്കാർ കൊണ്ടുപോകുന്നതെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, പ്രതിപക്ഷം ഇന്നിപ്പോൾ കൊണ്ടുവന്ന അടിയന്തരപ്രമേയം ചർച്ച ചെയ്യാൻ തീരുമാനിച്ചതുപോലെ

അവർ കൊണ്ടുവരുന്ന എല്ലാ അടിയന്തരപ്രമേയങ്ങളും ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും തയ്യാറാകണമെന്നാണ് എന്റെ വിനയപൂർവ്വമായ അഭിപ്രായം. അടിയന്തരപ്രമേയത്തിൽ പ്രതിപക്ഷത്തിന് ലഭിക്കുന്ന പ്രത്യേക പ്രിവിലേജ് ഉപയോഗിച്ച് പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കന്മാരും നട്ടാൽകുരുക്കാത്ത നുണകൾ അവതരിപ്പിച്ച് അതെല്ലാം നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് അതുകഴിഞ്ഞ് പ്രസ്സ് റൂമിൽപ്പോയി പ്രതിപക്ഷനേതാവും കക്ഷിനേതാക്കന്മാരും പത്രസമ്മേളനം നടത്തി അവിടെയും നുണകൾ പറഞ്ഞ് അവസാനിപ്പിക്കുന്ന ഒരു രീതിയാണ് നമ്മുടെ സംസ്ഥാനത്ത് കണ്ടുവരുന്നത്. യഥാർത്ഥത്തിൽ അതിന്റെ ഭാഗമായി ജനങ്ങൾ ഇവർ പറയുന്നത് വിശ്വസിക്കുന്ന ഒരു അവസ്ഥാവിശേഷം വന്നിട്ടുണ്ട്. ഈ കള്ളം ആവർത്തിച്ച് പറയാൻ അവരെ പ്രേരിപ്പിക്കുന്നതും അതുതന്നെയാണ്. മിനിഞ്ഞാന്ന് അടിയന്തരപ്രമേയത്തിന് അനുമതി നൽകിയതിലൂടെ എന്തായിരുന്നു പ്രതിപക്ഷത്തിന്റെ ലക്ഷ്യമെന്നും പ്രതിപക്ഷം ഉമ്മൻ ചാണ്ടിയോട് എന്താണ് അന്ന് കാണിച്ചതെന്നുമൊക്കെ ബോധ്യമാകുന്ന തരത്തിൽ കാര്യങ്ങൾ ഭംഗിയായി ഇവിടെ അവതരിപ്പിക്കാനും ജനങ്ങൾക്കത് ബോധ്യപ്പെടാനും സാധിച്ചു.

അതുപോലെയാണിതും. 'കുറേക്കാലമായിട്ട് നമ്മുടെ സംസ്ഥാനത്ത് മദ്യവും ലോട്ടറിയുമല്ലാതെ എന്തുണ്ട് വരുമാനം', 'കടം പെരുകുന്ന കേരളം', 'സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് കൂപ്പുകുത്തുന്ന കേരളം' എന്നിങ്ങനെ കുറച്ചുകാലമായി നമ്മുടെ സംസ്ഥാനത്തിലെ ഒരു വിഭാഗം മാധ്യമങ്ങളുടെയും സങ്കി, കൊങ്ങി പുച്ഛിക്കലുകാരുടെയും വാട്സാപ്പ് ജീവികളുടെയും ആവർത്തിക്കുന്ന നുണകൾ നമ്മുടെ സംസ്ഥാനം കേൾക്കുകയാണ്. ലഭിക്കുന്ന അവസരങ്ങളിലെല്ലാം നിയമസഭയിൽ മാത്രമല്ല പുറത്തും ആ നുണകൾ ഭംഗിയായി ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട പ്രമേയാവതാരകൻ ആദ്യമേ തന്നെ ഒരു മുൻകൂർ ജാമ്യമെടുക്കുകയായിരുന്നു. 'നിയമസഭയിൽ പറയാനുള്ളത് നിയമസഭയിലും പാർലമെന്റിൽ പറയാനുള്ളത് പാർലമെന്റിലും പറയാനുള്ള ആർജ്ജവം ഞങ്ങൾക്കുണ്ട് എന്നുപറഞ്ഞുകൊണ്ടാണ് പ്രമേയാവതാരകൻ പ്രസംഗം ആരംഭിച്ചത്. ഈ ആർജ്ജവം പാർലമെന്റിൽ കാണിക്കുന്നതായി ഞങ്ങളാരും കാണുന്നില്ല. നമ്മുടെ സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കണമെന്നു പറഞ്ഞുകൊണ്ട് കേരളത്തിൽനിന്ന് പോയ യു.ഡി.എഫ്.-ന്റെ 18 അംഗങ്ങൾ ഒന്ന് എഴുന്നേറ്റ് നിന്നതായിപ്പോലും നമുക്ക് അറിയില്ല, കേരളത്തിലെ ഒരു

കുഞ്ഞും അത് കണ്ടിട്ടുമില്ല. നമ്മുടെ സംസ്ഥാനത്തിന്റെ വികസന സ്വപ്നങ്ങളെ ഇല്ലാതാക്കാൻ അവർ ബി.ജെ.പി.-യോടൊപ്പം ചേർന്നുനിൽക്കുന്ന സമീപനമാണ് യഥാർത്ഥത്തിൽ അവിടെ സംഭവിക്കുന്നത്. അത് കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും അറിയാവുന്ന കാര്യമാണ്. അത് പ്രമേയാവതാരകൻ എത്രതന്നെ ഭംഗിയായി അവതരിപ്പിക്കാൻ ശ്രമിച്ചാലും കൃത്യമായി ജനങ്ങൾക്ക് ബോധ്യമുള്ള കാര്യമാണ്. കേന്ദ്ര ഗവൺമെന്റിനോടൊപ്പം ചേർന്ന് നമ്മുടെ സംസ്ഥാനത്തിന്റെ വികസന പരിപാടികളെ നശിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. ഞങ്ങൾ അവിടെ എന്തൊക്കെയോ ചെയ്യുന്നുവെന്ന് നിങ്ങൾ എത്ര ആവർത്തിച്ച് പറഞ്ഞാലും ജനങ്ങൾ അത് കാണുന്നില്ല. നിങ്ങൾ ചെയ്യുന്നത് എവിടെയാണെന്നുള്ള കാര്യം നമുക്കറിയില്ല. അതാണ് ആ വിഷയത്തെ സംബന്ധിച്ച് പറയാനുള്ളത്. നിങ്ങൾ പറയുന്നത് എന്താണ്? സംസ്ഥാനങ്ങൾക്കെതിരായുള്ള വിവേചനപരമായ നയങ്ങൾക്കെതിരെ പ്രതിപക്ഷം എന്തെങ്കിലും പറയാൻ തയ്യാറാകുന്നുണ്ടോ? നിങ്ങൾ ആകെ പറയുന്നത് ഇവിടെ ധൂർത്താണ്, കെടുകാര്യസ്ഥതയാണ് എന്നൊക്കെയാണ്. സംസ്ഥാന സർക്കാർ

സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി നടത്തുന്ന എല്ലാ ശ്രമങ്ങളെയും ദുർബലമാക്കാൻവേണ്ടിയുള്ള നീക്കമാണ് യഥാർത്ഥത്തിൽ ഇവിടന്ന് പാർലമെന്റിലേയ്ക്ക് ജയിച്ച് പോയ അംഗങ്ങൾ കഴിഞ്ഞ നാലുവർഷമായി തുടർന്നുകൊണ്ടിരിക്കുന്നത് എന്നത് പച്ചയായ പരമാർത്ഥമാണ്. അതിനെ വെള്ളപൂശിയെടുക്കാൻ നിങ്ങൾക്ക് സാധിക്കില്ല.

പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിലെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റുകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. യഥാർത്ഥത്തിൽ ആ ഗ്രാന്റുകൾ പുനഃപരിശോധിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ഇതിനെതിരെ സമാന ചിന്താഗതിക്കാരായ സംസ്ഥാനങ്ങളെ അണിനിരത്തി ബഹുമാനപ്പെട്ട രാഷ്ട്രപതിക്ക് മെമ്മോറാണ്ടം നൽകാൻ മുൻകയ്യെടുത്ത സംസ്ഥാനം കേരളമാണ്. കേരളത്തിന് ലഭ്യമായ ഈ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റുകൾ നമ്മുടെ നികുതി വിഹിതത്തിൽവന്ന വീഴ്ച നികത്താൻ പര്യാപ്തമല്ലെന്ന നമ്മുടെ യുക്തിഭദ്രമായ വാദത്തെ ഖണ്ഡിക്കുവാൻ ബി.ജെ.പി.-യെ സഹായിക്കാൻവേണ്ടിയാണ് പ്രമേയാവതാരകൻ വലിയ വ്യഗ്രത കാട്ടിയതെന്നുള്ള കാര്യം മറച്ചുവയ്ക്കാൻ കഴിയുന്നതല്ല. നിങ്ങൾ

ബി.ജെ.പി.-ക്കുവേണ്ടി നല്ലൊരു അഡ്വക്കേറ്റായി ഇവിടെ വാദിക്കുകയാണ് ചെയ്തത്. കേന്ദ്ര ഗവൺമെന്റ് ചെയ്യുന്ന അന്യായങ്ങൾ, സംസ്ഥാനത്തിനോട് കാണിക്കുന്ന അവഗണനകൾ ഒന്നുംതന്നെ നിങ്ങൾ കാണുന്നില്ല. ഇവിടെ വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ല, ക്ഷേമ പദ്ധതികളെല്ലാംതന്നെ തകർന്നിരിക്കുന്നു ഇതൊക്കെയാണ് നിങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ കുറേക്കാലമായി നിങ്ങൾ നടത്തുന്ന പ്രചരണം അതല്ലേ? ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വർഗ്ഗീയ ശക്തികൾക്ക് മാത്രമല്ല, വലതുപക്ഷ പാർട്ടികൾക്കും കുത്തക മുതലാളിമാർക്കുമെല്ലാം ഒരുപോലെ കണ്ണിലെ കരടാണ്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ രാജ്യത്തെ വർഗ്ഗീയതയിലൂടെ ഭിന്നിപ്പിക്കുമ്പോൾ, കലാപങ്ങൾ രാജ്യത്ത് പടരുമ്പോൾ കമ്മ്യൂണിസ്റ്റുകാരനായ ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന എൽ.ഡി.എഫ്. സർക്കാർ പ്രതീക്ഷയുടെ തുരുത്തായി നമ്മുടെ രാജ്യത്ത് നിലകൊള്ളുകയാണ്. ഇതിന്റെ ഏറ്റവും വലിയ തെളിവാണ് മാധ്യമങ്ങളെ കൂട്ടുപിടിച്ച് ഒന്നാം പിണറായി സർക്കാരിന്റെ അവസാന കാലത്ത് കോൺഗ്രസ്സും ബി.ജെ.പി.-യും ഒറ്റക്കെട്ടായി ഇല്ലാക്കഥകളും ബിരിയാണി ചെമ്പും ഖുറാനും ഈന്തപ്പഴവും സ്പ്രിംഗ്ലറും ഒക്കെയായി സർക്കാരിനെതിരെ

കൊണ്ടുപിടിച്ച് ആക്രമണം നടത്തിയത്. പക്ഷെ സംഭവിച്ചത് എന്താണ്? നിങ്ങളുടെ മുക്കൂട്ട് മുന്നണിയും മാധ്യമ പടയും ഒരുമിച്ച് നിന്നിട്ടും ഇടതുപക്ഷ സർക്കാരിന്റെ മാറ്റ് കൂടിയതല്ലാതെ ലവലേശം പോലും ജനസമ്മതിക്ക് ഇടിവുണ്ടായില്ലെന്നതാണ്. അതിന്റെ തെളിവാണ് വർദ്ധിച്ച ഭൂരിപക്ഷത്തോടെ 99 സീറ്റോടെ ഞങ്ങൾ ഇവിടെയിരിക്കുന്നതും നിങ്ങൾ അവിടെയിരിക്കുന്നതും. പൗരത്വ ഭേദഗതി ബിൽ, യൂണിഫോം സിവിൽ കോഡ്, ഈ വിഷയങ്ങളിൽ രാജ്യത്തെ പിന്നോട്ടടിക്കുന്ന കേന്ദ്ര സർക്കാർ സാമ്പത്തിക നയങ്ങൾക്ക് പൊതുമേഖലയെ വിറ്റ് നശിപ്പിക്കുന്ന പ്രവൃത്തികളെ എല്ലാം എതിർത്ത് പുതിയൊരു മാതൃക സൃഷ്ടിച്ച് കേരളം 'കേരള മാതൃക' പടുത്തുയർത്തിയപ്പോൾ ബി.ജെ.പി.-ക്ക് കേരളത്തിലെ ഇടതു സർക്കാരിനെ താഴെയിറക്കുകയല്ലാതെ വേറെ വഴിയില്ലെന്നായി. മറ്റിടങ്ങളിൽ അരങ്ങ് തകർക്കുന്ന ഇ.ഡി.-യെകൊണ്ട് മടയിൽ കനമില്ലാത്ത ഇടതുപക്ഷം ഭരിക്കുമ്പോൾ കേരളത്തെ തകർക്കാൻ കഴിയില്ലെന്നായതോടെ അതിനായി അവർ പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തിയിരിക്കുകയാണ്. കേരളത്തിലെ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് തുരങ്കം വയ്ക്കുക, അതിനായി കേരളത്തെ സാമ്പത്തികമായി ഞെക്കിക്കൊല്ലുക എന്നതാണത്.

പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തായിരുന്നു കേരളത്തിലുണ്ടായ മാറ്റം? യശഃശരീരനായ ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സർക്കാർ മുടക്കിയിട്ട പതിനെട്ട് മാസത്തെ പെൻഷൻ ഉൾപ്പെടെ കൊടുത്ത് 1600 രൂപ വീതം ക്ഷേമ പെൻഷൻ പാവപ്പെട്ട ജനതയ്ക്ക് ആശ്വാസമായി അവരുടെ കൈകളിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞു. ഏതാണ്ട് മൂന്നുലക്ഷം കുടുംബങ്ങൾക്ക് ലൈഫ് പദ്ധതിയിലൂടെ വീടുകളും ഫ്ലാറ്റുകളും നിർമ്മിച്ച് നൽകുന്ന നടപടി സ്വീകരിച്ചു. ഇതെല്ലാം വികസന പ്രവർത്തനമല്ലേ? കിഫ്ബി ഫണ്ടിലൂടെ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ പോലും മികവിന്റെ കേന്ദ്രങ്ങളായി മാറി. സ്കൂളുകളിൽ ചോർന്നൊലിച്ച് തകർന്നുവീഴാറായ കെട്ടിടങ്ങളുടെ സ്ഥാനത്ത് അംബരചുംബികളായ കെട്ടിടങ്ങളുൾപ്പെടെ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യം നമ്മുടെ സംസ്ഥാനത്ത് ഉറപ്പായി. മുൻ മുഖ്യമന്ത്രിയുടെ സ്കൂളും ഇതിൽപ്പെടും. കുട്ടികൾക്ക് മുടങ്ങാതെ ഉച്ചഭക്ഷണവും അവധിക്കാലത്ത് അരിയും നൽകി. നെൽ കർഷകർക്ക് രാജ്യത്ത് ഏറ്റവും ഉയർന്ന സംഭരണവില നൽകിയിരുന്നു. കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് വർഷങ്ങളുടെ കുടിശ്ശിക തീർത്ത് പെൻഷൻ നൽകി. ഏറ്റവുമധികം

ആളുകൾക്ക് സൗജന്യ ചികിത്സ, സൗജന്യ ചികിത്സ എന്നുപറയുമ്പോൾ നിങ്ങളുടെ കാലത്തെപ്പോലെ പാരസെറ്റമോളിനുപോലും സ്വകാര്യ മെഡിക്കൽ സ്റ്റോറുകളെ ആശ്രയിക്കേണ്ട സ്ഥിതി ഇന്നില്ല. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി മികച്ച രീതിയിൽ ചെലവഴിക്കുന്ന ദുരിതാശ്വാസ നിധിയായി മാറ്റി. നഷ്ടത്തിലേയ്ക്ക് കൂപ്പുകുത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭമുണ്ടാക്കുന്നു, നാഷണൽ ഹൈവേ, ഗെയ്ൽ പദ്ധതി, ഇടമൺ-കൊച്ചി പവർ ഹൈവേ, ഇങ്ങനെ നേട്ടങ്ങളുടെയും വികസന പ്രവർത്തനങ്ങളുടെയും ഒരു നീണ്ട പട്ടിക തന്നെയായിരുന്നു രണ്ട് കാലയളവിലുമായി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ സംസ്ഥാനത്ത് സൃഷ്ടിച്ചത്. എന്നാൽ പിണറായി വിജയൻ സർക്കാരിന് ജനസമ്മിതി കൂടുന്നതുകണ്ട് വിറളി പിടിച്ച ബി.ജെ.പി. നേതൃത്വം നൽകുന്ന കേന്ദ്രം കേരളത്തെ കഴുത്ത് മുറുക്കി കൊല്ലാനാണ് ശ്രമിക്കുന്നത്. ഞാൻ അതിനെ സംബന്ധിച്ച് ദീർഘമായി പറയുന്നില്ല.

നിങ്ങൾ ഇവിടെ നടത്തുന്ന പ്രചരണമെന്താണ്; ആ പ്രചരണത്തിന്റെ ഒരു ഭാഗമാണ് ഏറ്റവും അവസാനം ബഹുമാനപ്പെട്ട പ്രമേയാവതാരകൻ പറഞ്ഞ് അവസാനിപ്പിച്ചത്. 42 ലക്ഷം രൂപയുടെ തൊഴുത്ത്

നിർമ്മിച്ചിരിക്കുന്നുവെന്ന്. അസത്യ പ്രചാരണത്തിന് ഒരു അടിസ്ഥാനം വേണ്ടേ? തൊഴുത്ത് മുൻ മുഖ്യമന്ത്രിയുടെ കാലത്തുമുണ്ടായിരുന്നു. അവിടെ നേരത്തെ മതിലുണ്ടായിരുന്നു. യുവ മോർച്ചാ പ്രവർത്തകർ ആ മതിൽ ചാടിക്കടക്കാൻ ശ്രമിച്ചപ്പോഴാണ് സുരക്ഷാ കാരണങ്ങളാൽ മതിൽ പുതുക്കിപ്പണിയാനും അതിനോടൊപ്പം നേരത്തെയുണ്ടായിരുന്ന തൊഴുത്ത് പുതുക്കിപ്പണിയാനും തീരുമാനിച്ചത്. രണ്ടിനുംകൂടി 42 ലക്ഷം രൂപ ചെലവ്. കേരളത്തിലെ മാർക്സിസ്റ്റ് വിരുദ്ധ ജ്വരം ബാധിച്ച ചില മാധ്യമങ്ങളുണ്ട്, ഞാൻ പേരൊന്നും പറയുന്നില്ല, എല്ലാവർക്കും അറിയാവുന്നതാണ് മാർക്സിസ്റ്റ്കാരും കമ്മ്യൂണിസ്റ്റുകാരും രാജ്യത്ത് അധികാരത്തിൽ വന്നാൽ വിഷം കുടിച്ച് ആത്മഹത്യ ചെയ്യുമെന്ന് പരസ്യമായി പറഞ്ഞ കുടുംബക്കാരുടെ മാധ്യമം, അവർ 42 ലക്ഷംരൂപ എന്നുപറയുന്നത് തൊഴുത്തിനുമാത്രമായി മാറ്റി, അതിനോടൊപ്പമുള്ള മതിലിന്റെ കാര്യം ബോധപൂർവ്വം വിസ്മരിച്ചു. നിങ്ങളത് ഏറ്റുപിടിച്ച് ഈ നാടാകെ വലിയ പ്രചരണം നടത്തുകയാണ്.

വാഹനങ്ങളുടെ കാര്യത്തെക്കുറിച്ച് ഓരോരുത്തർക്കും തോന്നിയത് പറയുകയാണ്. നാല് വാഹനങ്ങളാണ് കേരളത്തിലെ മുഖ്യമന്ത്രിക്ക് എസ്കോർട്ടായുള്ളത്. ഞാൻ ഈ അടുത്തകാലത്ത് കർണ്ണാടക

സംസ്ഥാനത്തെ കോൺഗ്രസ്സിന്റെ മുഖ്യമന്ത്രിയുടെ യാത്ര ഒരു വീഡിയോയിലൂടെ കണ്ടു, നാൽപതൊന്നുമല്ല വാഹനങ്ങൾ, എന്തൊരു യാത്രയാണ് കോൺഗ്രസ്സ് മുഖ്യമന്ത്രി അവിടെ നടത്തുന്നത്. രാജസ്ഥാനിലെ മുഖ്യമന്ത്രിയുടെ പൂർണ്ണകായ ചിത്രം കാണാതെ നമുക്ക് ഒരു ദിവസം പത്രം വായിക്കാൻ സാധിക്കുമോ; പല ദിവസങ്ങളിലും കേരളത്തിലെ പത്രങ്ങളിൽ രാജസ്ഥാൻ മുഖ്യമന്ത്രിയുടെ ചിത്രം വരുന്നുണ്ട്; ഇത് വല്ലതും ഈ നാട്ടിൽ നടക്കുന്നുണ്ടോ? വ്യാജപ്രചരണങ്ങൾ നടത്തി ജനങ്ങളുടെ മനസ്സിൽ വിഷലിപ്തമായൊരു സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള പരിശ്രമമാണ് യഥാർത്ഥത്തിൽ പ്രതിപക്ഷം നടത്തുന്നത്. നമ്മുടെ സംസ്ഥാനം മുന്നേറിയ കാഴ്ച നിങ്ങൾ കാണുന്നില്ല; നിങ്ങൾ നുണകൾ ആവർത്തിക്കുകയാണ്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ കഴിഞ്ഞ വർഷം 12.01% എന്ന പതിറ്റാണ്ടിലേറ്റവും വലിയ വളർച്ച നേടിയത് പ്രതിപക്ഷാംഗങ്ങളും പ്രമേയാവതാരകനും അറിഞ്ഞില്ല. ഈ വളർച്ച മലയാളികൾ കള്ള് കുടിച്ചിട്ടോ കേരളത്തിലെ മുഴുവൻ ആളുകളുംകൂടി ലോട്ടറിയെടുത്തിട്ടോ നേടിയെടുത്തതല്ല. എന്നാൽ സംസ്ഥാനത്തിന്റെ ഈ വളർച്ചയുടെ സൂത്രം സാമ്പത്തികമാന്ദ്യം ഇപ്പോഴും തുടരുന്ന മറ്റുസംസ്ഥാനങ്ങൾക്ക്

പറഞ്ഞുകൊടുക്കേണ്ട സ്ഥിതിവിശേഷമാണുള്ളത്. കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് പ്രധാന ഊർജ്ജമായത് എന്താണെന്ന് നമ്മൾ കാണേണ്ടതാണ്. ഏറ്റവും വലിയ വളർച്ച നേടിയത് ടൂറിസം മേഖലയാണ്. 114% വളർച്ചയാണ് ഹോട്ടലുകളിലും അനുബന്ധ സർവ്വീസുകളിലും ടൂറിസം മേഖലയിലുമുണ്ടായത്. അതിന് പ്രധാന പങ്ക് വഹിച്ചത് കിഫ്ബിയുൾപ്പെടെ വഴി അടിസ്ഥാനസൗകര്യവികസനത്തിൽ നടത്തിയ നിക്ഷേപമാണ്. എത്ര കോടി രൂപയാണ് ഈയിനത്തിൽ ചെലവഴിച്ചത്? ഏതാണ്ട് 80,000 കോടിയോളം രൂപ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി സംസ്ഥാനത്ത് വിനിയോഗിച്ചതിലൂടെ നല്ല റോഡുകളും സ്കൂളുകളും ഉണ്ടാകുന്നുവെന്ന് മാത്രമല്ല, അവ നിർമ്മിക്കുന്നതിലൂടെ പണം സമ്പദ്‌വ്യവസ്ഥയിൽ എത്തുകയും അവയുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി അനുബന്ധ സംരംഭങ്ങളും തൊഴിലവസരങ്ങളും ഇവിടെ സൃഷ്ടിക്കുന്നുവെന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത്. സംരംഭക വർഷത്തിന്റെ ഭാഗമായി 5,400 കോടി രൂപയിലധികം നിക്ഷേപം നടത്താനും 1.9 ലക്ഷത്തിലധികം തൊഴിലുകൾ സൃഷ്ടിക്കാനും കഴിഞ്ഞു. കഴിഞ്ഞ കുറച്ച് വർഷങ്ങളായി തുടർച്ചയായി ഇന്ത്യയിലെ ഏറ്റവും മികച്ച സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റമുള്ള സംസ്ഥാനം

കേരളമാണ്. ഐ.ടി. മേഖലയിൽ വലിയ കുതിപ്പാണ് നമ്മുടെ സംസ്ഥാനം നടത്തുന്നത്. പുതിയ കാമ്പസുകൾ വരുന്നു. ടെക്നോപാർക്കിന്റെ വികസനം ഒന്നും രണ്ടും മൂന്നും ഘട്ടം കഴിഞ്ഞ് നാലാം ഘട്ടത്തിലേയ്ക്ക് കടക്കുകയാണ്. ഇരുപതിനായിരം പേർക്ക് തൊഴിൽ നൽകുന്ന ഇന്ത്യയിലെ ഏറ്റവും വലിയ കാമ്പസായ ഇൻഫോസിസ് ടെക്നോപാർക്ക് നാലാം ഘട്ടത്തിൽ ആരംഭിക്കുന്ന ഏറ്റവും ശ്രദ്ധേയമായ കാഴ്ച നമ്മൾ കാണുന്നുണ്ട്. അങ്ങനെ വികസനത്തിന്റെ കാര്യത്തിൽ സംസ്ഥാനം മുന്നോട്ടുപോകുന്ന സാഹചര്യത്തിലാണ് നമ്മൾ നിൽക്കുന്നത്. ആ വികസനത്തെ മുരടിപ്പിക്കാനും തടയാനുമായി ബി.ജെ.പി.-ക്കും കേന്ദ്ര ഗവൺമെന്റിനും ഒപ്പം ചേർന്ന് നമ്മുടെ സംസ്ഥാനത്തിന് അർഹമായ വിഹിതങ്ങൾ വെട്ടിക്കുറയ്ക്കുന്ന നടപടികളെ പിന്തുണയ്ക്കുകയും അതിനുവേണ്ടി പ്രചാരണം നടത്തുകയും ചെയ്യുന്ന പ്രതിപക്ഷ നിലപാട് യഥാർത്ഥത്തിൽ തിരുത്താൻ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. പ്രതിപക്ഷത്തിന്റെ ഈ നീക്കം അപലപനീയമാണെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, കേരളത്തിന്റെ ആശങ്കാജനകമായ സാമ്പത്തികസ്ഥിതിയെ സംബന്ധിച്ച് ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച അടിയന്തരപ്രമേയം ചർച്ച ചെയ്യാൻ തീരുമാനിച്ചതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. കോൺഗ്രസ്സിൽനിന്നുള്ള 19 എം.പി.-മാർ ജയിച്ച വസ്തുത ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഇപ്പോഴും ഉൾക്കൊണ്ടിട്ടില്ല. കേരളത്തിൽ യു.ഡി.എഫിൽനിന്നും 19 എം.പി.-മാർ ജയിച്ചുവെന്നതിലുള്ള അദ്ദേഹത്തിന്റെ കടുത്ത നിരാശ ഇപ്പോഴും മാറിയിട്ടില്ല. കോൺഗ്രസ്സുകാർ ജയിക്കരുതെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. തിരുവനന്തപുരം മണ്ഡലത്തിൽ നിന്നുപോലും ഞങ്ങൾ ജയിച്ചതിൽ അദ്ദേഹം പ്രയാസപ്പെടുന്നുണ്ട്. ആ 19 എം.പി.-മാർ ജയിച്ച് ഡൽഹിയിൽ പോയത് ബി.ജെ.പി.-ക്കെതിരായ ശക്തമായ പോരാട്ടതിനായിരുന്നുവെന്ന് കഴിഞ്ഞ നാല് വർഷങ്ങളിലായി നടന്ന പ്രവർത്തനങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിയും. അവിടെ എൽ.ഡി.എഫിൽനിന്നും ഒരു എം.പി.-യാണുള്ളത്. ബാക്കി 18 പേരും ജനങ്ങളുടെ വികാരമാണ് അവിടെ ഉയർത്തിപ്പിടിച്ചത്. അത് മറന്നുകൊണ്ടാണ് അദ്ദേഹം സംസാരിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ വിളിച്ചപ്പോൾ അവർ

യോഗത്തിൽ പങ്കെടുത്തില്ലെന്ന്  പറഞ്ഞു. വിളിക്കേണ്ട രീതിയിൽ വിളിച്ചാൽ ഞങ്ങൾ പോകുകയും അതിൽ പങ്കെടുക്കുകയും ചെയ്യും. അതാണ് ചെയ്യേണ്ടത്. കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി എം.പി.-മാരുടെ യോഗം വിളിക്കുന്നത് ഓൺലൈനിലൂടെയാണ്. എത്രയോ നാളായി അദ്ദേഹം ഓൺലൈനിലൂടെ കാബിനറ്റ് മീറ്റിംഗുകൾ നടത്തുന്നു. നേരിട്ട് ആളുകളെ കാണാത്ത ഒരു വ്യക്തിയാണല്ലോ അദ്ദേഹം? എം.പി.മാരുടെ യോഗം ഓൺലൈനിലൂടെയാണ് വിളിക്കുന്നത്. കേരളത്തിലെ  എം.പി.-മാർ ഇത്രയും സ്തുത്യർഹമായ നിലയിൽ കേരളത്തിലെ ജനകീയ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചിട്ടുള്ള ചരിത്രമുണ്ടായിട്ടില്ലെന്നതാണ് സത്യം. എന്നിട്ടും നിരാശപൂണ്ട ശ്രീ. കടകംപള്ളി സുരേന്ദ്രൻ അവരെ ആക്ഷേപിക്കാനാണ് ശ്രമിക്കുന്നത്. ഞാൻ ഒരു കാര്യം ശ്രീ. കടകംപള്ളി സുരേന്ദ്രനെ ഓർമ്മിപ്പിക്കാൻ ആഗ്രഹിക്കുന്നു. 2024-ലെ തെരഞ്ഞെടുപ്പിൽ 20-ൽ 20 സീറ്റും യു.ഡി.എഫ്. നേടുമെന്ന കാര്യത്തിൽ തർക്കം വേണ്ട. കാരണം നിങ്ങളുടെ ജനവിരുദ്ധമായ നിലപാടുകളിന്മേൽ പുതുപ്പള്ളിയിലെയും തൃക്കാക്കരയിലെയും ജനങ്ങൾ നിങ്ങൾക്കൊരു പാഠം നൽകി. എന്നിട്ടും നിങ്ങൾ പഠിക്കുന്നില്ല, തെറ്റുകൾ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. കേരളം

ഏറ്റവും വലിയ സാമ്പത്തിക തകർച്ച നേരിടുന്ന ഈ കാലഘട്ടത്തിൽപോലും ഭരണകക്ഷിയംഗങ്ങൾ വസ്തുതകൾ മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ക്ലിഫ് ഹൗസിനെപ്പറ്റി പറഞ്ഞു. മുമ്പ് ഇവിടെയൊരു മുഖ്യമന്ത്രിയുണ്ടായിരുന്നു - കെ. കരുണാകരൻ. അദ്ദേഹത്തിന് അസുഖം ബാധിച്ച സന്ദർഭത്തിൽ നീന്തൽ പരിശീലിക്കാൻ ഡോക്ടർമാർ ഉപദേശിച്ചപ്പോൾ അവിടെയൊരു നീന്തൽക്കുളമുണ്ടാക്കി. അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന ഇ. കെ. നായനാർ പിന്നീട് മുഖ്യമന്ത്രിയായപ്പോൾ ആ നീന്തൽ കുളത്തിൽ പട്ടിയെ കുളിപ്പിക്കുമെന്ന് പറഞ്ഞു. ഇപ്പോൾ ക്ലിഫ്ഹൗസിൽ പട്ടിയാണോ കുട്ടിയാണോ കുളിക്കുന്നതെന്നാണ് എന്റെ ചോദ്യം. ഇപ്പോൾ 43 ലക്ഷം രൂപ മുടക്കി നീന്തൽക്കുളമുണ്ടാക്കി. അന്ന് ഇക്കാര്യങ്ങളെപ്പറ്റി നിങ്ങൾ വിമർശിച്ചതുകൊണ്ടാണ് ഇന്ന് ഞാൻ അക്കാര്യം പറയുന്നത്. ഞാൻ അതിനൊന്നും എതിരായിട്ടുള്ള ആളല്ല. ശ്രീ. വി. എസ്. അച്യുതാനന്ദനെപോലെ നൂറുവയസ്സുണ്ടായിരുന്ന ഒരു മുഖ്യമന്ത്രി നടന്നുകയറിയ ക്ലിഫ് ഹൗസിൽ ശ്രീ. പിണറായി വിജയനുവേണ്ടി 25 ലക്ഷം രൂപ ചെലവാക്കി ലിഫ്റ്റ് നിർമ്മിച്ചതിനെപ്പറ്റി ശ്രീ. കടകംപള്ളി

സുരേന്ദ്രൻ വളരെ ആഹ്ലാദത്തോടെയാണ് സംസാരിക്കുന്നത്. ശ്രീ. വി. എസ്. അച്യുതാനന്ദനും കെ. കരുണാകരനും ലിഫ്റ്റിന്റെ ആവശ്യമില്ലായിരുന്നു. ഇതെല്ലാം നിങ്ങൾ ഞങ്ങളെകൊണ്ട് പറയിപ്പിക്കുകയാണ്. കേരളത്തിലെ മുഖ്യമന്ത്രി കോട്ട കെട്ടി അതിനകത്ത് ഇരിക്കുകയാണ്. അവിടെ 43 ലക്ഷം രൂപയ്ക്ക് തൊഴുത്ത് നിർമ്മിക്കുകയും മുന്തിയയിനം പശുക്കളെ വാങ്ങുകയും ചെയ്തു. പശുക്കൾ പാൽ ചുരത്തുന്നതിനുവേണ്ടി ശ്രീ. എ. ആർ. റഹ്മാന്റെ പാട്ട് കേൾപ്പിക്കുന്നതിനുള്ള സംവിധാനം അവിടെ ഏർപ്പെടുത്തിയിരിക്കുന്നുവെന്നതാണ് സത്യം. ഇതെല്ലാം ഞങ്ങളെകൊണ്ട് വെറുതെ പറയിപ്പിക്കരുത്, ഞാൻ നിർത്തുകയാണ്. കേരളത്തിന്റെ സാമ്പത്തികരംഗത്തെ തകർത്ത് തരിപ്പണമാക്കിയ ആളുകളാണ് നിങ്ങൾ. സാമ്പത്തിക രംഗത്ത് നമ്മുടെ സംസ്ഥാനം എവിടെ നിൽക്കുന്നു. FRBM ആക്ടനുസരിച്ച് നിങ്ങൾക്ക് കടമെടുക്കാനുള്ള പരിധി ജി.ഡി.പി.-യുടെ 3% മാത്രമാണെന്ന് ഞങ്ങൾ നേരത്തെ പറഞ്ഞതാണ്. എന്നാൽ നിങ്ങൾ എന്താണ് ചെയ്തത്; കിഫ്ബിയെപ്പറ്റിയും നിങ്ങൾ ഇങ്ങനെ കടമെടുക്കരുതെന്നും ഈ രീതിയിൽ കടമെടുക്കുന്നത് ശരിയല്ലെന്നും മസാല ബോണ്ട് വാങ്ങുന്നത് ശരിയല്ലെന്നും

ഉയർന്ന പലിശയ്ക്ക് മസാല ബോണ്ടുകൾ വാങ്ങിയാൽ നിങ്ങൾക്കിത് തിരിച്ചടയ്ക്കേണ്ടതായി വരുമെന്നും സഭയിൽ ഞാൻ എത്രയോ പ്രാവശ്യം ഡോ. തോമസ് ഐസക്കിന് മുന്നറിയിപ്പ് നൽകിയതാണ്. നിങ്ങൾ ഇപ്പോൾ പലിശ കൊടുക്കുന്നതിനല്ലേ കടമെടുക്കുന്നത്; പലിശ കൊടുക്കാനല്ലാതെ എന്തിനാണ് നിങ്ങൾക്ക് സമയമുള്ളത്. ഏത് ഗവൺമെന്റിനും വികസനത്തിനുവേണ്ടി കടമെടുക്കേണ്ടതായി വരും. എന്നാൽ നിങ്ങളെപോലെ ലക്കും ലഗാനുമില്ലാതെ കടം വാങ്ങിയ ഒരു സർക്കാർ കേരളത്തിന്റെ ചരിത്രത്തിലുണ്ടായിട്ടില്ല. നിങ്ങൾ ഇങ്ങനെ കടം വാങ്ങുകയല്ലേ; വികസന പ്രവർത്തനങ്ങൾ സാക്ഷാത്കരിക്കുന്നതിനുവേണ്ടി രാജ്യവും സംസ്ഥാനവും കടമെടുക്കുന്നത് സാധാരണയാണ്. കടമെടുത്ത് നടത്തുന്ന വികസന പ്രവർത്തനങ്ങൾ ഭാവിയിൽ കടം വീട്ടാനുള്ള വരുമാനം നൽകുന്ന സാഹചര്യത്തിൽ വേണമെന്നുള്ളതാണ് വസ്തുത. നിങ്ങൾ എടുക്കുന്ന കടം ഏതെങ്കിലും വരുമാന വർദ്ധനവിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ടോ; ഇ. എം. എസ്. നമ്പൂതിരിപ്പാട് മുതൽ ഉമ്മൻ ചാണ്ടിവരെയുള്ള ഗവൺമെന്റുകൾ എടുത്ത കടം ഒന്നേമുക്കാൽ ലക്ഷം കോടി രൂപയാണ്. ഈ ഗവൺമെന്റ് ഏഴ് വർഷം കൊണ്ട് 4 ലക്ഷം കോടി

രൂപയായി കടം വർദ്ധിപ്പിച്ചിരിക്കുന്നു. നിങ്ങൾ ഏതെങ്കിലും തരത്തിലുള്ള വികസനം നടത്തിയോ? ഞങ്ങൾ കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, വിഴിഞ്ഞം പദ്ധതി, എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ, ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ഇല്ലാത്ത നിയോജകമണ്ഡലങ്ങളിൽ അവ ആരംഭിക്കുകയും ഇൻഫോ പാർക്ക് കൊണ്ടുവരികയും എല്ലായിടത്തും പ്ലസ് ടു അനുവദിക്കുകയും ചെയ്തു. നിങ്ങൾ എന്ത് ചെയ്തു. നിങ്ങൾ ഏത് വൻകിട വികസന പദ്ധതിയാണ് കേരളത്തിൽ നടപ്പാക്കിയത്; കേരളത്തിന്റെ വികസനത്തിനുവേണ്ടി എന്താണ് ചെയ്തത്? സ്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ചുവെന്ന് പറയുന്നു. കേരളത്തിൽ ആദ്യമായിട്ടാണോ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്; രാജഭരണ കാലത്തും കേരളത്തിൽ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടില്ലേ; നിങ്ങൾ പറയുന്നത് കേട്ടാൽ കേരളത്തിൽ ആദ്യമായിട്ടാണ് സ്കൂൾ കെട്ടിടങ്ങൾ നിർമ്മിച്ചതെന്ന് തോന്നും. ഏതുകാലത്താണ് എം.എൽ.എ. ആസ്തി വികസന ഫണ്ട് അനുവദിച്ചുതുടങ്ങിയത്; കെ. എം. മാണി ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടായി അഞ്ച് കോടി രൂപ അനുവദിച്ചത്. നിങ്ങൾ അതിൽ ഒരു

രൂപയെങ്കിലും കൂട്ടിയോ; പത്ത് വർഷം ധനകാര്യ വകുപ്പുമന്ത്രിയായി അധികാരത്തിലിരുന്ന ഡോ. ടി. എം. തോമസ് ഐസക്ക് ഇപ്പോൾ നിങ്ങളെ വിമർശിക്കുകയാണ്. ഭരണ സംവിധാനത്തെ വിമർശിച്ച അദ്ദേഹം പത്ത് വർഷക്കാലം ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന് ഇതൊക്കെ ചെയ്യാമായിരുന്നില്ലേ; അദ്ദേഹം സംസ്ഥാന കടത്തിന്റെ ഭാരം മുഴുവനും പാവം ശ്രീ. കെ. എൻ. ബാലഗോപാലിന്റെ തലയിൽ കയറ്റിവച്ചു. ഡോ. ടി. എം. തോമസ് ഐസക്ക് ജുബ്ബയുടെ നീളം അല്പം കൂട്ടിയെന്നല്ലാതെ അധികാരത്തിലിരുന്ന പത്ത് വർഷംകൊണ്ട് അദ്ദേഹം ഒന്നും ചെയ്തില്ല. എന്നിട്ട് ഇപ്പോൾ 'കാർഷിക വളർച്ച രൂക്ഷമായ മുരടിപ്പിൽ, സേവനനിലവാരത്തെ സംബന്ധിച്ച് ജനങ്ങളുടെ പരാതിയേറുന്നു, കോർപ്പറേറ്റ് മൂലധനത്തെ ആകർഷിക്കാൻ കഴിയുന്നില്ല, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നടക്കുന്നില്ല, ഉല്പാദനം വർദ്ധിക്കുന്നില്ല, പദ്ധതികൾ നീണ്ടുപോകുന്നു തുടങ്ങിയ കാര്യങ്ങൾ ഡോ. തോമസ് ഐസക്ക് പറയുന്നത് കേട്ട് ഞാൻ അത്ഭുതപ്പെട്ടിരിക്കുകയാണ്. പത്ത് വർഷം ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ അദ്ദേഹം ഒന്നും ചെയ്യാതെ ഇപ്പോൾ നിങ്ങളെ അദ്ദേഹം വിമർശിക്കുകയാണ്. 'ചിന്ത' വാരികയിൽ ഡോ. ടി. എം. തോമസ്

ഐസക്ക് എഴുതിയ ഈ ലേഖനം സർക്കാരിനെതിരായിട്ടുള്ള കുറ്റപത്രമെന്ന് ഞാൻ പറയേണ്ട ആവശ്യമില്ല. അദ്ദേഹം പറയുന്ന കാര്യങ്ങൾ ഓർത്തെടുത്താൽ മതി. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ജനവിഭാഗമായ സർക്കാർ ജീവനക്കാർക്ക് 4.2 ലക്ഷം രൂപ വരെയാണ് നഷ്ടമുണ്ടായിരിക്കുന്നത്. അവർക്ക് 18 ശതമാനം ക്ഷാമബത്ത കൊടുക്കാനുണ്ട്. അതിനെതിരെ നിങ്ങളുടെ എൻ.ജി.ഒ. യൂണിയൻ സമരം ചെയ്യാത്തത് എന്തുകൊണ്ടാണ്? അവരിപ്പോൾ സർക്കാരിന് അനുകൂലമായി മംഗളപത്രമെഴുതിക്കൊണ്ടിരിക്കുകയാണ്. ജോയിന്റ് കൗൺസിലുകാർ മംഗള പത്രമെഴുതുകയാണ്. യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തായിരുന്നുവെങ്കിൽ ഇവിടെ എന്തായിരുന്നു നടക്കാൻ പോകുന്നത്; 18 ശതമാനം ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ 4.2 ലക്ഷം രൂപ കൊടുക്കാനുണ്ടായിട്ട് ഒരക്ഷരംപോലും നിങ്ങൾ മിണ്ടുന്നില്ലല്ലോ; സ്കൂളുകളിൽ ഉച്ചഭക്ഷണത്തിന് കൊടുക്കാൻ പണമില്ല. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഹെലികോപ്ടർ വാങ്ങാൻ 80 ലക്ഷം രൂപ ചെലവഴിക്കുന്നു. എന്ത് നാടാണിത്; എന്ത് ഭരണമാണിത്? ഈ സംസ്ഥാനത്തെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ തലയിൽ കൂടുതൽ നികുതിഭാരം

അടിച്ചേൽപ്പിച്ചു. വെള്ളക്കരവും വൈദ്യുതി ചാർജ്ജും വർദ്ധിപ്പിച്ചു. വൈദ്യുതി ചാർജ്ജ് ഇനിയും വർദ്ധിപ്പിക്കാൻ പോകുന്നുവെന്നാണ് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പറയുന്നത്. ബസ് ചാർജ്ജ് എത്ര തവണ വർദ്ധിപ്പിച്ചു. ഭൂമിയുടെ കരവും രജിസ്ട്രേഷനും നിങ്ങൾ ക്രമാതീതമായി വർദ്ധിപ്പിച്ചു. പെട്രോളിനും ഡീസലിനും വീണ്ടും രണ്ട് രൂപ വർദ്ധിപ്പിച്ചു. പെട്രോളിന്റെയും ഡീസലിന്റെയും വില കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചപ്പോൾ നിങ്ങൾ എന്തിനാണ് വർദ്ധിപ്പിച്ചത്? ഉമ്മൻ ചാണ്ടി മുഖ്യമന്ത്രി ആയിരുന്നപ്പോൾ മൂന്ന് തവണയാണ് ഇന്ധനവില വർദ്ധനവിലൂടെയുള്ള അധിക വരുമാനം വേണ്ടെന്ന് വച്ചത്. ഇവിടെ ശ്രീ. കെ. എൻ. ബാലഗോപാലും ഡോ. ടി. എം. തോമസ് ഐസക്കും ഈയിനത്തിൽ ഒരു രൂപ പോലും കുറയ്ക്കില്ലെന്ന് പറഞ്ഞു. ഈ നാട്ടിലെ ജനങ്ങളുടെ തലയിൽ കൂടുതൽ ഭാരം അടിച്ചേൽപ്പിച്ച് പാവപ്പെട്ടവനെ പിഴിഞ്ഞെടുക്കുന്ന ഈ പണം നിങ്ങൾ ധൂർത്തിനും അഴിമതിക്കുംവേണ്ടി ചെലവഴിക്കുകയാണ്. ഇവിടെ നടക്കുന്ന അഴിമതികൾ കേരളത്തിലെ ജനങ്ങൾ കാണുന്നുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ പ്രസംഗം കേട്ട് ഞാൻ അത്ഭുതപരതന്ത്രനായിപ്പോയി. അദ്ദേഹം ഈ പുതുപ്പള്ളി തെരഞ്ഞെടുപ്പ്

ഫലം കഴിഞ്ഞിട്ടും ഇങ്ങനെ പ്രസംഗിച്ചല്ലോ എന്നോർത്ത് സ്തബ്ധനായി ഞാനിവിടെ ഇരിക്കുകയായിരുന്നു. ഒരു തെറ്റും തിരുത്താൻ അദ്ദേഹം തയ്യാറാകുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ നിന്നുപോയ എം.പി. മാരെപ്പറ്റിയാണ് പറയുന്നത്. മുമ്പ് ഇവിടെ രണ്ട് മുഖ്യമന്ത്രിമാരുണ്ടായിരുന്നു. ഇ. കെ. നായനാരും ശ്രീ. വി. എസ്. അച്യുതാനന്ദനും. ഞാൻ എം.പി. ആയിരുന്ന സമയത്ത് കേന്ദ്ര അവഗണനയ്ക്കെതിരെ ഈ രണ്ടുപേരും ഡൽഹിയിൽ സത്യാഗ്രഹം നടത്തിയിരുന്നു. എന്തുകൊണ്ട് ശ്രീ. പിണറായി വിജയൻ അത്തരത്തിലൊരു സത്യാഗ്രഹം നടത്തുന്നില്ല? നടത്താത്തതിന്റെ കാരണമെന്താണെന്ന് ഇന്ന് ഞങ്ങൾക്ക് മനസ്സിലായി; 34-ാമത്തെ തവണയും ലാവ്‌ലിൻ കേസ് മാറ്റിവച്ചു. ആരാണ് ബി.ജെ.പി.-യോടൊപ്പം നിൽക്കുന്നത്; ആർക്കാണ് അവരുമായി കൂട്ടുകെട്ട്, ആർക്കാണ് അന്തർധാര, ആര് തമ്മിലാണ് യോജിപ്പ്? ഈ നിയമസഭയിൽ എന്നെങ്കിലും ശ്രീ. പിണറായി വിജയൻ എന്ന മുഖ്യമന്ത്രി ശ്രീ. അമിത്ഷായുടെയോ ശ്രീ. നരേന്ദ്ര മോഡിയുടെയോ പേര് പറഞ്ഞിട്ടുണ്ടോ? നിങ്ങൾ തമ്മിലാണ്

അന്തർധാര, നിങ്ങൾ തമ്മിലാണ് കൂട്ടുകെട്ട്. അതുകൊണ്ട് നിങ്ങൾ ഈ കേന്ദ്ര സർക്കാരിനെതിരെ വാചകമടിക്കുന്നതല്ലാതെ ഈ സർക്കാരിനെതിരെ സമരം ചെയ്യാൻ തയ്യാറുണ്ടോയെന്ന ചോദ്യമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ജി.എസ്.ടി. കോമ്പൻസേഷൻ വീണ്ടും വർദ്ധിപ്പിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടതാണ്. ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് നൽകുന്ന....

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ ചുരുക്കണം.....ദയവായി നിർത്തണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് നൽകുന്ന സഹായവിഹിതം വർദ്ധിപ്പിക്കണമെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുള്ളതാണ്. അത് നിങ്ങൾ പറഞ്ഞതുകൊണ്ടല്ല. ഞങ്ങൾ ധനകാര്യ കമ്മീഷന്റെ മുന്നിൽപ്പോയി വ്യക്തമായ ധാരണയോടെ ഫെഡറൽ സംവിധാനത്തിന്റെ ശക്തമായ മുന്നോട്ടുള്ള പ്രയാണത്തിനുവേണ്ടി നിൽക്കണമെന്നാവശ്യപ്പെട്ടിട്ടുള്ള ആളുകളാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. കേരളം നിങ്ങൾ കുളംതോണ്ടിയിരിക്കുകയാണ്. നിങ്ങൾ കേരളത്തെ തകർച്ചയിലേയ്ക്കെത്തിച്ചിരിക്കുകയാണ്. ശ്രീ. കെ. എൻ. ബാലഗോപാൽ,

ഭാവി തലമുറ നിങ്ങൾക്ക് മാപ്പ് തരില്ലെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, ഞാൻ ഈ അടിയന്തര പ്രമേയത്തെ ശക്തമായി എതിർക്കുകയാണ്. അടിയന്തരപ്രമേയ അവതരണത്തിലൂടെ യു.ഡി.എഫ് നിരന്തരമായി സെൽഫ് ഗോൾ അടിച്ചുകൊണ്ടിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ബി.ജെ.പി.-യും തമ്മിലുള്ള അന്തർധാരയെക്കുറിച്ച് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ പറഞ്ഞു. കഴിഞ്ഞ ദിവസമാണ് കോട്ടയം ജില്ലയിലെ കിടങ്ങൂർ പഞ്ചായത്തിൽ ബി.ജെ.പി.-യുടെ സഹായത്തോടുകൂടിയാണ് നിങ്ങൾക്ക് ഏറ്റവുമൊടുവിൽ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം ലഭിച്ചത്. ആരൊക്കെ തമ്മിലാണ് ചങ്ങാത്തമെന്ന് ഇനി പ്രത്യേകിച്ച് പറയേണ്ട കാര്യമില്ലല്ലോ? ശ്രീ. റോജി എം. ജോൺ മുതൽ ശ്രീ. രമേശ് ചെന്നിത്തല വരെ സംസാരിച്ചപ്പോൾ ഒരു കാര്യം ഞങ്ങൾക്ക് വ്യക്തമായി, ഇവർ ബി.ജെ.പി.-യുടെ രണ്ടാം ടീമാണ്. ബി.ജെ.പി.-യെ വിമർശിക്കുന്ന ഒരു പരാമർശവും ഇവർ നടത്തിയിട്ടില്ല. ബി.ജെ.പി.-യുടെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റാണ് ശ്രീ. റോജി എം. ജോൺ ഇവിടെ അവതരിപ്പിച്ചത്. കേന്ദ്രത്തിനെതിരെ ഒരു വാക്ക് പറയാൻ അവർ

തയ്യാറായില്ല. ആ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റാണ് ശ്രീ. റോജി എം. ജോൺ ഇവിടെ അവതരിപ്പിച്ചത്. ട്രഷറി പൂട്ടി, ട്രഷറി ഇപ്പോൾ പൂട്ടും, നാളെ പൂട്ടും എന്നൊക്കെയുള്ള വാദങ്ങളാണ് പ്രതിപക്ഷം ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. എവിടെയാണ് പൂട്ടിയത്; എന്നാൽ ട്രഷറി പൂട്ടിയിട്ടുണ്ട്. അത് ആരുടെ കാലത്താണ്? യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് കേരളത്തിൽ ട്രഷറി പൂട്ടിയിട്ടുണ്ടെന്ന് മാത്രമല്ല, അത് പലപ്പോഴും തുറന്നിട്ടുമില്ല. അത്രയ്ക്ക് സാമ്പത്തിക പ്രതിസന്ധിയായിരുന്നു. ഇവിടെ കടമെടുപ്പിനെ സംബന്ധിച്ച് പറഞ്ഞു. കടമെടുക്കാതെ എതെങ്കിലുമൊരു സർക്കാരിന് പ്രവർത്തിക്കാൻ കഴിയുമോ? നിങ്ങളുടെ കാലത്ത് കടമെടുത്തിട്ടില്ലേ; കേന്ദ്ര ഗവൺമെന്റ് കടമെടുക്കുന്നില്ലേ? ഏത് സംസ്ഥാന സർക്കാരിനാണ് കടമെടുക്കാതെ പ്രവർത്തിക്കാൻ കഴിയുന്നത്? ഇന്നത്തെ 'ടൈംസ് ഓഫ് ഇന്ത്യ' നിങ്ങൾ വായിച്ചു കാണുമെന്നാണ് ഞാൻ കരുതുന്നത്. 'വീക്ഷണം' മാത്രം വായിച്ചാൽ പോരാ. 'കേരളത്തിന്റെ നികുതി നിരക്കെന്ന് പറയുന്നത് ആഫ്രിക്കൻ രാജ്യത്തിന് തുല്യം. പക്ഷേ, കേരളത്തിന്റെ ക്ഷേമപ്രവർത്തനമെന്ന് പറയുന്നത് സ്കാന്റിനേവിയൻ രാജ്യത്തിന് തുല്യം', എന്നാണ് ടൈംസ് ഓഫ് ഇന്ത്യയിൽ പറയുന്നത്. (ടൈംസ് ഓഫ് ഇന്ത്യ പത്രം ഉയർത്തിക്കാട്ടി)

നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ വികസനം നടക്കുന്ന സംസ്ഥാനം കേരളമാണെന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയില്ലേ? ശ്രീ. രമേശ് ചെന്നിത്തല പ്രസംഗിച്ചപ്പോൾ സ്കൂൾ കെട്ടിടങ്ങളൊക്കെ എല്ലാ കാലത്തുമുണ്ടായിട്ടുണ്ടെന്ന് പറഞ്ഞു. ഒരു കാര്യം നിങ്ങൾ മറക്കരുത്; നിങ്ങൾ ഭരിക്കുന്ന കാലത്ത് ലാഭകരമല്ലെന്ന് പറഞ്ഞ് കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂട്ടുന്ന സമീപനമാണ് സ്വീകരിച്ചത്. ഈ ഗവൺമെന്റിന്റെ കാലത്ത് വിദ്യാഭ്യാസ മേഖലയ്ക്ക് കോടിക്കണക്കിന് രൂപ നൽകുകയും കെട്ടിടങ്ങൾ നവീകരിക്കുകയും, ക്ലാസ് മുറികൾ ഹൈടക്കാക്കി മാറ്റുകയും ചെയ്തു. എൽ.ഡി.എഫ്.സർക്കാരിന്റെ കാലത്ത് പൂട്ടാൻ ആലോചിച്ച പൊതുവിദ്യാഭ്യാസ സ്ഥാപനത്തിൽ കഴിഞ്ഞ ഏഴ് വർഷക്കാലംകൊണ്ട് പത്ത് ലക്ഷത്തിലധികം വിദ്യാർത്ഥികളാണ് പ്രവേശനം നേടിയത്. ഇതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ നിലപാട്. സംസ്ഥാനത്തെ ആരോഗ്യമേഖലയിലും ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട്. എൽ.ഡി.എഫ്. ഭരണകാലത്ത് ആവശ്യത്തിന് ഡോക്ടർമാരില്ല, നഴ്സുമാരില്ല, സ്റ്റാഫില്ല, മരുന്നില്ല. ഇപ്പോഴത്തെ സ്ഥിതി അങ്ങനെയാണോ? കണക്കുകൾ പരിശോധിക്കുമ്പോൾ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ സർക്കാർ

ആശുപത്രിയെ സമീപിക്കുന്ന സംസ്ഥാനം കേരളമാണ്. പണം എങ്ങനെ ചെലവഴിക്കുന്നുവെന്നൊക്കെയാണ് നിങ്ങൾ ചോദിക്കുന്നത്. ലൈഫ് പദ്ധതിയിൽ നിങ്ങളുടെ കാലത്ത് എത്ര വീടുകൾ നൽകിയെന്ന് നിങ്ങൾക്കറിയാമല്ലോ; 3,50,000 വീടുകൾ പൂർത്തീകരിച്ച് നൽകിയ സർക്കാരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. 1,16,000 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതുകൂടി കണക്കാക്കുമ്പോൾ പാവപ്പെട്ട ആളുകൾക്ക് അന്തിയുറങ്ങാൻ ലൈഫ് പദ്ധതിയിലൂടെ 4,16,000 വീടുകൾ നിർമ്മിച്ച് നൽകിയ സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. ഇതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ വികസനമെന്ന് പറയുന്നത്. ക്ഷേമപെൻഷനുകളുടെ കാര്യത്തെക്കുറിച്ച് നിങ്ങൾ ഇന്നലെ എന്തൊക്കെയോ പറഞ്ഞു. പെൻഷന്റെ കാര്യത്തിൽ നിങ്ങളുടെ സർക്കാർ എന്ത് സമീപനമാണ് സ്വീകരിച്ചത്. 600 രൂപ വീതം നൽകിയിരുന്ന ക്ഷേമ പെൻഷനുകൾ 18 മാസക്കാലം കുടിശ്ശിക വരുത്തിയ സർക്കാരാണ് യു.ഡി.എഫ്.. അത് 1600 രൂപയായി വർദ്ധിപ്പിക്കുകയും കേരളത്തിലെ 60 ലക്ഷം ആളുകൾക്ക് മുടങ്ങാതെ പെൻഷൻ നൽകുകയും

അതിലൂടെ അവർക്കാശ്വാസമേകുകയും ചെയ്യുന്ന ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഇതാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ. കെ.എസ്.ആർ.ടി.സി. ലാഭകരമല്ല, തകരുന്നുവെന്നൊക്കെ നിങ്ങൾ പറഞ്ഞു. നിങ്ങളുടെ കാലത്ത് കെ.എസ്.ആർ.ടി.സി.ക്ക് എത്ര രൂപ കൊടുത്തു. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-ക്ക് കൊടുത്തത് 1543 കോടി രൂപയാണ്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് 5000 കോടി രൂപയും ഇപ്പോൾ ഈ രണ്ട് വർഷക്കാലത്തിനിടയിൽ 4100 കോടി രൂപയും നൽകിയെന്ന് പറയുമ്പോൾ ഏഴ് വർഷക്കാലം കൊണ്ട് 9100 കോടി രൂപ കെ.എസ്.ആർ.ടി.സി.ക്ക് നൽകിയ ഗവൺമെന്റാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. കേരളത്തിൽ എന്ത് വികസനം നടക്കുന്നുവെന്നാണ് ശ്രീ. രമേശ് ചെന്നിത്തല ചോദിച്ചത്. നിങ്ങളുടെ കാലത്ത് പരണത്ത് വച്ച വികസനമായിരുന്നു ദേശീയപാതാ വികസനം. കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ ആറുവരി പാതയായി ദേശീയപാതാ വികസനം നടപ്പാക്കുന്നത് കേരളത്തിന്റെ മുഖ്യമന്ത്രി, സഖാവ്

പിണറായി വിജയന്റെയും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെയും ഇച്ഛാശക്തിയുടെ പ്രതിഫലനമാണ്. ഇതാണ് കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന വികസന പ്രവർത്തനമെന്ന് പറയുന്നത്. ഈ നിയമസഭ സമ്മേളനത്തിന്റെ ആദ്യഘട്ടത്തിൽ മാവേലി കേരളത്തിൽ വരുമോ, കേരളത്തിലെ ജനങ്ങൾ ഓണം ഉണ്ണുമോ എന്നൊക്കെ നിങ്ങൾ ചോദിച്ചു. കേരളത്തിലെ ജനങ്ങൾ സുഭിക്ഷമായി ഓണമുണ്ണുമെന്ന് ഞങ്ങൾ പറഞ്ഞു. കേരളത്തിലെ പൊതു വിതരണ രംഗത്ത് 19,000 കോടി രൂപ പമ്പ് ചെയ്തുകൊണ്ടാണ് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചത്. 375 കോടി രൂപയുടെ വിൽപനയാണ് സപ്ലൈക്കോയിലൂടെ നടന്നതെന്ന് നിങ്ങൾ മനസ്സിലാക്കണം. ദേശീയ ശരാശരിയെക്കാൾ കുറഞ്ഞ വിലക്കയറ്റമാണ് കേരളത്തിലുള്ളതെന്ന് നിങ്ങൾ മറന്നുപോകരുത്. നിങ്ങൾ ഭരിക്കുന്ന സംസ്ഥാനങ്ങളടക്കം താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞ വിലക്കയറ്റനിരക്കാണ് കേരളത്തിലുള്ളത്. കേന്ദ്രം നമ്മളെ ശ്വാസംമുട്ടിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. 18,000 കോടി രൂപയാണ് ജി.എസ്.ടി. വിഹിതത്തിലും ഡെഫിസിറ്റ് ഗ്രാന്റിലുമടക്കം വെട്ടികുറച്ചത്. അതുപോലെ തന്നെ കടമെടുപ്പിന്റെ പരിധി അഞ്ച് ശതമാനം

എന്നത് മൂന്ന് ശതമാനമാക്കി കുറച്ചെങ്കിലും കേന്ദ്ര സർക്കാരിന് അത് ബാധകമല്ല. കേന്ദ്ര സർക്കാരിന്റെ കമ്മി 6.4 ശതമാനമാണ്. അവർ വിദേശത്തുനിന്നും നാട്ടിൽനിന്നുമൊക്കെ കടമെടുക്കുന്നതിന് യാതൊരുവിധ തടസ്സവുമില്ല. എന്നാൽ, കേരളം കടമെടുത്താൽ അവർക്ക് പ്രശ്നമാണ്. ചെലവുകൾ ചുരുക്കിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഇവിടെ യാതൊരു തരത്തിലുമുള്ള ധനകാര്യ കെടുകാര്യസ്ഥതയില്ല. 2021-2022-ൽ 47,000 കോടി രൂപയായിരുന്ന ജി.എസ്.ടി വരുമാനം 2022-2023 കാലയളവിൽ 70,000 കോടി രൂപയായി വർദ്ധിച്ചു, 23,000 കോടി രൂപയുടെ വർദ്ധനവാണുണ്ടായത്. ഇതല്ലേ മികച്ച ധനകാര്യ മാനേജ്മെന്റ്; എന്നിട്ടാണോ നിങ്ങൾ ധനകാര്യ കെടുകാര്യസ്ഥതയെന്നുള്ള തരത്തിൽ പറയുന്നത്? കേന്ദ്രം കേരളത്തെ ശ്വാസംമുട്ടിക്കാൻ ശ്രമിക്കുകയാണ്. പ്രളയകാലത്ത് സംസ്ഥാനത്തിന് നൽകിയ അരിയുടെ വിഹിതംപോലും ചോദിച്ചുവാങ്ങിയ ആളുകളാണ് കേന്ദ്ര സർക്കാർ. പെൻഷൻ ഇനത്തിൽ അറുന്നൂറ് കോടിയിലധികം രൂപ കേന്ദ്ര ഗവൺമെന്റ് നൽകാനുണ്ട്. സ്കൂളുകളിലെ ഉച്ചഭക്ഷണ വിതരണത്തിന്റെ കാര്യത്തിൽപോലും കേന്ദ്രം നൽകാനുള്ള പണം നൽകാതെ സംസ്ഥാനത്തെ ബുദ്ധിമുട്ടിക്കുന്ന

സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. നെൽകർഷകരെ സംബന്ധിച്ച കാര്യങ്ങളൊക്കെ ഇവിടെ എല്ലാവരും പറഞ്ഞു. നെൽകർഷകർക്ക് ഈ രാജ്യത്ത് ഏറ്റവും കൂടുതൽ സംഭരണവില കൊടുക്കുന്ന സംസ്ഥാനം കേരളമാണ്. 7.80 രൂപയാണ് കേരളം കൊടുക്കുന്നത്. ഇന്ത്യയിലെ കോൺഗ്രസ്സ് ഭരിക്കുന്ന സംസ്ഥാനങ്ങളടക്കം നെൽകർഷകർക്ക് ഈ പണം കൊടുക്കുന്നുണ്ടോ? 2017-2018 മുതൽ 2023 വരെ 644 കോടി രൂപയാണ് കേന്ദ്രം നൽകാനുള്ളത്. കേന്ദ്രം നൽകാനുള്ള പണമാണ് ബാങ്കുകളുടെ കൺസോർഷ്യം അവരെ സമീപിച്ച് കർഷകർക്ക് നൽകുന്ന രീതി സ്വീകരിക്കുന്നത്. കേരളത്തിൽ ഏതാണ്ട് 250373 കർഷകരുടെ നെല്ല് സംഭരിച്ച സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. 731184 ടൺ നെല്ല് ഈ സർക്കാർ സംഭരിച്ചു. 2070 കോടി രൂപയാണ് നൽകേണ്ടത്. 1975.71 കോടി രൂപ ഈ ഗവൺമെന്റ് കൊടുത്തുതീർത്തു. ഇനി നൽകാനുള്ള 95 കോടി രൂപ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇതുപോലെ മാതൃകാപരമായി ഏത് ഗവൺമെന്റാണ് നെൽകർഷകരുടെ കാര്യത്തിൽ ഒരു നിലപാട് സ്വീകരിച്ചിട്ടുള്ളത്?

മി. ചെയർമാൻ: അങ്ങേയ്ക്ക് പറയാൻ അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. പി. എസ്. സുപാൽ: സർ, അത്യാവശ്യമായി ഒന്നുരണ്ട് മിനിട്ടുകൂടി അനുവദിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഒരുപാട് കാര്യങ്ങൾ പറഞ്ഞു. റേഷൻ വിതരണവുമായി ബന്ധപ്പെട്ട് 600 കോടി രൂപയാണ് കേന്ദ്ര സർക്കാർ നൽകാനുള്ളത്. അതുപോലെ, വിവിധ മേഖലയുമായി ബന്ധപ്പെട്ട് കോടിക്കണക്കിന് രൂപ കേന്ദ്രം നമുക്ക് നൽകാനുണ്ട്. പക്ഷേ, ഇക്കാര്യത്തിൽ കേരളത്തിന് അർഹതപ്പെട്ടത് പിടിച്ചുവാങ്ങാൻ കേരളത്തിൽ നിന്നുള്ള യു.ഡി.എഫ്.-ന്റെ എം.പി.-മാർ എന്ത് നിലപാടാണ് സ്വീകരിക്കുന്നത്; നിങ്ങൾ അവിടെ എന്ത് ചെയ്യുന്നു; ഇവിടെ മുഖ്യമന്ത്രി വിളിച്ചുചേർത്ത എം.പി.-മാരുടെ യോഗത്തിൽ ഒരു സംയുക്ത പ്രസ്താവന നടത്തിക്കൊണ്ട് കേന്ദ്ര സർക്കാരിന്റെ നിലപാടിനെതിരെ ഒരു ജോയിന്റ് സ്റ്റേറ്റ്മെന്റ് ഒപ്പുവയ്ക്കാനും അത് കേന്ദ്ര ഗവൺമെന്റിന് ഒരുമിച്ച് സമർപ്പിക്കാനും തീരുമാനിച്ചു. അതൊക്കെ സമ്മതിച്ചുപോയ കോൺഗ്രസിന്റെ എം.പി.-മാരെ പിന്നെ കാണാതായത് എന്തുകൊണ്ടാണ്? അതാണ് ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞ

ബി.ജെ.പി.-യും കോൺഗ്രസും യു.ഡി.എഫ്.-ഉം തമ്മിലുള്ള അണ്ടർസ്റ്റാൻഡിംഗ്.

മി. ചെയർമാൻ: അങ്ങ് ദയവായി നിർത്തുക. അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. പി. എസ്. സുപാൽ: സർ, ............. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. എനിക്ക് അധിക സമയം ആവശ്യമില്ല. ഒറ്റവാചകത്തിൽ ഞാൻ അവസാനിപ്പിക്കാം. അടുത്ത പാർലമെന്റ് തെരഞ്ഞെടുപ്പിൽ 20 സീറ്റും കോൺഗ്രസ് നേടുമെന്ന് ശ്രീ. രമേശ് ചെന്നിത്തല ഇവിടെ പറഞ്ഞു. സ്വപ്നലോകത്തെ ബാലഭാസ്കരനാണ് അദ്ദേഹം. പുതുപ്പള്ളി നിയോജകമണ്ഡലത്തിന്റെ കാര്യം ഇവിടെ പറഞ്ഞു. ആ തെരഞ്ഞെടുപ്പ് നടത്താനുണ്ടായ സാഹചര്യം നമുക്കറിയാം. നേരത്തെ ഒരു പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ നിങ്ങൾ 19 സീറ്റിൽ വിജയിച്ചു. അതുകഴിഞ്ഞ് ഒരു പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടന്നപ്പോൾ 14 ജില്ലകളിലും നിങ്ങൾ പരാജയപ്പെട്ടു. അതുകഴിഞ്ഞ് നിയമസഭാ തെരഞ്ഞെടുപ്പ് ഇവിടെ നടന്നപ്പോൾ 99 സീറ്റുകൾ നേടി തുടർഭരണം നേടിയ ഗവൺമെന്റാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ്. അതുകൊണ്ട്

വരാൻ പോകുന്ന പാർലമെന്റ് തെരഞ്ഞെടുപ്പ് നിങ്ങൾക്കൊരു വാട്ടർലൂ ആയി മാറുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ശക്തിയോടെ മുന്നോട്ടുപോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഞാൻ ഈ പ്രമേയത്തെ ശക്തമായി എതിർക്കുകയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, തെരഞ്ഞെടുപ്പിൽ ആരെങ്കിലും ജയിക്കട്ടെ, ഇനിയും സമയമുണ്ടല്ലോ; അത് നമുക്ക് നോക്കാം. പക്ഷെ ഇപ്പോഴത്തെ പ്രശ്നം, ഇവിടെ സാമ്പത്തിക പ്രതിസന്ധിയുണ്ട് എന്നുള്ളതാണ്. സാമ്പത്തിക പ്രതിസന്ധി ഇല്ലെന്നാണോ ഗവൺമെന്റ് പറയുന്നത്; സാമ്പത്തിക പ്രതിസന്ധിയുണ്ടെന്നും കാര്യങ്ങൾ നേരാംവണ്ണം നടക്കുന്നില്ലെന്നും പ്രതിപക്ഷം പറയുമ്പോൾ ഭരണപക്ഷത്തിരുന്ന് മന്ത്രിമാർ അത് കുറെയൊക്കെ ശരിയാണല്ലോ, ഞങ്ങളുടെ വകുപ്പുകളിലൊന്നും കാശില്ലല്ലോ എന്ന ഭാവത്തിൽ അന്തംവിട്ട് ഇരിക്കുന്നത് ഞങ്ങൾ കാണുന്നുണ്ട്. കാര്യങ്ങളൊന്നും നടത്താൻ കാശില്ല എന്നുള്ളത് അറിയാത്തവരായി ആരാണുള്ളത്? 2016-ൽ നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ ഒരു ധവളപത്രം ഇറക്കിയിരുന്നു. ആ ധവളപത്രത്തിൽ

പറഞ്ഞിരുന്നത് ഇങ്ങനെ പോകുകയാണെങ്കിൽ 2021 ആകുമ്പോഴേയ്ക്കും സ്ഥിതി ഭയാനകമാകുമെന്നാണ്. യഥാർത്ഥത്തിൽ ഇപ്പോൾ ഏതാണ്ട് ഭയാനകമായ ഒരു സ്ഥിതി ആയില്ലേ? അല്ലാതെ നിങ്ങൾ പറയുന്നതുപോലെ, പണമുണ്ടെങ്കിൽ പിന്നെ എന്തുകൊണ്ടാണ് കാര്യങ്ങളൊന്നും നടക്കാത്തത്? കേരളം ഇപ്പോഴും മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെ നിലവാരമുള്ള, മെച്ചപ്പെട്ട വിദ്യാഭ്യാസമുള്ള, സാമ്പത്തിക സ്ഥിതിയുള്ള ഒരു സംസ്ഥാനമാണെന്നാണ് നിങ്ങൾ പറയുന്നത്. ഇതൊരു ദിവസം കൊണ്ടുണ്ടായതാണോ? 1990-ൽ കെ. കരുണാകരൻ ഗവൺമെന്റിന്റെ കാലത്ത് ഞാൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്നു. വിദേശ രാജ്യങ്ങളിൽ കേരളത്തിലെ അവസരങ്ങളെക്കുറിച്ചുള്ള പ്രെസന്റേഷൻ അവതരിപ്പിക്കാൻ ഞാൻ പോകുമ്പോൾ നമ്മുടെ നേട്ടങ്ങളായി പറഞ്ഞിരുന്നത് മെച്ചപ്പെട്ട ജീവിത നിലവാരമുള്ള സംസ്ഥാനം, ഏറ്റവും കൂടുതൽ ആയുർദൈർഘ്യമുള്ള സംസ്ഥാനം, ഉയർന്ന സാക്ഷരതയുള്ള സംസ്ഥാനം, ഏറ്റവും കൂടുതൽ ആരോഗ്യ-അടിസ്ഥാന സൗകര്യമുള്ള സംസ്ഥാനം, ടൂറിസ്റ്റ് ഡെസ്റ്റിനേഷനുള്ള സംസ്ഥാനം എന്നൊക്കെയാണ്. ഇപ്പോൾ അങ്ങനെയുള്ള നിലവാരം ക്രമേണ താഴേയ്ക്ക് പോയ്ക്കൊണ്ടിരിക്കുകയാണ്.

അത് ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിമാരും മനസ്സിലാക്കുന്നില്ലേ; അരോഗ്യമേഖല പരിശോധിക്കുകയാണെങ്കിൽ, ആരോഗ്യമേഖലയിൽ മുമ്പ് നൽകിയിരുന്ന അതേ സേവനം ഇപ്പോൾ ഗവൺമെന്റ് മേഖലയിൽ സൗജന്യമായി നൽകാൻ സാധിക്കുന്നുണ്ടോ; ആശുപത്രികൾക്ക് കൃത്യമായി പണം കൊടുക്കാത്തതുകൊണ്ട് ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കിയിരുന്ന കാരുണ്യ സ്കീമും മറ്റുള്ള സ്കീമുകളും നിർത്തുകയല്ലേ ചെയ്തത്; അതിനെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. ആശുപത്രികൾക്ക് പണം നൽകാത്തതുകൊണ്ട് വളരെ മെച്ചപ്പെട്ട ചികിത്സാ സംവിധാനങ്ങൾ നിലച്ചുപോകുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യം പരിശോധിക്കണം. കേന്ദ്രത്തിൽനിന്ന് കിട്ടുന്നത് വാങ്ങുകയും അതിൽനിന്ന് ചെലവഴിക്കുകയും അതിനുശേഷം കേന്ദ്രത്തിനെയും മറ്റും പരിദേവനം പറയുകയും ചെയ്യുന്നു. ഇങ്ങനെയിരുന്നിട്ട് കാര്യമുണ്ടോ; ഇതിന് എന്തെങ്കിലുമൊരു വഴികാണണ്ടേ; ഇന്നലെയും ജീവനക്കാരുടെ സമരം ഇവിടെ ഉണ്ടായിരുന്നു. ഞങ്ങളെല്ലാവരും പോയിരുന്നു. ജീവനക്കാർ പറയുന്നത് പെൻഷൻ കുടിശ്ശിക ലഭിക്കാതെ കുറച്ച് ആളുകൾ മരണപ്പെട്ടുവെന്നാണ്. അതുപോലെ ജീവനക്കാർക്ക് ഡി.എ.-യും മറ്റുള്ള

ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല. സാമ്പത്തിക പ്രതിസന്ധിയായിരിക്കാം കാരണം. ഇങ്ങനെ പോയാൽ കേരളത്തിന്റെ സ്റ്റാൻഡേർഡ് പോകില്ലേ, തകരില്ലേ; ഓരോ കാര്യങ്ങളും താഴോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. നെൽ കർഷകർക്ക് ആനുകൂല്യങ്ങൾ നൽകാൻ സാധിക്കുന്നുണ്ടോ; ഇവിടെ മാർക്കറ്റ് ഇന്റർവെൻഷൻ നടത്താൻ കോടിക്കണക്കിന് രൂപ നൽകിയെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. എസ്. സുപാൽ സൂചിപ്പിച്ചു. ഇത്തവണ ശരിയായ രീതിയിൽ തുക വിതരണം ചെയ്യാൻ സിവിൽ സപ്ലൈസ്, കൃഷി വകുപ്പുമന്ത്രിമാർക്ക് സാധിച്ചോ; പഴയതുപോലെ മാർക്കറ്റ് ഇന്റർവെൻഷൻ നടത്താനും ആനുകൂല്യങ്ങൾ കൊടുക്കാനും സാധിക്കുന്നില്ല. ഓരോ തവണയും ഡെവലപ്പ്മെന്റ് വർക്കിന് സാമാജികർ ഗവൺമെന്റിനെ സമീപിക്കുമ്പോൾ നിങ്ങൾ ഫണ്ടില്ലെന്ന് പറഞ്ഞുകൊണ്ടിരിക്കുകയല്ലേ; സത്യം പറഞ്ഞാൽ, ധനകാര്യ വകുപ്പുമന്ത്രി ഗവൺമെന്റ് എന്ന ഈ ഷോ നടത്താൻ തീർത്തും ബുദ്ധിമുട്ടുകയാണ്. ഇത് മുമ്പോട്ട് കൊണ്ടുപോകാനുള്ള വരുമാന മാർഗ്ഗങ്ങളെക്കുറിച്ച് ചിന്തിക്കേണ്ട അവസ്ഥയിലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി. എല്ലാ മേഖലകളിലും ഒരുപാട് പ്രശ്നമുണ്ടെന്നാണ് ഡോ. ടി. എം. തോമസ് ഐസക്കും പറയുന്നത്.

വ്യവസായ വകുപ്പുമന്ത്രിയുടെ പരിധിയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പഴയതുപോലെ ഫണ്ട് നൽകാൻ സാധിക്കുന്നുണ്ടോ; സർക്കാർ പൊതുമേഖലയ്ക്ക് ഫണ്ട് നൽകുന്നില്ല. എല്ലാ മേഖലയും ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് ഞങ്ങൾ നിവേദനങ്ങൾ സമർപ്പിക്കുമ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കഴിയുന്നതുപോലെ സഹായം ലഭ്യമാക്കുന്നുണ്ടെങ്കിലും പൂർണ്ണമായും ലഭ്യമാക്കാൻ അദ്ദേഹത്തിനും സാധിക്കുന്നില്ല. പൊതുമരാമത്ത് വകുപ്പുമന്ത്രിയും കാര്യങ്ങൾ ചെയ്യാൻ ശ്രമിക്കുന്നുണ്ട്. നിങ്ങളെ കൊണ്ട് സാധിക്കണ്ടേ; കയ്യിൽ പണമില്ല; അതാണ് വിഷയം. മലബാറിൽ പ്ലസ് ടുവിന് അറുപത്തിയഞ്ചോളം കുട്ടികളാണ് ഒരു ക്ലാസിൽ ഇരുന്ന് പഠിക്കുന്നത്. എന്തുകൊണ്ട് നിങ്ങൾക്ക് ഈ സ്ഥിതിക്ക് മാറ്റംവരുത്താൻ സാധിക്കുന്നില്ല; പുതിയ പ്ലസ് ടു ബാച്ച് അനുവദിക്കാൻ സാധിക്കുന്നില്ല. വിദ്യാഭ്യാസത്തിന്റെ സ്റ്റാൻഡേർഡ് എവിടേയ്ക്കാണ് പോകുന്നത്; മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുന്നോട്ടുപോകുന്നുവെന്ന് പറയുമ്പോഴും അത് കാലങ്ങളായി വന്നിട്ടുള്ളതാണ്. ഇപ്പോൾ ആ സ്റ്റാൻഡേർഡ് താഴേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. മലബാർ പോലുള്ള പിന്നോക്ക ജില്ലകളിൽ

65 വിദ്യാർത്ഥികൾ ഒരു ക്ലാസ്സിൽ ഇരുന്ന് പഠിച്ചാൽ വിദ്യാഭ്യാസത്തിന്റെ സ്റ്റാൻഡേർഡ് താഴേയ്ക്ക് പോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇങ്ങനെ പോയാൽ ഇതും വലിയ പുലിവാലാകും. കേരളം ഇക്കാലമത്രയും അവകാശപ്പെട്ട നേട്ടങ്ങളെല്ലാം നഷ്ടമാകും. ഓരോ കാര്യങ്ങളെക്കുറിച്ചും ഞാൻ പറയുന്നില്ല. സമസ്ത രംഗങ്ങളും ശോച്യാവസ്ഥയിലേയ്ക്ക് പോകുകയാണ്. ഇതിനുകാരണം ഫണ്ടിന്റെ ലഭ്യതക്കുറവാണ്. ഫണ്ട് എങ്ങനെയാണ് ഇല്ലാതായത്; ഇത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചിന്തിക്കേണ്ട കാര്യമാണ്. ഞങ്ങൾ അധികാരത്തിലുണ്ടായിരുന്ന കാലത്തെ സംവിധാനങ്ങൾ വ്യത്യസ്തമായിരുന്നു. തികച്ചും ഫണ്ടില്ലാത്ത അവസ്ഥയുണ്ടായാൽ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാരും ചേർന്ന് എങ്ങനെ വരുമാനമുണ്ടാക്കാമെന്നും ടാക്സ് എങ്ങനെ ലഭിക്കുമെന്നും ആലോചിച്ച് തീരുമാനമെടുക്കും. എന്നാൽ ഇപ്പോൾ സിസ്റ്റം മാറിയിരിക്കുന്നു. ഇപ്പോൾ ടാക്സ് കിട്ടി വരുമാനമുണ്ടാക്കാൻ സാധിക്കില്ല. ജി.എസ്.ടി. സംവിധാനങ്ങൾക്കനുസരിച്ച് കാര്യങ്ങൾ gear-up ചെയ്യണ്ടേ; ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക്ക് ധനകാര്യ വകുപ്പുമന്ത്രി

ആയിരുന്ന കാലത്ത് ഏതാണ്ട് വീണുകിട്ടിയതുപോലെയാണ് ഈ ടാക്സ് സിസ്റ്റത്തെക്കുറിച്ച് അന്ന് അദ്ദേഹം പറഞ്ഞത്. പക്ഷേ ഫലത്തിൽ എന്താണ് ഉണ്ടായത്; പഴയ സിസ്റ്റം ഉപയോഗിച്ചുതന്നെ ജി.എസ്.ടി.-യെ അഭിമുഖീകരിച്ചു. സംസ്ഥാനം ഒരു കൺസ്യൂമർ സ്റ്റേറ്റായതുകൊണ്ട് ജി.എസ്.ടി.-ൽ കൂടുതൽ വരുമാനം ഉണ്ടാക്കാനും നികുതി പിരിച്ചെടുക്കാനുമുള്ള മാർഗ്ഗങ്ങൾ ഉണ്ടായിരുന്നു. പക്ഷേ ഇതിനനുസരിച്ച് ഒന്നും ചെയ്തില്ല. പഴയ സംവിധാനങ്ങൾ അങ്ങനെ തുടർന്നുപോയി. ജി.എസ്.ടി. അതിന്റെ വഴിക്കും പോയി. കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട നഷ്ടപരിഹാരം ലഭിക്കാൻവേണ്ടി കേരളം ഒരു കമ്മി സ്റ്റേറ്റാണെന്ന് പറഞ്ഞില്ല. അവസാനം ജി.എസ്.ടി. വരുമാനത്തിലൂടെ കിട്ടേണ്ടത് കിട്ടും, മറ്റ് ടാക്സേഷൻ ചെയ്യാനുള്ള അധികാരങ്ങളെല്ലാം നമ്മുടെ കയ്യിൽനിന്നും പോയി. എന്നാൽ ചെലവ് ചുരുക്കാൻ സാധിക്കുന്നുണ്ടോ; ഒരുപാട് വകുപ്പുകൾ നമുക്കുണ്ട്. ആ വകുപ്പുകളിൽ ബഡ്ജറ്റില്ല, ചെയ്യാൻ പണിയില്ല. പക്ഷേ അവരെല്ലാം അവിടെ ഇരിപ്പുണ്ട്. അവർ ഉണ്ടാക്കുന്ന ചെലവുണ്ട്, അവർക്ക് ശമ്പളമുണ്ട്, അവർക്ക് പെൻഷനുമുണ്ട്. മാനുഷിക പരിഗണനവച്ച് ഒരാൾ ഇങ്ങനെ തുടർന്നോട്ടെ എന്നുവയ്ക്കാം.

കെ.എസ്.ആർ.ടി.സി.-യുടെ സേവനം നിർത്താൻ സാധിക്കില്ല. ലാഭമാണെങ്കിലും നഷ്ടമാണെങ്കിലും കൊടുത്തോട്ടെയെന്ന് വയ്ക്കാം. പക്ഷേ പുതിയ പണിയെടുക്കാൻവേണ്ടി ഈ സർക്കാർ കരാർ വ്യവസ്ഥയിൽ ആളുകളെ നിയമിക്കുകയാണ്. ഒന്നുംരണ്ടും എവിടെയെങ്കിലും എപ്പോഴെങ്കിലുമാണ് നിയമിക്കുന്നതെങ്കിൽ നമുക്ക് മനസ്സിലാക്കാം. മിഷൻ മോഡലിൽ കരാറുകാരെ നിയമിക്കുകയാണ്. ഇപ്പോഴുള്ള ജീവനക്കാരിൽ ഏകദേശം പകുതിയോളം ജീവനക്കാരും കരാർ ജീവനക്കാരാണെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ശരിയായ കണക്കില്ല. ആധുനിക കാലത്തെ ജോലി അറിയാത്തതുകൊണ്ട് പണി ചെയ്യണമെന്നുണ്ടെങ്കിൽ പുതിയ ആളുകളെ നിയമിക്കണം. അങ്ങനെ അധിക ചെലവ് സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ആകെ ഒരു കൺഫ്യൂഷനാണ്. ഞാൻ വ്യവസായ വകുപ്പുമന്ത്രി ആയിരുന്ന കാലത്ത് ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും എം.ഡി.-മാരൊക്കെ കാണാൻ വരും. മൈനസ് ബഡ്ജറ്റിലേയ്ക്ക് പോകുന്നിടത്തോളം പോകും. ഗവൺമെന്റ് ഫണ്ട് നൽകിയാൽ അങ്ങനെ വേണ്ടിവരില്ല. എന്നാൽ ഗവൺമെന്റ് തന്നെ ഇങ്ങനെയൊരു മൈനസ് ബഡ്ജറ്റിലേയ്ക്ക് പോകുന്ന പൊതുമേഖലാ

സ്ഥാപനമായി മാറുന്ന സ്ഥിതിയാണുള്ളത്. വളരെ ഗൗരവമുള്ള ഒരു അവസ്ഥയിലേയ്ക്ക് ഈ ഗവൺമെന്റ് മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോഴും മറ്റ് സംസ്ഥാനങ്ങളെക്കാൾ മെച്ചപ്പെട്ട സ്ഥിതിയിലാണെന്ന് നിങ്ങൾ പറഞ്ഞിട്ട് കാര്യമില്ല. മെച്ചപ്പെട്ട സ്ഥിതി അധിക കാലം തുടരില്ല. ഇങ്ങനെ പോയാൽ നമ്മൾ മറ്റ് സംസ്ഥാനങ്ങളുടെയെല്ലാം പിറകിലായിപോകുന്ന ഒരു സംസ്ഥാനമായി മാറുമെന്നതിൽ യാതൊരു സംശയവും വേണ്ട. അതുകൊണ്ട് ഗവൺമെന്റിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ ഈ സർക്കാർ ഉത്തരവാദിത്വം കാണിക്കണം. അല്ലാതെ ഇലക്ഷൻ ജയിക്കുന്നതിനെ കുറിച്ച് മാത്രം പറഞ്ഞുകൊണ്ടിരുന്നിട്ട് കാര്യമില്ല. പുതുപ്പള്ളിയിൽ കണ്ടതുപോലെ ജയം അതിന്റെ വഴിക്ക് വരും. പക്ഷേ ശോച്യാവസ്ഥ തുടർന്നാൽ ജനങ്ങൾ ബുദ്ധിമുട്ടിലാകും. ആശുപത്രികൾ, സ്കൂളുകൾ, റോഡുകൾ, എന്നിവയുടെ അവസ്ഥ ഇപ്പോൾ കഷ്ടത്തിലാണ്. കേന്ദ്രസഹായത്തോടെ ഒരു റോഡിന്റെ പണി നടക്കുന്നുണ്ടെന്ന് ശ്രീ. പി. എസ്. സുപാൽ ഇവിടെ പറയുകയുണ്ടായി. ഒരു റോഡിന്റെ പണി മാത്രം നടന്നാൽ മതിയോ; സംസ്ഥാനത്തിന്റെ ദയനീയ അവസ്ഥയാണ് പ്രതിപക്ഷം ഇന്ന്

അടിയന്തരപ്രമേയത്തിലൂടെ പ്രൂവ് ചെയ്യുവെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, അടിയന്തരപ്രമേയ അവതാരകനുശേഷം സംസാരിച്ചത് പ്രതിപക്ഷനിരയിലെ പ്രധാന നേതാക്കളിലൊരാളായ മുൻപ്രതിപക്ഷ നേതാവും മറ്റൊരാൾ നിലവിലുള്ള ഉപനേതാവുമാണ്. തീർത്തും അന്യഗ്രഹ ജീവികളെപ്പോലെയാണ് ഇതിനെക്കാണുന്നത്. കേരളത്തെ ഇത്രയും സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കെത്തിക്കുന്ന കേന്ദ്രസർക്കാരിന്റെ ധനനയത്തെക്കുറിച്ച് ഉരിയാടാനോ അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് പ്രതികരിക്കാനോ അവർ തയ്യാറാകുന്നില്ല. ഈ നിയമസഭയിൽ ബി.ജെ.പി.-യുടെ അംഗമില്ലാത്തതിന്റെ കുറവ് പ്രമേയാവതാരകൻ പരിഹരിച്ചതുപോലെയായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. അതിനുശേഷം മുൻപ്രതിപക്ഷനേതാവായിരുന്ന ബഹുമാനപ്പെട്ട അംഗം ശ്രീ. രമേശ് ചെന്നിത്തലയുടെ പ്രസംഗമായിരുന്നു. നമ്മൾ കേന്ദ്ര അവഗണനയ്ക്കെതിരായി ശബ്ദമുയർത്തുകയും അതിന്റെ കയ്പുനീർ കുടിച്ചുകൊണ്ടിരിക്കുകയുമാണ്. അദ്ദേഹമാണെങ്കിൽ എ.ഐ.സി.സി.-യുടെ

അവഗണനയ്ക്കെതിരെ കയ്പുനീർ കുടിക്കുകയാണ്. ഇത് രണ്ടും കയ്പുനീരാണ്. അതിൽനിന്ന് സമനില തെറ്റിയതുപോലെയായിരുന്നു ഇവരുടെയെല്ലാം പ്രതികരണം. കുറച്ചുകാലം കേരളത്തിലെ വിവിധ വകുപ്പുകൾ കൈകാര്യം ചെയ്ത മുൻമന്ത്രിമാർ ആയിരുന്നവർ കൂടിയാണ് ഇവിടെ സംസാരിച്ചത്. സർക്കാർ ജീവനക്കാരെക്കുറിച്ചും കേരളത്തിലെ ജനക്ഷേമപദ്ധതികളെക്കുറിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 2001-2006 കാലയളവിൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിലുണ്ടായിരുന്നപ്പോൾ കേരളത്തിലെ ജീവനക്കാരുടെ ആനുകൂല്യങ്ങൾ വൻതോതിൽ വെട്ടിക്കുറച്ചു. സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് അടിസ്ഥാനശമ്പളം മാത്രമെന്ന സമീപനം ആരാണ് സ്വീകരിച്ചത്; അക്കാര്യം മറന്നുപോയോ; ലീവ് സറണ്ടർ നിർത്തലാക്കിയത് ഓർമ്മയുണ്ടോ; അതിനുശേഷം യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ സാമൂഹ്യക്ഷേമ കുടിശ്ശിക എത്രയായിരുന്നു? പതിനെട്ട് മാസക്കാലമായിരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ് ഈ കുടിശ്ശിക തീർത്തത്. സാമൂഹ്യക്ഷേമ പെൻഷൻ ക്രമാനുഗതമായി വർദ്ധിപ്പിച്ച് 1,600/- രൂപയാക്കിയത് 2016 മുതൽ നിലവിലുള്ള എൽ.ഡി.എഫ്. സർക്കാരാണ്.

അഞ്ചുവർഷംകൊണ്ട് യു.ഡി.എഫ്. സർക്കാർ നൽകിയ 9,300/- കോടിയോളം രൂപ എൽ.ഡി.എഫ്. സർക്കാരിന്റെ ഏഴ് വർഷക്കാലയളവിൽ 61,000/- കോടി രൂപയോളം ആക്കി. ഇത് വീണ്ടും വർദ്ധിപ്പിക്കണമെന്ന ആഗ്രഹമില്ലാത്തതുകൊണ്ടല്ല. പക്ഷെ, കേന്ദ്ര അവഗണനയ്ക്കെതിരെ നിങ്ങൾ ശബ്ദമുയർത്താൻ തയ്യാറാകാതെ തടസ്സം നിൽക്കുകയാണ്. ഇതിൽ ധൂർത്ത് ഏതാണ്? ധൂർത്തും കെടുകാര്യസ്ഥതയുമാണല്ലോ ഈ പ്രമേയത്തിൽ നിങ്ങൾ ഉന്നയിച്ചിട്ടുള്ളത്. ഇവിടെ ഓണക്കാലം വന്നു. എന്തായിരുന്നു യു.ഡി.എഫ്.-ന്റെ ഓണപ്പാട്ട്? ചില ആളുകളെക്കൂടി കൂട്ടുപിടിച്ചു. വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും എന്ന് പറഞ്ഞതുപോലെയാണ്. ബി.ജെ.പി.-യും കൂടെ കുറെ മാധ്യമങ്ങളും. ഖജനാവ് കാലിയായിരിക്കുന്നു, ട്രഷറി പൂട്ടും, സമ്പദ്‌വ്യവസ്ഥ തകരും, ഓണം ആനുകൂല്യങ്ങളില്ല, ഇത്തവണ മലയാളിക്ക് ഓണമില്ല എന്നെല്ലാമായിരുന്നു നിങ്ങളുടെ പ്രസ്താവനകളിലൂടെ നിരത്തിയ ചില വാർത്തകൾ. എന്നാൽ യാഥാർത്ഥ്യം എന്തായിരുന്നു? ഈ കഷ്ടപ്പാടുകളെയും സാമ്പത്തിക പ്രതിസന്ധികളെയും പ്രതിരോധിച്ച് ദേശീയോത്സവമായ ഓണത്തെ വരവേൽക്കാൻ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയും

ഇടതുപക്ഷ ഗവൺമെന്റും 18,000/- കോടി രൂപയാണ് ഈ ഓണത്തിന് ചെലവഴിച്ചത്. 3100/-ലധികം ഓണച്ചന്തകൾ ആരംഭിച്ചതാരാണ്?; രണ്ടായിരത്തിലധികം കർഷക ചന്തകൾ തുടങ്ങിയത് ഏത് ഗവൺമെന്റാണ്? 400 കോടിയോളം രൂപ വിപണിയിൽ ഇടപെടുന്നതിനുമാത്രം ചെലവഴിച്ച ഒരു സർക്കാരാണ് ഈ പിണറായി സർക്കാർ. അറുപത് ലക്ഷത്തോളം ആളുകൾക്ക് 3,200/- രൂപ വീതം ക്ഷേമപെൻഷൻ നൽകാനായി 1,900/- കോടി രൂപ അനുവദിച്ചില്ലേ; പ്രതികരിക്കാത്തതെന്താണ്? ഇതൊന്നും കാണാതെ പോകാൻ കഴിയില്ല. 4.6 ലക്ഷം തൊഴിലുറപ്പ് തൊഴിലാളികൾക്ക് 1,000/- രൂപ വീതം ഉത്സവബത്തയായി നൽകിയ സർക്കാരാണ്. ഈ ഇനത്തിൽ 46 കോടി രൂപയാണ് സർക്കാർ ചെലവഴിച്ചത്. ലോട്ടറി ജീവനക്കാർക്ക്, പെൻഷൻകാർക്ക് ബോണസ് ഇനത്തിൽ 24 കോടി രൂപ ഉൾപ്പെടെ വിവിധ മേഖലകളിൽ പണിയെടുക്കുന്ന മറ്റ് തൊഴിലാളികൾ, സർക്കാർ ജീവനക്കാർ തുടങ്ങി എല്ലാവരിലേയ്ക്കും സർക്കാരിന്റെ ഓണം ആനുകൂല്യങ്ങൾ എത്തിക്കാൻ കഴിഞ്ഞില്ലേ; ഇതാണോ ധൂർത്ത്; സർക്കാർ ജീവനക്കാർക്ക് ബോണസായി 4,000/- രൂപയും ഓണം അലവൻസായി 2,750/- രൂപയും അനുവദിച്ചില്ലേ;

ഇതാണോ ധൂർത്ത്? ഓണം അഡ്വാൻസായി 20,000/- രൂപയും പെൻഷൻകാർക്ക് ഉത്സവബത്തയായി 1,000/- രൂപയും നൽകാൻ ഈ സർക്കാർ തയ്യാറായി. കെ.എസ്.ആർ.ടി.സി.-ക്ക് 140 കോടി രൂപ, കാഷ്യൂ ബോർഡിന് 43 കോടി രൂപ, റബ്ബർ സബ്സിഡിക്കായി 25 കോടി രൂപ, കൈത്തറി മേഖലയ്ക്ക് 50 കോടി രൂപ, വിവിധ മേഖലകളിലെ തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ടായി 34 കോടി രൂപ എന്നിങ്ങനെ പണം ചെലവഴിച്ചു. ഇത് ആരാണ് അനുവദിച്ചത്? ഈ സാമ്പത്തിക പ്രതിസന്ധിക്കിടയിൽ വീർപ്പുമുട്ടുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയല്ലേ ഇതെല്ലാം അനുവദിച്ചത്? കാരണം ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്നത് അധ്വാനിക്കുന്നവരുടെയും പാവപ്പെട്ടവന്റെയുമെല്ലാംതന്നെ രാഷ്ട്രീയ പ്രതിനിധാനമാണ്. സാമൂഹ്യ പ്രതിബദ്ധതയുള്ള, ജീവകാരുണ്യപരമായ, മനുഷ്യസ്നേഹ പ്രചോദിതമായ പ്രവർത്തനങ്ങളിൽ ഇടപെട്ടുകൊണ്ട്, കേരളത്തിലെ സത്ഭരണം ഈ വിഭാഗം ജനങ്ങൾക്കുവേണ്ടി ക്ഷേമ പദ്ധതികളും ആനുകൂല്യങ്ങളുമെല്ലാം നടപ്പിലാക്കി മുന്നോട്ടുപോകുന്ന ഒരു സംവിധാനമാണ്. ആറുലക്ഷത്തിലധികം വരുന്ന കുടുംബങ്ങൾക്ക് ഓണക്കിറ്റുകൾ നൽകിയ സർക്കാർ ഏതാണ്;

എന്തെല്ലാമായിരുന്ന ആരോപണം; അതും ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അല്ലേ ചെയ്തത്? രാജ്യത്താകെ കടുത്ത വിലക്കയറ്റം നിലനിൽക്കുമ്പോൾ, ഓണക്കാലത്ത് കേരളത്തിലെ വിപണിയിൽ നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിർത്താൻ കേരളത്തിന് കഴിഞ്ഞില്ലേ? പതിമൂന്നോളം നിത്യോപയോഗ സാധനങ്ങൾക്ക് കഴിഞ്ഞ ഏഴര വർഷക്കാലമായി ഒരു നയാപൈസപോലും വർദ്ധിക്കുന്ന സാഹചര്യം ഈ കേരളത്തിലുണ്ടായോ; എന്താണ് നിങ്ങൾ മിണ്ടാത്തത്; എന്താണ് നിങ്ങൾ പ്രതികരിക്കാത്തത്? എന്നാൽ വിവരമുള്ളവർ പറയുന്നത് നമുക്ക് ശ്രദ്ധിക്കാം, അന്താരാഷ്ട്ര റേറ്റിംഗ് ഏജൻസിയായ Fitch-ന്റെ റിപ്പോർട്ടുപ്രകാരം കേരളത്തിന്റെ സാമ്പത്തികരംഗം കൂടുതൽ സ്ഥിരത കൈവരിച്ചിരിക്കുകയാണ്. ആർ.ബി.ഐ.-യുടെ കണക്കുപ്രകാരം രാജ്യത്ത് ഏറ്റവും കുറവ് വിലക്കയറ്റമുള്ള സംസ്ഥാനം കേരളമാണ്. ഏതാണ്ട് നാൽപ്പതിനായിരം കോടി രൂപ കേന്ദ്ര വിഹിതത്തിൽ കുറവുവന്നിട്ടും സംസ്ഥാനത്തിന്റെ തനതുവരുമാനം വർദ്ധിപ്പിച്ചും ശരിയായ സാമ്പത്തിക നിലപാട് സ്വീകരിച്ചും പ്രതിസന്ധികളെ തരണം ചെയ്യുന്ന ഒരു സർക്കാരാണ് ഈ എൽ.ഡി.എഫ്. സർക്കാർ. രണ്ടാം പിണറായി സർക്കാരിന്റെ

ആദ്യരണ്ട് സാമ്പത്തിക വർഷംകൊണ്ട് മാത്രം 24,000/- കോടി രൂപയുടെ വർദ്ധനവാണ് തനതുനികുതി വരുമാനത്തിലുണ്ടാക്കാൻ കഴിഞ്ഞത്. 2021-ൽ 47,000/- കോടി രൂപയായിരുന്ന തനതുവരുമാനം 2023 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ 71,000/- കോടി രൂപയിലേയ്ക്ക് ഉയർത്താൻ കഴിഞ്ഞു. സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും മികച്ച വരുമാനമാണിത്. കേന്ദ്ര സർക്കാരിന്റെ കൈകളിലേയ്ക്കെത്തുന്ന രാജ്യത്തിന്റെ പൊതുവരുമാനം വിഹിതം വയ്ക്കുന്നതിലുള്ള നീതി കേടാണ് നമ്മൾ അഭിമുഖീകരിക്കുന്നത്. കേരളമുൾപ്പെടെയുള്ള ബി.ജെ.പി. ഇതര സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ ശ്വാസം മുട്ടിക്കുകയാണ്. അതിൽ കോൺഗ്രസിന് ഒരു പരാതിയുമില്ല. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയും ഡിവിസിബിൾ പൂളിൽനിന്നുള്ള നികുതി വിഹിതം വെട്ടിക്കുറച്ചും കേരളത്തെ പ്രതിസന്ധിയിലാക്കുകയാണ് കേന്ദ്രം. 2020-21-ൽ കേരളത്തിന്റെ ആകെ റവന്യൂ വരുമാനത്തിന്റെ 56 ശതമാനം സംസ്ഥാന വിഹിതവും 44 ശതമാനം കേന്ദ്ര വിഹിതവുമായിരുന്നു. എന്നാൽ സംസ്ഥാനത്തിന് അർഹമായ നികുതി വിഹിതത്തിൽ കേന്ദ്രം വരുത്തിയ വെട്ടിക്കുറവിനെ തുടർന്ന് കേന്ദ്ര വിഹിതം 44 ശതമാനത്തിൽനിന്നും 30

ശതമാനമായി കുറഞ്ഞു. മറ്റ് പല സംസ്ഥാനങ്ങളിലും റവന്യൂ ചെലവിന്റെ 50 ശതമാനമെങ്കിലും കേന്ദ്ര വിഹിതം ലഭിക്കുമ്പോഴാണ് കേരളത്തോട് ഈ കടുത്ത അവഗണന കേന്ദ്രം കാണിക്കുന്നത്. മറ്റ് ധനസ്രോതസ്സുകൾ ഏതാണ്; ഇക്കാര്യം പ്രതിപക്ഷത്തിന് അറിയാത്തതാണോ? പദ്ധതി ധനസഹായമാണ് മറ്റൊരു വിഭവ സ്രോതസ്സ്. പദ്ധതി സമ്പ്രദായം ബി.ജെ.പി. സർക്കാർ പൂർണ്ണമായും അവസാനിപ്പിച്ചു. അങ്ങനെ വന്നപ്പോൾ, പഞ്ചവത്സര പദ്ധതികൾക്ക് ചെലവാക്കിയിരുന്ന ഭീമൻ തുക യാതൊരു മാനദണ്ഡവുമില്ലാതെ തന്നിഷ്ടപ്രകാരം കേന്ദ്ര സർക്കാർ ബഡ്ജറ്റിലൂടെ ചെലവഴിക്കുന്നു. ഈ തുക മുഴുവൻ പല പാക്കേജുകളുടെ പേരിൽ ബി.ജെ.പി. ഇതര സർക്കാരുകൾ ഭരിക്കുന്ന സംസ്ഥാനങ്ങളിലേയ്ക്കല്ല, വളരെ കൃത്യമായി അജണ്ടവച്ചുകൊണ്ട് ചില പാക്കേജുകളുടെ പേരിൽ ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുകയാണ്. അപ്പോഴും കേരളത്തിന് ഒന്നും ലഭിക്കുന്നില്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾ ചില ഭേദഗതികളോടെയാണ് തുടരുന്നത്. പണ്ട് ഈ സ്കീമുകളുടെ 25-30 ശതമാനം മാത്രമേ സംസ്ഥാനം നൽകേണ്ടിയിരുന്നുള്ളൂ. എന്നാൽ ഇപ്പോൾ ഏതാണ്ട് എല്ലാ സ്കീമുകളുടെയും നാൽപ്പത് ശതമാനം ചെലവ് സംസ്ഥാനങ്ങളുടെ ചുമലിലാണ്. പല സ്കീമുകളും

ഏകപക്ഷീയമായി കേന്ദ്ര സർക്കാർ നിർത്തലാക്കിയപ്പോൾ അവയുടെ ഭാരംകൂടി സംസ്ഥാനങ്ങൾ പേറേണ്ടി വരുന്നു. റവന്യൂ വരുമാനങ്ങൾക്കുപുറമെ സംസ്ഥാനങ്ങൾക്ക് അവരുടെ ദേശീയ വരുമാനത്തിന്റെ മൂന്ന് ശതമാനം വായ്പയെടുക്കാനുള്ള അവകാശമുണ്ട്. പക്ഷെ, കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി വേണം. ഭരണഘടനയിലെ ഈ വകുപ്പ് ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ മൂന്ന് ശതമാനം വായ്പ നടപ്പുവർഷത്തിൽ ഏതാണ്ട് രണ്ട് ശതമാനമായി വെട്ടിക്കുറച്ചിരിക്കുകയാണ്. ഇതിന്റെ ഫലമായി സംസ്ഥാന ബഡ്ജറ്റിൽ ഏകദേശം പന്ത്രണ്ടായിരം കോടി രൂപയുടെ കുറവാണ് അനുഭവപ്പെടുന്നത്. കിഫ്ബി വായ്പ സർക്കാർ നേരിട്ടെടുക്കുന്ന വായ്പയ്ക്ക് തുല്യമാണെന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ പുതിയ വാദം. ഉമ്മൻ ചാണ്ടി സാർ കിഫ്ബിയെക്കുറിച്ചൊന്നും പറഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ ഭരണകാലയളവിൽ അവസാനഘട്ടത്തിലാണ് കിഫ്ബിയെക്കുറിച്ച് ആലോചിച്ചത്. പക്ഷെ ഇത് കേരളത്തിൽ നടപ്പിലാക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി നിങ്ങൾക്കുണ്ടായിരുന്നില്ല. കിഫ്ബി വായ്പ സർക്കാർ എടുക്കുന്ന വായ്പയ്ക്ക് തുല്യമാണെന്ന് കേന്ദ്ര ഗവൺമെന്റിന്റെ വാദമാണ്. നിങ്ങളുടെ അഭിപ്രായമെന്താണ്? പണ്ടേ

ഞങ്ങൾ പറഞ്ഞിരുന്നുവെന്നാണ് ഇപ്പോൾ പറയുന്നത്. കേരളത്തിന്റെ വികസന പ്രവർത്തനങ്ങളിൽ ഏറ്റവും ശ്രദ്ധേയമായ ഇടപെടൽ നടത്തിയില്ലേ ഞങ്ങൾ. എന്നാൽ സ്വന്തം കാര്യം വരുമ്പോൾ കേന്ദ്രമാണെങ്കിലും ഈ മാനദണ്ഡം സ്വീകരിക്കുന്നില്ല. വർഷംതോറും 34 ലക്ഷം കോടി രൂപയുടെ ഇത്തരം വായ്പകൾ ബഡ്ജറ്റിനുപുറമെ കേന്ദ്ര ഗവൺമെന്റ് സമാഹരിക്കുന്നുണ്ട്. അതിൽ നിങ്ങൾ എന്തെങ്കിലും വിമർശിക്കുന്നുണ്ടോ? വളരെ നീതികേടാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തെ ഇങ്ങനെ സാമ്പത്തികമായി വീർപ്പുമുട്ടിക്കുന്ന ഘട്ടത്തിൽ അതിനൊത്താശ ചെയ്യുന്നവരാണ് കേരളത്തിലെ കോൺഗ്രസ്സുകാർ. കേരളത്തിനെതിരെ സാമ്പത്തിക ഉപരോധം ഏർപ്പെടുത്താൻ ആർ.എസ്.എസ്. അജണ്ടയ്ക്ക് കൂട്ടുനിന്ന ഒരാൾ ഈ സഭയിലുണ്ട്. മൂവാറ്റുപുഴ അംഗമായ ബഹുമാനപ്പെട്ട ഡോ. മാത്യു കുഴൽനാടൻ. കോൺഗ്രസ് പാർട്ടിയിൽ പ്രവർത്തിക്കുമ്പോഴും ബി.ജെ.പി./ആർ.എസ്.എസ്. നേതൃത്വവുമായി അടുത്ത ബന്ധം പുലർത്തുന്ന ആളാണ് ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ. എങ്ങനെയാണെന്ന് പറയാം. സംഘ്പരിവാർ സംഘടനയായ സ്വദേശി ജാഗരൺ മഞ്ചിന്റെ സംസ്ഥാന

കൺവീനറായ രഞ്ജിത് കാർത്തികേയൻ എന്ന ചാർട്ടേഡ് അക്കൗണ്ടന്റാണ് കേരള സർക്കാരിന്റെ കിഫ്ബിക്കെതിരെ പണ്ട് കോടതിയിൽ പോയത്. കേന്ദ്ര ആണവോർജ്ജ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഇലക്ട്രോണിക് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡിന്റെ സ്വതന്ത്ര ഡയറക്ടറായി മോദി സർക്കാർ നിയമിച്ച .........

മി. സ്പീക്കർ: യെസ്...യെസ്... പ്ലീസ് കൺക്ലൂഡ്..യെസ്...യെസ്..

ശ്രീ. എം. രാജഗോപാലൻ: സർ, മറ്റാരുമല്ല സാക്ഷാൽ ബഹുമാനപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടനാണ്.....

മി. സ്പീക്കർ: യെസ്...യെസ്... പ്ലീസ് കൺക്ലൂഡ്..യെസ്...യെസ്..

ശ്രീ. എം. രാജഗോപാലൻ: സർ, (.....മൈക്ക് ഓഫ്.....)

ശ്രീ. മോൻസ് ജോസഫ്: സർ, അടിയന്തരപ്രമേയത്തിലൂടെ കേരളത്തിലെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് ചൂണ്ടിക്കാണിച്ചപ്പോൾ ട്രഷറി പൂട്ടിയിട്ടില്ലെന്നാണ് ഭരണമുന്നണിയിലെ എല്ലാ അംഗങ്ങളും പറയുന്നത്. ട്രഷറി തുറന്നിരുന്നാലും അവിടെനിന്നും പണം ലഭിക്കേണ്ടേ? ട്രഷറിയിൽ പോയിക്കഴിഞ്ഞാൽ അഞ്ച് ലക്ഷം രൂപയിൽത്താഴെ അനുവദിക്കാൻ പാടുള്ളൂവെന്ന തരത്തിൽ ആദ്യം നിയന്ത്രണം ഏർപ്പെടുത്തി.

ഇപ്പോൾ ഒരു ലക്ഷം രൂപയിൽത്താഴെ പണം മാറിനൽകിയാൽ മതിയെന്ന് പറയുന്നു. ഒരു ട്രഷറിയിലും ഒരു കാര്യവും നടക്കുന്നില്ല. എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള ഏറ്റവും ചെറിയ വർക്ക് ചെയ്താൽപോലും പണം ലഭിക്കാൻ മാർഗ്ഗമില്ലെന്ന് പറഞ്ഞ് അതിനുവരെ നിയന്ത്രണം ഏർപ്പെടുത്തിയ സാഹര്യമുണ്ടായിട്ടും ഇവിടെ ട്രഷറിയിലൊന്നും യാതൊരു പ്രശ്നവുമില്ലെന്ന് പറഞ്ഞാൽ എന്ത് അടിസ്ഥാനരഹിതമായ നിലപാടാണെന്ന് ഗവൺമെന്റ് പരിശോധിക്കണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയേണ്ടതാണ്. ഇവിടെ എല്ലാ രംഗത്തുമുണ്ടായ പ്രതിസന്ധിയെക്കുറിച്ച് ചൂണ്ടിക്കാണിച്ചു. കാർഷിക മേഖല പരിപൂർണ്ണമായി തകർന്നിരിക്കുകയാണ്. കൃഷിക്കാർക്ക് രക്ഷയില്ലാത്ത സ്ഥിതിയാണ്. നെല്ലിന്റെ കാര്യം ഇവിടെ പറഞ്ഞു. റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ടിൽ യു.ഡി.എഫ്. ഗവൺമെന്റ് ഏർപ്പെടുത്തിയ 150 രൂപയുടെ പദ്ധതി പിന്നീട് 170 രൂപയായി ഉയർത്തി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 600 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചു. ഇതുവരെ വിലസ്ഥിരതാ ഫണ്ടിന്റെ ഒരു രൂപ പോലും നൽകിയിട്ടില്ല. ഇക്കാര്യത്തിൽ വിലസ്ഥിരതാ ഫണ്ട് ഗവൺമെന്റ് തുടർന്നുകൊണ്ടുപോകാൻ ഉദ്ദേശിക്കുന്നുണ്ടോ അതോ

നിർത്തലാക്കാനാണോ എന്ന് വ്യക്തമാക്കണം. നമ്മുടെ സംസ്ഥാനത്ത് റോഡ് നിർമ്മാണം പരിപൂർണ്ണമായി സ്തംഭിച്ചിരിക്കുകയാണ്. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യത്തിൽ പ്രധാനമായും എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത് കരാറുകാരുടെ പണം നൽകാൻ ഗവൺമെന്റ് തയ്യാറാകുന്നില്ലെന്നതാണ്. ഇവിടെ സാമ്പത്തിക പ്രതിസന്ധിയില്ല, ഒരു കുഴപ്പവുമില്ലെന്ന് പറയുമ്പോഴും കരാറുകാർക്ക് പണം ലഭിക്കാതെ വിഷമിക്കുന്നതുകൊണ്ട് വർക്ക് മുഴുവൻ നിർത്തിവയ്ക്കുകയാണ്. ഇങ്ങനെയാണെങ്കിൽ നമ്മുടെ സംസ്ഥാനത്ത് എങ്ങനെ വികസന പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. ഗവൺമെന്റ് കരാറുകാരുടെ കുടിശ്ശിക തീർക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണം. വിലക്കയറ്റം കൊണ്ട് സാധനസാമിഗ്രികളുടെയെല്ലാം വില കൂടി. ഗവൺമെന്റ് റേറ്റ് റിവിഷൻ നടപ്പാക്കേണ്ട സമയം കഴിഞ്ഞിരിക്കുകയാണ്. ഇത് 2021-ൽ പുതുക്കിയെങ്കിലും 2018-ലെ ഡി.എസ്.ആർ. പ്രകാരമാണ് ഇപ്പോഴും നമ്മുടെ വർക്കുകൾ നടക്കുന്നത്. 2023 ആയിട്ടും നമുക്ക് റേറ്റ് റിവിഷൻ നടപ്പാക്കാൻ സാധിച്ചിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകണമെങ്കിൽ ഇക്കാര്യങ്ങളിൽ മാറ്റംവരുത്തണം. റേറ്റ് റിവിഷൻ

അടിയന്തരമായി നടപ്പാക്കണം. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. എസ്. സുപാൽ ഇവിടെ പറഞ്ഞു, ബി.ജെ.പി.-യുമായി.......(മൈക്ക് ഓഫ്)

ശ്രീ. ജോബ് മൈക്കിൾ: സർ, അടിയന്തരപ്രമേയത്തിലെ വസ്തുതാവിരുദ്ധമായ കാര്യങ്ങളെ ഞാൻ എതിർക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റിനെ ഇത്രയധികം ഞെരുക്കുമ്പോഴും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ കേരളത്തിന്റെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പ്രവർത്തിക്കുന്ന മന്ത്രിയാണ്. 2022 ജൂൺ മാസം മുതൽ ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കിയ വിവരം നമുക്കെല്ലാം അറിയാവുന്നതാണ്. ഇതിലൂടെ 12,000 കോടി രൂപ കേരളത്തിന് നഷ്ടമുണ്ടായി. ജി.എസ്.ടി. കോമ്പൻസേഷൻ അഞ്ച് വർഷം കൂടി ദീർഘിപ്പിക്കണമെന്ന് കേരളം ആവശ്യപ്പെട്ടപ്പോൾ അതിനെ സപ്പോർട്ട് ചെയ്യുവാൻ കേരളത്തിലെ ഒരു എം.പി.-മാരെയും കണ്ടില്ല. കേരളത്തിലെ 18 എം.പി.-മാരും ഒരു ദിവസംപോലും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ കാണാൻ തയ്യാറായില്ല. അങ്ങനെ തയ്യാറാകാത്ത പ്രതിപക്ഷമാണ് ഇപ്പോൾ ഇവിടെവന്ന് ഈ ഗവൺമെന്റിനെ വിമർശിച്ചുകൊണ്ടിരിക്കുന്നത്. സഭയിൽ വളരെ സീനിയറായ അംഗങ്ങൾ ഇരിക്കുന്നുണ്ട്. 1986-87-ൽ കേരളത്തിന്റെ

ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കെ. എം. മാണി സാർ കേരളത്തിന്റെ നിയമസഭയിൽ മിച്ച ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ അന്ന് കേരളത്തിന്റെ മുഖ്യമന്ത്രിയായ കെ. കരുണാകരൻ പറഞ്ഞത് ഇത് മിച്ചമല്ല കമ്മിയാണെന്നാണ്. കേരളത്തോടുള്ള ചിറ്റമ്മ നയം അന്നും കേന്ദ്ര ഗവൺമെന്റ് കേരളത്തോട് പുലർത്തുന്നുണ്ടായിരുന്നു. കേരളത്തെ ഇടിച്ചുതാഴ്ത്തുന്ന നിലപാടുണ്ടായിരുന്നു അന്നും കേന്ദ്രം സ്വീകരിച്ചത്. അന്നത്തെ കേന്ദ്ര മന്ത്രി ജനാർദ്ദനൻ പൂജാരി നൽകിയ Letter of Intent കെ. എം. മാണി സാർ സഭയുടെ മേശപ്പുറത്തുവച്ചു. അന്ന് ശ്രീ. രമേശ് ചെന്നിത്തല മന്ത്രിയായിരുന്നു. അദ്ദേഹം ഹെലികോപ്റ്ററിന്റെ കാര്യം പറഞ്ഞു. അന്ന് കെ. കരുണാകരനോടൊപ്പം ഹെലികോപ്റ്ററിൽ സഞ്ചരിച്ച ആളാണ് ശ്രീ. രമേശ് ചെന്നിത്തല. അദ്ദേഹത്തിന് നിഷേധിക്കാമെങ്കിൽ നിഷേധിക്കട്ടെ. അന്ന് കേരളത്തിന്റെ മുഖ്യമന്ത്രി കെ. കരുണാകരനും ഹെലികോപ്റ്റർ ഉപയോഗിച്ചിട്ടുണ്ട്. 1986-87-ലെ ബഡ്ജറ്റിനെ മിച്ച ബഡ്ജറ്റെന്ന് കെ. എം. മാണി സാർ പറഞ്ഞപ്പോൾ അതിനെ കമ്മിയെന്ന് പറഞ്ഞുകൊണ്ട് ആക്ഷേപിച്ച ആളുകളാണിന്ന് ഇവിടെ ഒരു യോജിപ്പിനും തയ്യാറാകാതെ കേരളത്തിലെ ഗവൺമെന്റിനെ ഏത് രീതിയിലും

അപമാനിക്കണമെന്ന ലക്ഷ്യത്തോടെ വിമർശിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽനിന്ന് പോയ 18 എം.പി.-മാർ എവിടെയാണ്, അവരെ കാണാനില്ല, അവർ കേരളത്തിന്റെ കാര്യങ്ങൾ അവതരിപ്പിക്കാനില്ല, പാർലമെന്റിൽ പ്രസംഗിക്കാൻപോലും അവരില്ല. ഇപ്പോൾ ശ്രീ. മോൻസ് ജോസഫ് കേരളത്തിലെ കർഷകരെപ്പറ്റി പറഞ്ഞല്ലോ. പക്ഷെ കേരളത്തിലെ കർഷകർക്കുവേണ്ടി സംസാരിക്കുവാൻ കേരള കോൺഗ്രസ് എം.പി.-മാരായ ശ്രീ. ജോസ് കെ. മാണിയും ശ്രീ. തോമസ് ചാഴിക്കാടനുമുണ്ട്. അവർ കേരളത്തിലെ കർഷകർക്കുവേണ്ടി സംസാരിക്കുന്നുണ്ട്. ഇവിടെ കർഷകർക്കുവേണ്ടി സംസാരിക്കുവാനോ കർഷകരുടെ കാര്യം പരിഹരിക്കുന്ന ഗവൺമെന്റിനെ അഭിനന്ദിക്കാനോ തയ്യാറാകുന്നില്ല. പകരം കേരളത്തെ എങ്ങനെ ഇടിച്ചുകാണിക്കാമെന്നും ഏഴ് വർഷമായി ഇവിടെ സുന്ദരമായി ഭരിക്കുന്ന കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭരണത്തെ ഇകഴ്ത്തിക്കാണിക്കാനുംവേണ്ടിയുള്ള ശ്രമങ്ങൾ കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ വിലപോകത്തില്ല. ഈ ഗവൺമെന്റ് കൂടുതൽ ശക്തമായി മുമ്പോട്ടുപോകുമെന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. അനൂപ് ജേക്കബ്: സർ, വിഭവസമാഹരണം നടത്താതെ കടമെടുപ്പിനെ മാത്രം ആശ്രയിച്ചാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ധനപ്രതിസന്ധിയുടെ പേരിൽ എല്ലാ നികുതികളും വർദ്ധിപ്പിച്ച ഈ ഗവൺമെന്റ് റിവേഴ്സ് ഇഫക്ടിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. ഇക്കാര്യം നേരത്തെ സൂചിപ്പിച്ചതാണ്. നിർമ്മാണ മേഖല സമ്പൂർണ്ണമായി നിലയ്ക്കുകയും ചെറുകിട വ്യാപാര മേഖല സ്തംഭനത്തിലേയ്ക്ക് പോകുകയുമാണ്. ഗവൺമെന്റ് സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിച്ചിരിക്കുന്നു, ഫെയർ വാല്യൂവിന്റെ അപാകതകൾ മാറ്റാതെ അത് വീണ്ടും വർദ്ധിപ്പിച്ചിരിക്കുന്നു. ഭൂമി രജിസ്ട്രേഷൻ എത്രമാത്രം കുറഞ്ഞിരിക്കുന്നുവെന്ന് ഗവൺമെന്റ് പരിശോധിച്ചുനോക്കണം. ഏറ്റവും കൂടുതൽ വരുമാനം ലഭിച്ചിരുന്ന രജിസ്ട്രേഷൻ വകുപ്പിൽനിന്നുള്ള വരുമാനം വളരെയേറെ കുറഞ്ഞിരിക്കുന്നുവെന്ന കാര്യം ഗവൺമെന്റ് പരിശോധിക്കേണ്ടതാണ്. അവധാനതയില്ലാതെ വിവിധ തരത്തിൽ നികുതി വർദ്ധിപ്പിച്ച് ജനങ്ങളുടെമേൽ അധികഭാരം ചുമത്തുകയാണുണ്ടായത്. വൻകിടക്കാരുടെ അടക്കമുള്ള നികുതി കുടിശ്ശിക പിരിക്കുന്നതിൽ വലിയ പരാജയം വരുത്തിയ ഗവൺമെന്റാണ് സാധാരണക്കാരുടെ ചുമലിൽ വലിയ ഭാരം ഇന്ന് കെട്ടിവച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ

അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള ബില്ലുകൾക്ക് ട്രഷറിയിൽ നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. ഒരു ബില്ലും മാറുന്നില്ല. എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും സ്തംഭിച്ചിരിക്കുകയാണെന്ന് ഞാൻ ആദ്യമേ സൂചിപ്പിച്ചതാണ്. എം.എൽ.എ.-മാരുടെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് നടത്തുന്ന ഒരു വർക്കുകളും ആരും ക്വാട്ട് ചെയ്യാനില്ലാത്ത സാഹചര്യത്തിലേയ്ക്ക് വന്നിരിക്കുകയാണ്. കർഷകരെ സംബന്ധിച്ച പ്രശ്നമാണ് ഏറ്റവും രൂക്ഷമായിരിക്കുന്നത്. നെൽകർഷകർക്ക് കൊടുക്കാനുള്ള കുടിശ്ശിക അനന്തമായി നീണ്ടുപോകുന്ന സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. റബ്ബർ കർഷകർക്ക് ഫെബ്രുവരി മാസത്തിനുശേഷം റബ്ബർ ഇൻസന്റീവ് നൽകിയിട്ടില്ല. റബ്ബർ ബോർഡ് അപേക്ഷകൾപോലും സ്വീകരിക്കാത്ത സാഹചര്യമാണ് കേരളത്തിൽ നിലവിലുള്ളത്. റബ്ബറിന്റെ താങ്ങുവില 170 രൂപയെന്നുള്ളത് 250 രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് കർഷകർ ആവർത്തിച്ച് ആവശ്യപ്പെടുന്ന കാര്യമാണ്. അതിന് ഗവൺമെന്റ് നൽകിയ മറുപടി '24-12-2022-ൽ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു, അവിടെനിന്ന് മറുപടി ലഭിച്ചിട്ടില്ല' എന്ന മറുപടിയോടെ അത് അവസാനിപ്പിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ

റബ്ബർ കർഷകർ അടക്കമുള്ളവരോടുള്ള പ്രതിബദ്ധത ഈ ഗവൺമെന്റിനുണ്ടാവണ്ടേ? ഇത്തരത്തിലുള്ള വിഷയങ്ങളിൽ ഗവൺമെന്റ് കണ്ണടയ്ക്കുകയാണ്. എല്ലാ രീതിയിലുള്ള സാമൂഹ്യസുരക്ഷാ പദ്ധതികളും അവതാളത്തിലായിരിക്കുകയാണ്. സ്കൂൾ വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണത്തിന്റെ തുകയിൽ കുടിശ്ശിക, കാരുണ്യ പദ്ധതിയുടെ ഭാഗമായി ചികിത്സ നൽകിയ ആശുപത്രികൾക്ക് കുടിശ്ശിക തുടങ്ങിയവ ലഭിക്കാനുണ്ട്. ഓണക്കിറ്റ് 86 ലക്ഷം പേർക്കാണ് കഴിഞ്ഞ വർഷം വരെ നൽകിയത്. ഇപ്പോൾ ആറ് ലക്ഷമായി ഓണക്കിറ്റ് പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഇത് സാമ്പത്തിക പ്രതിസന്ധിയല്ലേ? എല്ലാ തലത്തിലും ജനജീവിതം ദുസ്സഹമാകുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ മുന്നോട്ടുപോകുന്നുവെന്നതാണ് യാഥാർത്ഥ്യം.

<u>ശ്രീ. വി. ജോയി</u>: സർ, ഈ അടിയന്തരപ്രമേയത്തെ ഞാൻ എതിർക്കുകയാണ്. അടിയന്തരപ്രമേയം അവതരിപ്പിച്ച ശ്രീ. റോജി എം. ജോൺ കേരളത്തിൽനിന്നുള്ള കേന്ദ്രമന്ത്രി ശ്രീ. വി. മുരളീധരൻ പറയുന്നതിനേക്കാൾ എത്ര കടുത്ത ഭാഷയിലാണ് ഇവിടെ വിമർശനങ്ങൾ ഉന്നയിച്ചതെന്നുള്ളത് നമ്മൾ മനസ്സിലാക്കണം. കേന്ദ്ര ഗവൺമെന്റ്

കേരളത്തോട് കാണിക്കുന്ന കൊടിയ വഞ്ചനയും അവഗണനയും സാമ്പത്തിക രംഗത്ത് കേന്ദ്ര ഗവൺമെന്റ് പിന്തുടരുന്ന രീതിയും അതിന് കേരളീയ സമൂഹം ഒരുമിച്ചുനിന്ന് എതിർക്കേണ്ടതിനുപകരം ഏകപക്ഷീയമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ എതിർക്കുകയെന്ന സമീപനമാണ് ശ്രീ. റോജി എം. ജോൺ ഇവിടെ സ്വീകരിച്ചത്. അതിന്റെ കണക്കുകളെല്ലാം എനിക്കുമുമ്പ് സംസാരിച്ചവർ സൂചിപ്പിച്ചതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. ഇപ്പോൾ ധനകാര്യ കമ്മീഷന്റെ വിഹിതം വെട്ടിക്കുറച്ചു, അത് കേന്ദ്രത്തോട് ചോദിക്കാൻ പാടില്ലേ, ശ്രീ. റോജി എം. ജോൺ അതിനെക്കുറിച്ച് ഒരക്ഷരം പറയുന്നില്ല. ഈ പ്രത്യേക സാഹചര്യത്തിൽ ഒരു ശതമാനമെങ്കിലും കടമെടുക്കാൻ അനുവദിച്ചാൽ 10,800 കോടി രൂപ നമുക്ക് ലഭിക്കുമായിരുന്നു. അതിന് അനുവാദം നൽകുന്നില്ല. ശ്രീ. റോജി എം. ജോൺ അതിന് അനുകൂലമാണോ? കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിച്ച ഗ്രാന്റുകളിലെ കുടിശ്ശിക മാത്രം ഏതാണ്ട് 3,591 കോടി രൂപയുണ്ട്. അത് ചോദിക്കണമെന്ന ആവശ്യം അല്ലെങ്കിൽ അത് വാങ്ങിച്ചെടുക്കണമെന്ന ആവശ്യം ശ്രീ. റോജി എം. ജോൺ ഉന്നയിക്കുന്നില്ല. ധനകാര്യ രംഗത്തെ

കേന്ദ്ര സർക്കാരിന്റെ നയംമാറ്റത്തിന്റെ ഭാഗമായി 28,400 കോടി രൂപയും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തിയതോടുകൂടി 10,000 കോടി രൂപയും പൊതുകടമെടുപ്പിൽ നിയമപ്രകാരം അവകാശപ്പെട്ട തുകയിൽ 8,000 കോടി രൂപ നഷ്ടപ്പെട്ട കാര്യവും ശ്രീ. റോജി എം. ജോൺ പറയുന്നില്ല. ഈ പണമെല്ലാം ലഭിച്ചാൽ കേരളത്തിലെ മൂന്നരക്കോടി ആളുകൾക്കൾക്ക് പ്രയോജനപ്പെടും. സ്വാഭാവികമായും പ്രതിപക്ഷത്തിരിക്കുന്ന എം.എൽ.എ.-മാർ അടക്കമുള്ളവർക്ക് വികസന പ്രവർത്തനം നടത്താൻ ഈ പണം ഉപയോഗപ്പെടുത്താൻ സാധിക്കും. ഇത് ലഭ്യമാകാതിരിക്കുന്നതിനു വേണ്ടിയാണ് കോൺഗ്രസ് ശ്രമിക്കുന്നത്. പ്രതിപക്ഷത്തിന്റെ 18 എം.പി.-മാർ പാർലമെന്റിലൊന്നും പറയുന്നില്ലെന്ന നിലപാടായിരിക്കും ഭരണപക്ഷം സ്വീകരിക്കുന്നതെന്ന മുൻകൂർ ജാമ്യം ശ്രീ. റോജി എം. ജോൺ എടുത്തു. അത് ശരിയല്ലേ? ഏതവസരത്തിലാണ് കേരളത്തിന്റെ ഒരു പൊതുവായ വികസന പ്രക്രിയയിലോ അർഹമായിട്ടുള്ളൊരു സാഹചര്യം ഒരുക്കുന്നതിലോ കേരളത്തിൽനിന്ന് പോയിട്ടുള്ള 18 എം.പി.-മാർ ശബ്ദമുയർത്തിയത്. ബഹുമാന്യനായ ശ്രീ. രമേശ് ചെന്നിത്തല 'വിളിക്കേണ്ട വിധം വിളിക്കണം' എന്നാണ് പറഞ്ഞത്. അത്

മനസ്സിലായില്ലേ. ഇലയിട്ട്, വിഭവസമൃദ്ധമായ സാധനങ്ങളെല്ലാം ഒരുക്കി പിന്നെ വേണമെങ്കിൽ വെറ്റിലയും പാക്കും കൂടിവച്ച് ഇവരെ ക്ഷണിച്ചുവരുത്തണമെന്നാണോ ഉദ്ദേശിക്കുന്നത്. കേരളത്തിലെ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവരാണ് അവർ. കേരളത്തിന്റെ പൊതുവായ ആവശ്യങ്ങൾക്കുവേണ്ടി അഭിപ്രായം പറയാൻ അവർ ബാധ്യസ്ഥരാണ്. അതിൽനിന്ന് എം.പി.-മാർ മാറിനിൽക്കുകയാണ്. പിന്നെ പറഞ്ഞത് കേരളത്തിലെ എം.പി.-മാർ എന്തെല്ലാം വിഷയങ്ങളിൽ ഇടപെടുന്നുവെന്നാണ്. മുസ്ലീംലീഗ് അവിടെ ഇരുപ്പുണ്ടല്ലോ, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് അവിടെ ഇരിപ്പുണ്ടല്ലോ. ഏത് വിഷയത്തിലാണ് ഇടപെട്ടത്? പൗരത്വ ഭേദഗതി ബിൽ കൊണ്ടുവന്നപ്പോൾ നിങ്ങൾ എവിടെയായിരുന്നു; ഈയടുത്ത സമയത്ത് വന്ന ചില പ്രശ്നങ്ങളിൽ ശ്രീ. പി. വി. അബ്ദുൽ വഹാബ് എം.പി. നിങ്ങളുടെ നിലപാടുകൾക്കെതിരായി വ്യത്യസ്ത അഭിപ്രായം പറഞ്ഞില്ലേ? കേരളത്തിൽ നിന്നുള്ള എം.പി.-മാർ കേരളത്തിന്റെ പൊതുതാൽപര്യം സംരക്ഷിക്കുന്ന കാര്യത്തിൽ പരാജയമാണെന്നതിൽ യാതൊരു സംശയവുമില്ല. കേരളത്തിലെ ആവശ്യങ്ങൾക്കുവേണ്ടി പാർലമെന്റിൽ മിണ്ടുന്നില്ലെന്ന് എൽ.ഡി.എഫ്.

പറയുന്നുണ്ടല്ലോയെന്ന് പത്രക്കാർ ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റിനോട് ചോദിച്ചു. അദ്ദേഹം എം.പി. കൂടെയാണല്ലോ; പാർലമെന്റിൽ പോകുന്നില്ലെന്നത് വേറെ കാര്യം... അങ്ങനെ പറയുന്നുണ്ടല്ലോ എന്ന് ചോദിച്ചപ്പോൾ, ഞങ്ങൾ പോകാം. ഞങ്ങൾ പോയി കിടക്കാം, ഞങ്ങൾ പോയി കിളയ്ക്കാം എന്നൊക്കെയാണ് അദ്ദേഹം പറഞ്ഞത്. ഞങ്ങൾ കിളയ്ക്കാനും കിടക്കാനുമല്ല പറയുന്നത്. നിങ്ങൾ നിന്നുകൊണ്ടോ ഇരുന്നുകൊണ്ടോ നിങ്ങൾക്കുപറയാനുള്ള കാര്യങ്ങൾ പറയണം എന്നുമാത്രമാണ് ഞങ്ങൾക്ക് ഈ അവസരത്തിൽ പറയാനുള്ളത്. കേരളത്തിലെ വിഭവ സമാഹരണത്തെ അടിസ്ഥാനപ്പെടുത്തി പിടിച്ചുനിൽക്കാൻ കഴിയുന്ന തരത്തിലുള്ള എല്ലാ പ്രവർത്തനങ്ങളും കേരളം നടത്തുകയാണ്. 2022-23 സാമ്പത്തിക വർഷം തനതുവരുമാനമായി 70,000 കോടി രൂപ ലഭിച്ചെന്ന് പറഞ്ഞത് എൽ.ഡി.എഫ്. അല്ല. അത് ഓഡിറ്റ് ആന്റ് അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തിയിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെ ധനകമ്മി 2.2 ശതമാനത്തിൽ നിന്ന് 0.67 ശതമാനമായി താഴ്ത്താൻ സാധിച്ചെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഇതൊന്നും പ്രതിപക്ഷത്തിന്റെ ബധിര കർണ്ണങ്ങളിൽ ചെന്നെത്തുന്നില്ലെന്നത്

പ്രധാനപ്പെട്ടൊരു കാര്യമായി മാറുകയാണ്. ഇന്നുൾപ്പെടെ കഴിഞ്ഞ രണ്ട് ദിവസമായി അടിയന്തരപ്രമേയം വരുമ്പോൾ അത് ചർച്ചയ്ക്കെടുക്കാൻവേണ്ടി പ്രത്യേകം ശ്രദ്ധിക്കുകയാണ്. എന്താണ് കാരണം? കേരളത്തിലെ മാധ്യമങ്ങളാണ്. അടിയന്തരപ്രമേയത്തിന്റെ ചർച്ച എത്രതന്നെ പറഞ്ഞാലും അത് പുറംലോകത്ത് എത്തിക്കുന്നത് മാധ്യമങ്ങളാണ്. മാധ്യമങ്ങൾ നേരെ തിരിഞ്ഞ ഒരു സമീപനം സ്വീകരിക്കുകയാണ്. ഞങ്ങൾ മാധ്യമത്തിന്റെ തലോടലൊന്നുംകൊണ്ട് വളർന്നവരല്ല. പക്ഷെ ജനങ്ങളോട് യഥാർത്ഥ വസ്തുത അറിയിക്കുന്നില്ല. കഴിഞ്ഞ ദിവസം സോളാർ വിഷയവുമായി ബന്ധപ്പെട്ട് സഭയിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ... പത്രങ്ങളുടെ ഹെഡ്ലൈൻ എന്തൊക്കെയായിരുന്നു; ഒരു പത്രം ചുവന്ന അക്ഷരങ്ങളിലാണ് ഒരു വരി എഴുതിയത്. ഞാൻ അതേക്കുറിച്ചൊന്നും കൂടുതൽ പറയുന്നില്ല. അതുകൊണ്ട് നിങ്ങൾ ഉയർത്തുന്ന പ്രശ്നങ്ങൾക്ക് അതേ നാണയത്തിൽ തിരിച്ചടിക്കാൻ ഇതല്ലാതെ ഞങ്ങൾക്ക് പോംവഴിയില്ല. അതുകൊണ്ടുതന്നെയാണ് ഇതൊക്കെ പറയാൻ തയ്യാറായിരിക്കുന്നതും. ഇവിടെ എന്തുപറഞ്ഞാലും മുഖ്യമന്ത്രിയെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. ബഹുമാന്യനായ പ്രതിപക്ഷ

നേതാവ് സഭയിലുണ്ട്. അദ്ദേഹം വളരെ തന്ത്രശാലിയാണ്. മുമ്പും ഞാനത് പറഞ്ഞിട്ടുണ്ട്. ഈ മാസം 11-ാം തീയതി സഭയിൽ സോളാർ വിഷയം കൊണ്ടുവന്നതുതന്നെ, ഏറ്റവും പ്രധാനമായി അദ്ദേഹത്തിന്റെ രണ്ട് എതിരാളികളെ ഒതുക്കുന്നതിന്റെ ഭാഗമായാണ്. ഇന്ന് രാവിലെ ശ്രീ. ടി. ജി. നന്ദകുമാർ പത്രസമ്മേളനം നടത്തി പറഞ്ഞ കാര്യം, രണ്ട് പഴയ ആഭ്യന്തര മന്ത്രിമാർ മുഖ്യമന്ത്രിയാകാൻ വേണ്ടിയാണ് ഈ പണിയെല്ലാം ചെയ്തത് എന്നാണ്. പ്രിയപ്പെട്ട ശ്രീ. ചാണ്ടി ഉമ്മൻ ഇതെല്ലാം മനസ്സിലാക്കണം. ഞങ്ങൾ ഇന്നലെ ഇക്കാര്യം സൂചിപ്പിച്ചതാണ്. രണ്ട് ആഭ്യന്തര മന്ത്രിമാർ മുഖ്യമന്ത്രിയാകാൻ വേണ്ടി നടത്തിയിട്ടുള്ള ശ്രമമാണെന്ന് സൂചിപ്പിക്കുകയുണ്ടായി. രണ്ടുപേരെ ഒതുക്കാൻ കിട്ടുന്ന സന്ദർഭം ചെറുതല്ലെന്ന് ഞങ്ങൾക്കറിയാം. ഇന്നലെ പ്രതിപക്ഷനേതാവ് പറഞ്ഞതെന്താണ്? 'ഞാൻ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമായി സംസാരിച്ചിരുന്നു. മുഖ്യമന്ത്രി അറിയാതെ ഒരു ആഭ്യന്തര വകുപ്പുമന്ത്രിക്ക് ടെനി ജോപ്പനെ അറസ്റ്റ് ചെയ്യാൻ സാധിക്കുമോ; സാധിക്കില്ല. അത് അവർ തമ്മിൽ പരസ്പരം ആലോചിച്ചാണ് ചെയ്തത് എന്നാണ്. എന്നാൽ മുൻമന്ത്രിയും കോൺഗ്രസ്സിന്റെ പ്രധാനനേതാവുമായ ശ്രീ. കെ. സി. ജോസഫ് ഇന്നലെ പറഞ്ഞത്,

'ഭരണത്തലവനായ മുഖ്യമന്ത്രിയുടെ ഓഫീസിലെ ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ ആഭ്യന്തര വകുപ്പ് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഉമ്മൻ ചാണ്ടിയെ അറിയിക്കേണ്ടതാണ്. സമ്മതം വാങ്ങിയില്ലെങ്കിലും അറിയിക്കുകയെന്ന നടപടിക്രമമുണ്ട്. അതൊന്നും പാലിക്കപ്പെട്ടിട്ടില്ല. ആഭ്യന്തരവകുപ്പുമന്ത്രിയായിരുന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അറിയാതെ ഒരു ഉദ്യോഗസ്ഥൻ അത് ചെയ്യുമെന്ന് കരുതുന്നില്ല. യു.എൻ. അവാർഡ് വാങ്ങാൻ ബഹ്റിനിൽ ആയിരുന്ന ഉമ്മൻ ചാണ്ടി മുറിയിലെത്തുമ്പോൾ ദൃശ്യമാധ്യമങ്ങളിലൂടെയാണ് ടെനി ജോപ്പന്റെ അറസ്റ്റ് അറിയുന്നത്. ഞാൻ ഒപ്പമുണ്ടായിരുന്നു. അത് അദ്ദേഹത്തെ അത്ഭുതപ്പെടുത്തി.' എന്നാണ്. ഇന്നലെ സഭയിൽ ഞങ്ങളുടെ ഇടയിൽ നിന്ന് സംസാരിച്ച ആളുകൾ ഇതുസൂചിപ്പിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹമത് നിഷേധിച്ചു. ഇപ്പോൾ എന്താണ് പറഞ്ഞത്. പരിണിതപ്രജ്ഞരായിട്ടുള്ള കോൺഗ്രസ്സിന്റെ തലമുതിർന്ന നേതാക്കളെയെല്ലാം ചവിട്ടിത്താഴ്ത്തി ഇവിടെവന്ന് സഭയെ തെറ്റിദ്ധരിപ്പിക്കുന്ന വർത്തമാനത്തിന്റെ ശീലും ചേലും അദ്ദേഹത്തിനുമാത്രം അടങ്ങിയിട്ടുള്ളതാണെന്ന് നാം മനസ്സിലാക്കണം.

കേരളത്തിന്റെ മുഖ്യമന്ത്രിയുടെ വീട്, കാറ്, വ്യൂഹം ഇതിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഞാൻ ചോദിക്കട്ടേ. ഹെലികോപ്റ്റർ വാടകയ്ക്ക് എടുത്തെന്ന് പറയുന്നുണ്ട്. യു.ഡി.എഫ്.-ന്റെ കാലത്ത് 1.70 കോടിരൂപ ചെലവഴിച്ച് ഹെലികോപ്റ്റർ ഉപയോഗത്തിനായി വാങ്ങിയിരുന്നു. അത് നിങ്ങൾ മറന്നോ; ഇല്ലല്ലോ; പകരം ബോധപൂർവ്വം മറച്ചുവയ്ക്കുകയല്ലേ ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കാർ വാങ്ങി. കറുത്ത കാറാണ് വാങ്ങിയത്. ശ്രീ. റോജി എം. ജോൺ പറഞ്ഞത് ശരിയാണ്. ഇവിടെ കറുത്ത കാർ വാങ്ങി. അതേസമയം അപ്പുറത്ത് പ്രതിപക്ഷനേതാവിന് വെളുത്ത കാറും വാങ്ങി. അതിലെന്തെങ്കിലും വ്യത്യാസമുണ്ടോ? ഉണ്ട്. നിറത്തിൽ വ്യത്യാസമുണ്ട്. അവിടെ തൊഴുത്തിനും മതിലിനുംകൂടി തുക ചെലവഴിച്ചാൽ തൊഴുത്ത് മാത്രമായി പറയും. ഇവിടെ നിങ്ങൾ ചെലവഴിച്ചതുപോലെ വേറെ ആരെങ്കിലും ചെലവഴിച്ചിട്ടുണ്ടോ....

<u>മി.സ്പീക്കർ</u>: യെസ്.. യെസ്.. ശ്രീ. തോമസ് കെ. തോമസ്.. താങ്കൾക്ക് സംസാരിക്കാം.

<u>ശ്രീ. വി. ജോയി</u>: സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത്... (മൈക്ക് ഓഫ്).....

മി. സ്പീക്കർ: ശ്രീ. തോമസ് കെ. തോമസ്.. അങ്ങയുടെ സമയമാണ് നഷ്ടമാകുന്നത്. താങ്കൾക്ക് സംസാരിക്കാം..

ശ്രീ. തോമസ് കെ. തോമസ്: സർ, ഇന്നിവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയത്തെ ഞാൻ ശക്തമായി എതിർക്കുന്നു. ഞാനൊരു വോളിബോൾ കളിക്കാരനാണ്. 1975-ൽ സ്കൂൾ വോളിബോൾ ടീമിൽ ഞാനുണ്ടായിരുന്നു. ജി.വി. രാജ സ്പോർട്സ് സ്കൂളിൽ തിരക്കിയാൽ അതറിയാൻ കഴിയും. ഞങ്ങൾ എതിർ ടീമിന്റെ കളി കാണാൻ പോകും കാരണം അതവരോടുള്ള സ്നേഹം കൊണ്ടല്ല, അവരുടെ കളിയുടെ ടെക്നിക് മനസ്സിലാക്കി അവരോട് എതിർത്ത് കളിക്കാനാണ്. അവർ ഇവിടെ അടിയന്തപ്രമേയം കൊണ്ടുവന്നതിനെക്കുറിച്ച് എനിക്ക് ആരാധ്യനായ മുഖ്യമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും പറയാനുള്ളത് നിങ്ങളുടെ ടെക്നിക് മനസ്സിലാക്കി ഇവർക്ക് മുന്നോട്ടുപോകാനുള്ള ഒരു തന്ത്രമാണിതെന്നാണ്. അതിൽ വീഴരുത്. നമ്മളത് മനസ്സിലാക്കിക്കൊടുത്താൽ ഇവർ നല്ലരീതിയിൽ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകും. അതാണ് ഇവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നത്. എന്തെല്ലാം പ്രതിസന്ധികളിലൂടെയാണ് നമ്മുടെ കൊച്ചുകേരളം

കടന്നുപോയത്; 2016-ലെ നോട്ടുനിരോധനത്തെക്കുറിച്ചുള്ള വിഷയം ഇതുവരെ സംസാരിച്ച പ്രതിപക്ഷാംഗങ്ങളാരും പറഞ്ഞിട്ടില്ല. 2018-19-ലെ അതിഭയങ്കരമായ പ്രളയത്തിൽ കുട്ടനാട്ടുകാരായ ഞങ്ങളൊക്കെ അനുഭവിച്ച ദുരിതങ്ങൾ... എല്ലാ വീടുകളിലും വെള്ളം കയറി നനഞ്ഞ് വല്ലാത്ത അവസ്ഥയിലേയ്ക്ക് പോകുകയാണുണ്ടായത്. അവിടെനിന്നൊക്കെ ഒരു വിധത്തിലാണ് നാം രക്ഷപെട്ടുവന്നത്. അന്ന് ഈ സർക്കാർ എടുത്ത തീരുമാനങ്ങൾ, സഹായിച്ച രീതികൾ, അതെല്ലാം എല്ലാവരും മറന്നുപോയി. സർക്കാരിനെ എങ്ങനെ കുറ്റം പറയാം; ഇവിടത്തെ രീതികളിൽ എന്തെല്ലാം പഴുതുകളുണ്ട്; എന്തെല്ലാം കുഴപ്പങ്ങളുണ്ട്; ഇതൊക്കെ മനസ്സിലാക്കി തകർക്കാമെന്നുള്ള ചിന്തയല്ലാതെ നല്ലചിന്തകൾ നിങ്ങളുടെ ആരുടേയും മനസ്സിൽ വന്നിട്ടില്ല. ആരാധ്യനായ മുൻ പ്രതിപക്ഷനേതാവ് പറഞ്ഞത് ധനകാര്യ വകുപ്പുമന്ത്രി വിളിക്കേണ്ട രീതിയിൽ വിളിച്ചിരുന്നെങ്കിൽ എം.പി.മാരെല്ലാം ഡൽഹിയിൽ വരുമായിരുന്നുവെന്നാണ്. ഒരു തവണയെങ്കിലും ധനകാര്യ വകുപ്പുമന്ത്രി ഡൽഹിയിൽ ചെല്ലുമ്പോൾ എന്തുകൊണ്ടാണ് ഞങ്ങളെ വിളിക്കാത്തതെന്നും കേരളത്തിന്റെ അവസ്ഥ മോശമാണല്ലോയെന്നും ഞങ്ങളുടെ ഭാഗത്തുനിന്ന് എന്തെങ്കിലും സഹായം

വേണമോയെന്നും ചോദിക്കാനുള്ള ഒരു നല്ല മനസ്സ് നിങ്ങൾക്ക് ഇല്ലാതെ പോയതെന്തുകൊണ്ടാണ്; നിങ്ങളുടെ ഉദ്ദേശശുദ്ധി എന്നുപറയുന്നത്, എങ്ങനെയെങ്കിലും കുറ്റം പറയുകയെന്നതല്ലാതെ നല്ല രീതിയിൽ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ നിങ്ങൾക്കാർക്കും ആഗ്രഹമില്ല. കോവിഡ് മഹാമാരി സമയകാലത്ത് ആരാധ്യനായ മുഖ്യമന്ത്രി എല്ലാ ദിവസവും വൈകുന്നേരം ചാനലുകളിലെത്തി സംസാരിച്ചപ്പോൾ നിങ്ങൾ കളിയാക്കിയവരാണ്. കേരളത്തിന്റെ അവസ്ഥയെന്താണെന്നും കേരളത്തിൽ എന്തൊക്കെയാണ് നടക്കുന്നതെന്നറിയാനും അന്നത്തെ പത്രസമ്മേളനങ്ങൾക്ക് ഞങ്ങളെല്ലാം കാതോർത്തിരുന്നിട്ടുണ്ട്. കാരണം ആർക്കും ഒന്നും അറിയില്ല. ആരും പുറത്തിറങ്ങുന്നില്ലല്ലോ; അപ്പോഴും നിങ്ങൾ കുറ്റം പറയുക മാത്രമാണ് ചെയ്തിട്ടുള്ളത്. നിങ്ങൾ നന്നായി ഭരിച്ചെന്നാണ് നിങ്ങൾ പറയുന്നത്. പതിനെട്ട് മാസം പെൻഷൻ കൊടുക്കാതിരുന്ന നിങ്ങളുടെ ഭരണം എങ്ങനെയാണ് നല്ലഭരണമാകുന്നത്. പെൻഷൻ കുടിശ്ശിക നല്കിയത് 2016-ൽ ഒന്നാം പിണറായി സർക്കാർ വന്നപ്പോഴാണ്. അന്ന് ഞങ്ങളുടെ മുദ്രാവാക്യവും പെൻഷൻ നൽകാം എന്നുള്ളതായിരുന്നു. അതുകൊണ്ടാണ് തൊണ്ണൂറിൽപ്പരം സീറ്റുകളിൽ അന്ന് ജയിച്ചത്.

അതുകഴിഞ്ഞ് ഏതെല്ലാം രീതിയിൽ നിങ്ങൾ സർക്കാരിനെ തകർക്കാൻ ശ്രമിച്ചു; ഏതൊക്കെ രീതിയിൽ കുറ്റം പറയാൻ ശ്രമിച്ചു; എന്തു കോൺട്രിബ്യൂഷനാണ് നിങ്ങളുടെ ഭാഗത്തുനിന്ന് ഗവൺമെന്റിന് കിട്ടിയിട്ടുള്ളത്; ഒരു നല്ല വാക്കെങ്കിലും പറയാനുള്ള മനസ്സെങ്കിലുമുണ്ടോ? പ്രിയങ്കരനായ ശ്രീ. റോജി എം. ജോൺ വളരെ നല്ല രീതിയിൽ ഇവിടെ സംസാരിച്ചു. ഒരു സിനിമാ സംവിധായകൻ ആകാനുള്ള എല്ലാ യോഗ്യതകളും താങ്കൾക്കുണ്ട്. ആ രീതിയിലുള്ള ഒരു അവതരണമാണ് താങ്കൾ അവതരിപ്പിച്ചത്. എന്തെങ്കിലും കുഴപ്പങ്ങൾ ഇല്ലാത്ത ഗവൺമെന്റില്ലല്ലോ; എല്ലാ ഗവൺമെന്റുകൾക്കും അതിന്റേതായ കുഴപ്പങ്ങളും പ്രയാസങ്ങളും പ്രതിസന്ധികളുമുണ്ട്. അതൊക്കെ സാധാരണ സംഭവങ്ങളാണ്. അതിനെയെല്ലാം അതിജീവിച്ചു പോകുകയെന്നുള്ളത് വലിയ സംഭവമാണ്. കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ കേന്ദ്ര വിഹിതം തടഞ്ഞുവയ്ക്കുന്നതും അനാവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി കേരളത്തെ തകർക്കാൻ ശ്രമിച്ചതും നിങ്ങൾ ആരെങ്കിലും പറഞ്ഞിട്ടുണ്ടോ? നിങ്ങൾ ഒരിക്കലും ബി.ജെ.പി.-ക്കെതിരായി പറയില്ല. പറഞ്ഞു കഴിഞ്ഞാൽ നിങ്ങൾക്കറിയാം അതിൽ പ്രശ്നങ്ങളുണ്ടെന്ന്. പറഞ്ഞു കഴിഞ്ഞാൽ

നിങ്ങൾക്ക് ഈ ഗവൺമെന്റിനെ താറടിക്കാൻ സാധിക്കില്ല. അവർ ഹൈലൈറ്റ് ചെയ്ത് നിൽക്കും. അതുകൊണ്ട് ഏതൊക്കെ രീതിയിൽ ഞങ്ങളിൽ കുറ്റം കാണാമോ അതുമാത്രമേ നിങ്ങൾ കണ്ടിട്ടുള്ളൂ. കേന്ദ്ര സർക്കാരിന്റെ പ്രതികാര ബുദ്ധിയുള്ള ഏതെങ്കിലും ഒരു നടപടി നിങ്ങൾ ഇവിടെ പറയാനായി ശ്രമിച്ചിട്ടുണ്ടോ? നിങ്ങൾ പറയില്ല. എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്, വീടില്ലാത്ത നാലരലക്ഷം ആളുകൾക്ക് പിണറായി ഗവൺമെന്റ് കഴിഞ്ഞ ഏഴുവർഷംകൊണ്ട് വീട് നിർമ്മിച്ചു നൽകി. നിങ്ങൾ അപ്പോഴും പറയുന്നത്, നിങ്ങളുടെ കാലത്ത് ആറ് ലക്ഷം വീടുകൾ കൊടുത്തുവെന്നാണ്. കൊടുക്കാത്തത് കൊടുത്തുവെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ? കൊടുത്തകാര്യമേ കൊടുത്തുവെന്ന് പറയാവൂ. ഞങ്ങൾ ക്ഷേമപെൻഷൻ വർദ്ധിപ്പിച്ചു കൊടുത്തു. 600 രൂപപോലും കൊടുക്കാൻ നിർവ്വാഹമില്ലാത്ത നിങ്ങൾക്ക് ഇന്ന് സഭയിൽ വന്നിരുന്നുകൊണ്ട് മാസം 1600 രൂപ പെൻഷൻ കൊടുക്കുന്ന ഗവൺമെന്റിനെക്കുറിച്ച് കുറ്റം പറയാൻ എന്ത് യോഗ്യതയാണുള്ളത്; അത് നിങ്ങൾ മനസ്സിലാക്കണം. ഓരോ മേഖലയിലും വളരെ നല്ല രീതിയിൽ കാര്യങ്ങൾ ചെയ്ത് ഗവൺമെന്റ് പോകുമ്പോൾ ഏത് മേഖലയാണ് പുറകോട്ട് പോയിട്ടുള്ളത്..... വനം

വകുപ്പിന്റെ കാര്യം വിട്ടേയ്ക്കൂ, നല്ലരീതിയിൽ ആ വകുപ്പ് മുന്നോട്ടുപോകുന്നുണ്ട്..... ഞങ്ങളുടെ വിഷയമതല്ല, നല്ലരീതിയിൽ പ്രവർത്തിക്കുന്ന മുഖ്യമന്ത്രി, ധനകാര്യ മന്ത്രി, റവന്യൂ മന്ത്രി, ആരോഗ്യ മന്ത്രി, മന്ത്രിമാർ... ഞാൻ ഒന്നുരണ്ട് പേരുടെ പേര് പറയുന്നത് പ്രത്യേക സ്നേഹം കൊണ്ടൊന്നുമല്ല, പറഞ്ഞപ്പോൾ ക്രമത്തിൽ പറഞ്ഞുവെന്നേയുള്ളൂ. ഇവരെല്ലാം നല്ല രീതിയിൽ പ്രവർത്തിക്കുന്നു. അതുകൊണ്ട് ദൈവത്തെ ഓർത്ത് ഒരു ഉപകാരം ചെയ്യണം, നിങ്ങൾ ഞങ്ങളെ കുറ്റം പറയാതിരുന്നാൽ ഈ ഗവൺമെന്റിനെ ഞങ്ങൾ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടു പൊയ്ക്കോളാം. അങ്ങനെയാണെങ്കിൽ അടുത്ത പതിനഞ്ചുവർഷം കൂടി ഞങ്ങൾ സുഖമായി ഭരണത്തിൽ ഇരിക്കും. കാരണമെന്തെന്നു ചോദിച്ചാൽ ഭരണം ആ രീതിയിലാണ്. ഒന്നുമില്ലാതെ ഞങ്ങളെ ഞെക്കിക്കൊല്ലാൻ ശ്രമിക്കുന്ന ബി.ജെ.പി. ഗവൺമെന്റിനെ എതിർത്തുനിന്നുകൊണ്ടാണ് ഞങ്ങൾ ഭരിക്കുന്നതെന്ന് നിങ്ങൾ മറന്നുപോകരുത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് ഈ ഗവൺമെന്റിനെ വെറുതെ വിടൂ, അവർ നന്നായി ഭരിച്ചോളും. എനിക്ക് ഒരു അപേക്ഷ കൂടിയുണ്ട് ആവശ്യമില്ലാത്ത അടവുകൾ

ഇവർക്ക് പറഞ്ഞുകൊടുക്കരുത്. അങ്ങനെ കൊടുത്താൽ പ്രശ്നമാണെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. കെ. വി. സുമേഷ്: സർ, ഞാൻ ഈ അടിയന്തരപ്രമേയത്തെ അതിശക്തമായി എതിർക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ഉണ്ടാക്കിയിട്ടുള്ള ബോധപൂർവ്വമായ പ്രതിസന്ധി രാഷ്ട്രീയ ദുരുദ്ദേശ്യത്തോടെ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ തലയിൽ കെട്ടിവയ്ക്കാനുള്ള കൗശലമാണ് പ്രതിപക്ഷം ഇവിടെ പ്രകടമാക്കിയത്. വസ്തുത എന്താണ്? കേരളമെന്ന നമ്മുടെ നാട് ഈ ലോകത്തിന് അഭിമാനമാണ്. അഭിമാനമായത് വെറുതെയല്ല. 1957-ൽ ആരംഭിച്ച് 2023-ൽ നാം ഈ അടിയന്തപ്രമേയം ചർച്ച ചെയ്യുന്നതുവരെയുള്ള ഘട്ടത്തിൽ, ഞങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് അഭിമാനത്തോടെ പറയാൻ കഴിയും ലോകത്തിലെതന്നെ വളരെ ശ്രദ്ധേയമായ നാടായി ഈ കേരളത്തെ മാറ്റിയതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്കുള്ള മുന്നണിയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിയെന്ന്. കേന്ദ്ര ഗവൺമെന്റ് ഞങ്ങളോട് താൽപ്പര്യമുള്ള ഗവൺമെന്റല്ലല്ലോ; ആ ഗവൺമെന്റ് കഴിഞ്ഞ ഏഴുവർഷത്തിനിടയിൽ സംസ്ഥാനങ്ങളെ വിലയിരുത്തി പ്രഖ്യാപിച്ച ഭരണമികവിൽ വിദ്യാഭ്യാസ

നേട്ടത്തിൽ, ആരോഗ്യ മേഖലയിൽ, ആഭ്യന്തര കാര്യത്തിൽ, ഇന്ത്യയിലെ ഏറ്റവും മികച്ച സംസ്ഥാനമായി അവരെല്ലാം സൂചിപ്പിച്ച സംസ്ഥാനം ഈ കേരളമല്ലേ? ആ കേരളത്തോട് രാഷ്ട്രീയ വൈര്യനിരാതന ബുദ്ധിയും ശത്രുതാപരമായ മനോഭാവവും രണ്ടാനമ്മ മക്കളോട് സ്വീകരിക്കുന്ന സമീപനവുമാണ് കേന്ദ്രം സ്വീകരിക്കുന്നത്. ഇതൊരു ഫെഡറൽ സ്റ്റേറ്റാണ്. ഞങ്ങൾ ഔദാര്യമോ ആനുകൂല്യങ്ങളോ ചോദിച്ചില്ലല്ലോ; ഞങ്ങൾ ചോദിച്ചതെന്താ; ജനസംഖ്യാ അനുപാതത്തിൽ നമുക്ക് നൽകേണ്ട 18,000 കോടി രൂപ നൽകിയിട്ടില്ല. എന്താ യു.ഡി.എഫ്.-ന്റെ നിലപാട്? കേരളത്തിൽ എൽ.ഡി.എഫും യു.ഡി.എഫും എല്ലാ രാഷ്ട്രീയ പാർട്ടികളുമില്ലേ? ഇവിടെ ബഹുമാന്യരായിട്ടുള്ള മുൻ പ്രതിപക്ഷനേതാവ്, മുൻ മന്ത്രിയായിരുന്ന ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഇവരെല്ലാം സംസാരിച്ചപ്പോൾ നിങ്ങൾ ബോധപൂർവ്വം തമസ്കരിച്ച ഒരു കാര്യമുണ്ട്. ജനസംഖ്യാ അനുപാതത്തിൽ നമുക്ക് നൽകേണ്ട നികുതി പണം എന്തുകൊണ്ട് നൽകിയില്ലെന്ന് ചോദിക്കണ്ടേ? അത് എൽ.ഡി.എഫ്.-ന്റെ പ്രശ്നമാണോ; അത് ഞങ്ങളുടെ ഏതെങ്കിലും എം.എൽ.എ.-മാരുടെ പ്രശ്നമാണോ; എൽ.ഡി.എഫ്.-ഉം യു.ഡി.എഫ്.-ഉം ചേരുന്ന മലയാളികളുടെ

ആകെ പ്രശ്നമായിട്ടല്ലേ ഈ പ്രശ്നത്തെ നമ്മൾ കാണേണ്ടത്. കേരള വികാരം ശക്തമായി ഉയർന്നുവരേണ്ടതല്ലേ; വളരെ തന്ത്രപരമായിട്ടാണ് ഇവിടെ യു.ഡി.എഫ്.-ന്റെ ശ്രീ. റോജി എം. ജോൺ ഉൾപ്പെടെയുള്ളവർ എല്ലാവരും സംസാരിച്ചതെന്ന് നിങ്ങൾ പറഞ്ഞു. ഞങ്ങൾ അവിടെ പറയേണ്ടത് അവിടെ പറയും. ഇവിടെ പറയേണ്ടത് ഇവിടെ പറയും. എന്നാൽ ജനങ്ങൾ തെരഞ്ഞെടുത്ത പതിനെട്ട് എം.പി.മാർ അവിടെ സ്വീകരിച്ചത് കേരള വിരുദ്ധ നിലപാടല്ലേ; നിങ്ങളുടെ പതിനെട്ട് എം.പി.മാർ സ്വീകരിച്ച സമീപനമെന്താണ്? നിങ്ങൾ ഇപ്പോൾ പറയുന്നതെന്താണ്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ച് ചേർത്ത യോഗത്തിൽ ധനമന്ത്രി ഉൾപ്പെടെ റിക്വസ്റ്റ് ചെയ്തിട്ടും ഒന്നിച്ച് നിവേദനം കൊടുക്കാൻ നിങ്ങൾ തയ്യാറായോ; ആങ്ങള ചത്താലും നാത്തൂന്റെ കണ്ണീര് കാണണം. ലോക് സഭാ ഇലക്ഷനിൽ ഇത്രയും മര്യാദ ഇല്ലാത്ത, രാഷ്ട്രീയരംഗത്ത് അന്തസ്സില്ലാത്ത  നിലപാട് സ്വീകരിച്ചത് യു.ഡി.എഫ്.-ന്റെ എം.പി.മാരല്ലേ. മാത്രമല്ല, ആ പാർലമെന്റിനകത്ത് ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ, എം.പി.-യെപോലുള്ളവർ ചോദിച്ച ചോദ്യമെന്താണ്?

ഐ.ജി.എസ്.ടി.യുടെ കാര്യം പറഞ്ഞു, കേന്ദ്രം പറയുന്ന കള്ളം അതുപോലെ വിശ്വസിച്ച് നിങ്ങളിവിടെ പറയുകയാണ്. ഈ സംസ്ഥാനത്തിന് നൽകേണ്ട നികുതിപ്പണം നൽകുന്നില്ല, ജനസംഖ്യാ അനുപാതത്തിൽ ഈ സംസ്ഥാനത്തിന് നൽകേണ്ട തുക നൽകുന്നില്ല. നിങ്ങളെന്താ വിചിത്രമായി സംസാരിക്കുന്നത്; ഇവിടെ ജി.എസ്.ടി. നടപ്പിലാക്കിയില്ലേ. 'ഒരു രാജ്യം ഒരു നികുതി' എന്ന ഘടന വന്നപ്പോൾ കേരളം ആശ്രയിക്കുന്നത് ആരെയാണ്? നികുതി വരുമാനത്തെയല്ലേ; നമുക്ക് മറ്റ് വിഭവങ്ങളില്ല. നാം പരിമിതമായ സാമ്പത്തിക വരുമാനമുള്ള സംസ്ഥാനമാണ്. ആ സംസ്ഥാനത്തിന്റെ ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ സ്വാഭാവികമായും റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ലഭ്യമായി. ഇതാണ് ശ്രീ. റോജി എം. ജോണിന്റെ വാദം. കിട്ടിയിട്ടില്ലായെന്നു ഞങ്ങൾ പറഞ്ഞോ; ആ കിട്ടിയത് കൊണ്ടുമാത്രം ഇവിടെയുണ്ടായ ഡെഫിസിറ്റ് പരിഹരിക്കാൻ കഴിയുമോ? കേന്ദ്രം സ്വീകരിച്ച വഞ്ചനാപരമായ നിലപാട് എന്തുകൊണ്ടാണ് നിങ്ങൾ പറയാത്തത്. കേന്ദ്രത്തിന് കടമില്ലേ; കേന്ദ്രത്തിന് മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ അമ്പത്തിയാറ് ശതമാനവും കടമാണ്. നമുക്ക് മുപ്പത്തിനാല് ശതമാനമാണ് കടം. കോവിഡ് കാലത്ത് മുപ്പത്തിയെട്ട്

ശതമാനമുണ്ടായിരുന്ന കടം മുപ്പത്തിനാല് ശതമാനമാക്കി നമ്മൾ ചുരുക്കി. ഇത് ഭരണ മികവിന്റെ കാര്യമാണ്. ഒരു കാര്യത്തിൽ കേരളത്തിലെ ജനങ്ങൾ സന്തോഷവാന്മാരാണ്. കാരണം ഈ ഘട്ടത്തിലെങ്ങാനും യു.ഡി.എഫ്. ആണ് കേരളം ഭരിച്ചിരുന്നുവെങ്കിൽ മലയാളികളുടെ നാറാണ കല്ല് കണ്ടേനെ. ഏത് ആനുകൂല്യമാണ് നിർത്തിയത്? നിങ്ങളിവിടെ വസ്തുതാപരമായി പറയണ്ടേ; ബുദ്ധിമുട്ടുണ്ട്, ആസൂത്രിതമായി കേന്ദ്രം സംസ്ഥാനത്തോട് സ്വീകരിച്ച ശത്രുതാപരമായ മനോഭാവത്തിന്റെ ഭാഗമാണ് ആ ബുദ്ധിമുട്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടപ്പിലാക്കിയ കിഫ്ബി ഇന്ന് ലോകത്തിലെ എല്ലാ ഗവൺമെന്റുകൾക്കും മാതൃകയാണ്. ഇരുപത്തിയഞ്ചോ മുപ്പതോ വർഷങ്ങൾക്കുശേഷം നടക്കുമായിരുന്ന വിവിധ വികസന പദ്ധതികളെ കഴിഞ്ഞ ഏഴുവർഷക്കാലംകൊണ്ട് കേരളത്തിൽ അവതരിപ്പിക്കാൻ കഴിഞ്ഞുവെന്ന അഭിമാനകരമായ നേട്ടമാണ് സ്വന്തമാക്കിയിട്ടുള്ളത്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, റോഡുകൾ എന്നിവയിലുണ്ടായ മാറ്റങ്ങൾ ശ്രദ്ധേയമാണ്. ഞാൻ ആദ്യമായി എം.എൽ.എ. ആകുന്ന ആളാണ്. ഇവിടെ അമ്പതോ അതിൽക്കൂടുതലോ

പാരമ്പര്യമുള്ള പ്രതിഭാ സമ്പന്നരായ ആളുകളുണ്ട്. ഒരു സ്കൂളിൽ ഒരു എം.എൽ.എ.-യ്ക്ക് ഒരു വർഷം എത്ര ഫണ്ടാണ് കൊടുക്കാൻ കഴിയുക ? ഇത് നിസ്സാര കാര്യമായി ഇവിടെ അവതരിപ്പിക്കുകയാണ്. ഫണ്ട് നൽകുന്നതിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. എന്ന വ്യത്യാസം എപ്പോഴെങ്കിലും ഉണ്ടായോ? നമ്മുടെ നാട്ടിലെ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിൽ എത്രമാത്രം മാറ്റമുണ്ടായി. ആ മാറ്റം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയത്തിന്റെ ഭാഗമല്ലേ; ഞങ്ങളെ കുറ്റം പറയുന്ന കേന്ദ്രം അതേരീതിയിൽ ഒരു പദ്ധതി വേറെ ആവിഷ്കരിച്ചിരിക്കുകയാണ്. എന്നിട്ട് ഞങ്ങളെ കുറ്റം പറയുകയാണ്. കടമെടുപ്പ് പരിധി 3.4 ൽനിന്നും 2.2 ആക്കി കുറച്ചു. കേന്ദ്രം കടം എടുക്കുന്നില്ലേ; കേന്ദ്രം എത്രായിരം കോടി രൂപയാണ് കടമെടുക്കുന്നത്; ലോകത്ത് കടമെടുക്കാത്ത ആരാണുള്ളത്; ഒരു കുടുംബം നിങ്ങൾ എടുത്ത് പരിശോധിച്ചാൽ കേരളത്തിലെ മാനവവികസ സൂചികയിലുണ്ടായ മാറ്റം, രണ്ടോ മൂന്നോ വാഹനം ഇല്ലാത്ത ഏത് വീടാണുള്ളത്; അത് നല്ലതാണ്, നാം നേടിയെടുത്ത നേട്ടമാണ്. ഒരു ഗവൺമെന്റിന്റെ ആവശ്യകതയല്ലേ; ഒരു ഹെലികോപ്റ്റർ എടുത്തതിനെ പരിഹസിക്കുകയാണ്. ഏത് ജാമ്പവാന്റെ കാലത്താണ് നിങ്ങൾ ജിവിക്കുന്നത്; ലോകത്ത് കാലാവസ്ഥയിലുണ്ടായ

വ്യതിയാനം, ദുരന്തങ്ങൾ ആവർത്തിച്ചുവരുന്നു, ഒരുപാട് പ്രതിസന്ധികളുണ്ടാകുന്നു. ഇത് ഏറ്റവും പ്രധാനപ്പെട്ട ഒന്നായി മാറി. ആധുനിക ടെക്നോളജിയുടെ ഭാഗമായി ലോകത്തെ ഭരണം ഏറ്റവും ശക്തമായി മുന്നോട്ടുപോകണം. ശ്രീ. പിണറായി വിജയന് ഹെലികോപ്റ്ററിന്റെ ആവശ്യമില്ല. നിങ്ങൾക്ക് അദ്ദേഹത്തെ മനസ്സിലാകാത്തതുകൊണ്ടാണ്. ഹെലികോപ്റ്ററുമായി അങ്ങോട്ടുമിങ്ങോട്ടും ഓടി നടക്കാൻ മൂന്നാം ക്ലാസ് ഏർപ്പാടിന് നിൽക്കുന്ന മുഖ്യമന്ത്രി അല്ല കേരളത്തിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങളുടെ ഭരണകാലത്ത് 1,70,96,034/- രൂപയ്ക്ക് ഹെലികോപ്റ്റർ പ്രവർത്തിപ്പിച്ചു. ഞാൻ കുറ്റപ്പെടുത്തുന്നില്ല, നല്ല കാര്യമാണ്. മോശമായിട്ടല്ല. അന്നത്തെ കാര്യത്തിൽ, അന്നത്തെ മുഖ്യമന്ത്രിയും മന്ത്രിമാരും ചെയ്ത കാര്യം. അതിന് കുറ്റപ്പെടുത്തേണ്ട കാര്യമെന്താണുള്ളത്; വാഹനത്തിന്റെ കാര്യം പറഞ്ഞു. കർണ്ണാടക മുഖ്യമന്ത്രി ശ്രീ. സിദ്ധരാമയ്യ 1.46 കോടി രൂപയുടെ vellfire MPV വാഹനമാണ് വാങ്ങിയത്. ശ്രീ. സിദ്ധരാമയ്യയ്ക്ക് വാങ്ങാൻ പറ്റും ശ്രീ. പിണറായി വിജയന് പറ്റില്ലെന്ന് ഭരണങ്ങാനത്ത് പോയി പറഞ്ഞാൽ മതി. ആർഭാടത്തിന്റെ ഭാഗമാണോ അത്;

പരിപാടിക്കല്ല, മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് കയറിയ വാഹനത്തിന്റെ പേരാണ് ഞാൻ പറഞ്ഞത്. ഞങ്ങൾക്ക് അതിൽ എതിർപ്പില്ല. ഇത് ആധുനിക കാലമാണ്, ആധുനിക സംവിധാനങ്ങളുണ്ടാകും. എന്നിട്ട് പരദൂഷണം പറയുന്ന ഭാവത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കോട്ടയിൽ ഇരിക്കുന്നുവെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏത് കോട്ടയിലാണ് ഇരിക്കുന്നത്; ഈ നാട്ടിലെ ജനങ്ങളുടെ കോട്ടയിലാണ് ശ്രീ. പിണറായി വിജയൻ ഇരിക്കുന്നതെന്ന് നിങ്ങൾ കൃത്യമായി മനസ്സിലാക്കണം. അത് ഇന്ന് തുടങ്ങിയതല്ല. ഏത് ഘട്ടത്തിലാണ്; അടിയന്തരാവസ്ഥ കാലത്ത് കൂത്തുപറമ്പിലെ ലോക്കപ്പിനുള്ളിൽ ഭീകരമായ മർദ്ദനമേറ്റ് കാൽ മുഴുവൻ അടിച്ചുതകർത്ത അന്നും ശ്രീ. പിണറായി വിജയൻ നേരേ നിന്നിട്ടുണ്ട്, ഇന്നും അദ്ദേഹം നേരെ നിൽക്കും. നിങ്ങൾ വ്യക്തിപരമായി പരിഹസിക്കുകയാണ്. സാമ്പത്തിക ധനപ്രതിസന്ധിയുടെ അടിസ്ഥാനം എന്താണെന്ന് നിങ്ങൾ കാണണം. സെപ്റ്റംബർ 18 മുതൽ 22 വരെ നടക്കാൻ പോകുന്ന പാർലമെന്റ് സമ്മേളനത്തിൽ എന്താകുമെന്നാണ് നിങ്ങൾ കരുതുന്നത്; ഇന്ത്യയെയാകെ ഒരു ഓട്ടോക്രസിയിലേയ്ക്ക് കൊണ്ടുപോകാനുള്ള ലക്ഷ്യമാണ്. ഈ

നാടിനുവേണ്ടി യോജിച്ച് നിൽക്കേണ്ട ഘട്ടത്തിൽ യോജിച്ചു നിൽക്കണം. നമ്മളും നിങ്ങളും എല്ലാ കാര്യത്തിലും ഒരേ അഭിപ്രായമുള്ളവരല്ലല്ലോ; കേരളം ശ്രദ്ധയോടെ സൂക്ഷിച്ചൊരു ചിത്രത്തെക്കുറിച്ച് ഞാൻ പ്രതിപക്ഷനേതാവിന് പറഞ്ഞുതരാം. കേരളത്തിൽ പ്രളയം വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന നിങ്ങളും ഒരേ ഹെലികോപ്റ്ററിൽ പോയത് ഈ നാട് മുഴുവൻ എത്ര സന്തോഷത്തോടെയാണ് കണ്ടത്; അത് ഒരുമിച്ച് നിന്നതിന്റെ സന്തോഷമാണ്. നിങ്ങളെ ആരെല്ലാമോ കുറ്റം പറഞ്ഞു, അതുകൊണ്ട് സ്വാഭാവികമായും നിങ്ങൾ വിത്ഡ്രോ ചെയ്തു. അതിന്റെ നഷ്ടം നിങ്ങൾക്കാണുണ്ടായത്. ഇത് കേരളത്തോട് മലയാളിക്ക് അവകാശപ്പെട്ട, മലയാളിക്ക് ലഭ്യമാകേണ്ട ഈ നാടിന്റെ വികസന പ്രവർത്തനങ്ങൾ തടയാൻ ആസൂത്രിതമായി വർഗ്ഗീയ അജണ്ട കേന്ദ്രം നടപ്പിലാക്കുകയാണ്. കേന്ദ്രത്തിന്റെ ഈ ഉമ്മാക്കിയുടെയും വൈര്യനിരാതന ബുദ്ധിയുടെയും തെറ്റായ നിലപാടുകളുടെയും മുമ്പിൽ സറണ്ടർ ചെയ്യില്ലെന്ന് പ്രഖ്യാപിച്ച് മലയാളികളെ അണിനിരത്തിക്കൊണ്ട് കേന്ദ്രത്തിനുമുമ്പിൽ അഭിമാനകരമായ പോരാട്ടം ഞങ്ങൾ നടത്തും. അതുകൊണ്ട് ഈ

ധനപ്രതിസന്ധിയുടെ ഉത്തരവാദിത്തം ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കരുത്. അത് ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായി കേന്ദ്രം ഉണ്ടാക്കിയതാണ്. അതിനെതിരെ നിലപാട് സ്വീകരിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി ഞാൻ അവസാനിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന ധനപ്രതിസന്ധിയെ കൃത്യമായി സ്കാൻ ചെയ്ത് മനോഹരമായി ബഹുമാനപ്പെട്ട അംഗം റോജി എം. ജോൺ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. നമ്മുടെ സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നതെന്ന് ആദ്യമൊന്നും ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും സമ്മതിച്ചില്ല. സംസ്ഥാനം മുമ്പെങ്ങും അഭിമുഖീകരിക്കാത്ത വിധമുള്ള സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നുവെന്നത് വസ്തുതയാണെന്നും ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ധനപ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നതെന്നും നിയമസഭയിൽ നൽകിയ ഒരു ഉത്തരത്തിൽതന്നെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞിട്ടുണ്ട്. ഈ പ്രമേയം ചർച്ചയ്ക്കെടുത്തതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്.

കാരണം ഇത് ചർച്ച ചെയ്യപ്പെടേണ്ടൊരു വിഷയമാണ്. ധനപ്രതിസന്ധിയുടെ after effect എന്താണ്; ക്ഷേമ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ടി വരിക, ഖജനാവിൽ പണം ഉണ്ടാകുകയില്ല, 5 ലക്ഷം രൂപയിൽ കൂടുതലുള്ള ചെക്ക് മാറാൻ സാധിക്കുകയില്ല. 5 ലക്ഷം രൂപയ്ക്ക് ഒരു ഓട പണിയാൻ സാധിക്കുകയില്ല. യഥാർത്ഥത്തിൽ ഒരു ഓടപോലും പണിയാൻ സാധിക്കാത്ത സ്ഥിതിയിലേയ്ക്ക് സർക്കാർ മാറുകയാണ്. പണമില്ലാത്തതിനാൽ 5 ലക്ഷം രൂപയ്ക്ക് താഴെയുള്ള ചെക്കുകളും ഒരു ട്രഷറിയും മാറികൊടുക്കുന്നില്ല. കെട്ടിക്കെട്ടി വയ്ക്കുകയാണ് ചെയ്യുന്നത്. പണമില്ലെന്നത് റിയാലിറ്റിയാണ്. ഗുഡ് ഗവേണൻസ് എന്താണ്; നമ്മൾ അതിന്റെ കാരണങ്ങൾ കണ്ടെത്തുകയാണ്. അതാണ് സത്ഭരണം. ഒരു ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ജോലി എന്താണ്; കൃത്യമായി നികുതി പിരിച്ച് ആ വരുമാനത്തിനനുസരിച്ച് ചെലവ് ചെയ്ത് ജനക്ഷേമപരമായ വികസന പ്രവർത്തനങ്ങൾ നടത്തി മുന്നോട്ടുപോകുകയെന്നതാണ് ഒരു ഗവൺമെന്റിന്റെ ഏറ്റവും പ്രധാനപ്പെട്ട ജോലി.

നമ്മുടേത് ഫെഡറൽ സ്റ്റേറ്റാണ്. യൂണിയൻ ഗവൺമെന്റിന്റെ ഡിവിസിബിൾ പൂളിൽനിന്നും നമുക്ക് ലഭിക്കേണ്ട പണം ലഭിക്കണം. നമുക്ക് എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. ഉൾപ്പെടെ നികുതി കളക്ഷൻ കൃത്യമായി ലഭിക്കണം. ഇതുകൊണ്ടുണ്ടായ കാര്യങ്ങളൊന്നും വിശദീകരിക്കുന്നില്ല. എല്ലാവരും ഇവിടെ പറഞ്ഞ കാര്യങ്ങളാണ്. ഇതുകൊണ്ട് വലിയ ദുരന്തം കേരളത്തിൽ ഉണ്ടായിട്ടുണ്ട്. പണമില്ലാതെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ഞങ്ങൾ ചില വിഷയങ്ങൾ അവതരിപ്പിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിമാരുടെ മുഖം ശ്രദ്ധിച്ചാൽ അവർക്കത് സന്തോഷമാണെന്ന് മനസ്സിലാകും. കാരണം അവർക്ക് പറയാൻ സാധിക്കാത്ത പല കാര്യങ്ങളും, അവരുടെ വകുപ്പിലെ കാര്യവും ദുരിതവുമൊക്കെ ഞങ്ങളാണ് ഇവിടെ വന്ന് പറയുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും കെ.എസ്.ആർ.ടി.സി.-യുടെയും കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ഉൾപ്പെടെയുള്ള നിരവധി കാര്യങ്ങളുണ്ട്. അതിലേയ്ക്കല്ല ഞാൻ പോകുന്നത്. നമ്മൾ സത്യസന്ധമായ ഒരു സ്കൂട്ടിനി നടത്തണം. ഇതിന് ഏറ്റവും പ്രധാനപ്പെട്ടത് എന്താണ്; devolution of tax ആണ്. അതല്ലേ ഇവിടെ ചർച്ച ചെയ്യുന്നത്. കേന്ദ്രസർക്കാരിന്റെ

ഭാഗത്തുനിന്നും ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനങ്ങൾക്ക് കൊടുക്കേണ്ട പണം പതിനഞ്ചാം ധനകാര്യ കമ്മീഷനായപ്പോൾ 1.925 ശതമാനമായി കുറഞ്ഞുവെന്നത് യാഥാർത്ഥ്യമാണ്. അത് വർദ്ധിപ്പിക്കണമെന്നതാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും യു.ഡി.എഫ്-ന്റെയും കടുത്ത നിലപാട്. അത് പാർലമെന്റിലും ദേശീയതലത്തിലും പറഞ്ഞിട്ടുണ്ട്. അതിനായി ഒരുമിച്ച് നിന്ന് പോരാടാൻ നിങ്ങൾ തയ്യാറാകണം. അക്കാര്യത്തിൽ ഒരു തർക്കവുമില്ല. പക്ഷെ നമ്മൾ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതെ.... അങ്ങ് നൽകിയിരിക്കുന്ന ചില ഉത്തരങ്ങളെക്കുറിച്ചെല്ലാം ശ്രീ. റോജി എം. ജോൺ മനോഹരമായി പറഞ്ഞു. 1.92 ശതമാനം പോയപ്പോൾ 2021 മുതൽ 2026 വരെ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റായി 53,000 കോടി രൂപ ലഭിച്ചു. ഇന്ത്യയിൽ 16 സംസ്ഥാനങ്ങൾക്കാണ് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ലഭിച്ചത്. ഇന്ത്യയിൽ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് ഏറ്റവും കൂടുതൽ ലഭിച്ച സംസ്ഥാനങ്ങൾ കേരളവും വെസ്റ്റ് ബംഗാളുമാണ്. ആ 53000 കോടി രൂപ അവർ കുറച്ച് വർഷങ്ങളായി ഡിവൈഡ് ചെയ്ത് കൊടുത്തു. അതിൽ കഴിഞ്ഞ വർഷത്തെക്കാൾ കുറവ് ഈ വർഷമാണെന്ന് പറയുന്നത് ശരിയല്ല. കാരണം അത് ഈ വർഷംകൂടി

മാത്രമേ ലഭിക്കുകയുള്ളൂ. അത് കൊടുത്തു. ഇവിടത്തെ പ്രശ്നം എന്താണ്; നമ്മുടെ നികുതി പിരിവാണ് ഏറ്റവും പ്രധാനം. അത് നമ്മൾ ഫലപ്രദമായി ചെയ്തിട്ടുണ്ടോയെന്നാണ് പരിശോധിക്കപ്പെടേണ്ടത്. VAT-ൽ നിന്ന് GST-യിലേക്ക് മാറി. VAT ഉം GST-യും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസം സംസ്ഥാന നികുതി വകുപ്പിന് ഇതുവരെ മനസ്സിലായിട്ടില്ലേ; മാന്യുഫാക്ച്ചറിംഗ് പോയിന്റിലാണ് ടാക്സ് വരുന്നത്. ഇവിടെ ജി.എസ്.ടി.-യിൽ ഡെസ്റ്റിനേഷൻ പ്രിൻസിപ്പിളാണ്. 80 ശതമാനം വസ്തുക്കളും അന്തർസംസ്ഥാന വ്യാപാരത്തിലൂടെ ഇറക്കുമതിയിലൂടെ വരുന്ന സംസ്ഥാനമാണ് കേരളം. ഇന്ത്യാ ഗവൺമെന്റ് ജി.എസ്.ടി. കൊണ്ടുവന്നപ്പോൾ ഇന്ത്യയിൽ ഏറ്റവും കൂടുതൽ നികുതി വരുമാനം വർദ്ധിക്കേണ്ട ഒന്നാമത്തെ സംസ്ഥാനമായിരുന്നു കേരളം. ജി.എസ്.ടി. ഇൻസ്റ്റാൾ ചെയ്തപ്പോൾ ഏറ്റവും കൂടുതൽ നികുതി കിട്ടേണ്ട ഈ രാജ്യത്തെ ഒന്നാമത്തെ സംസ്ഥാനം കേരളമായിരുന്നുവെന്നാണ് നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷന്റെ ഫൈൻഡിംഗ്. നികുതി കിട്ടിയോ; കിട്ടിയില്ല. എന്തുകൊണ്ട് കിട്ടിയില്ല; VAT-ൽ ഉണ്ടായിരുന്ന ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം (നികുതി ഭരണ സംവിധാനം), അത് ജി.എസ്.ടി.ക്ക്

അനുരോധമായി മാറ്റി പുനഃസംഘടിപ്പിക്കണം. ഇതിനെക്കുറിച്ച് നിയമസഭയിൽ അപ്പുറത്തും ഇപ്പുറത്തും ഇരുന്ന് ഏറ്റവും കൂടുതൽ പ്രാവശ്യം സംസാരിച്ച ഒരാളാണ് ഞാൻ. ഇന്ത്യയിൽ ഒന്നോ രണ്ടോ ചെറിയ സംസ്ഥാനങ്ങളൊഴികെ 95 ശതമാനം സ്റ്റേറ്റും അത് റീസ്ട്രക്ച്ചർ ചെയ്തു. ഞാനിത് പറഞ്ഞപ്പോൾ മുൻധനകാര്യ വകുപ്പുമന്ത്രി എന്നോട് പറഞ്ഞത്, എന്തിനാണ് അതിപ്പോൾ ചെയ്യുന്നത്, നമുക്ക് കോമ്പൻസേഷൻ കിട്ടുകയല്ലേ എന്നാണ്. ഞാൻ രണ്ട് പ്രശ്നങ്ങളുയർത്തി. ഒന്ന് നമ്മുടെ വരുമാനം ഗണ്യമായി കുറയും. കാരണം ചെക്ക് പോസ്റ്റില്ല, ക്യാമറയില്ല. സംവിധാനമില്ല. അതിന്റെ ദുരന്തം എന്താണെന്ന് അറിയാമോ? നമ്മുടെ സംസ്ഥാനത്തേയ്ക്ക് സാധനങ്ങൾ രണ്ട് രീതിയിലാണ് വരുന്നത്. ഒന്ന്, B2B (Business-to-Business) അവിടെ നിന്നും സാധനങ്ങൾ വാങ്ങി ഇവിടെ കൊണ്ടുവന്ന് വിൽക്കും. രണ്ടാമത് B2C (Business-to-Consumer) ആണ്. നമ്മൾ വീട് വയ്ക്കാൻ ടൈൽ വാങ്ങിച്ചുകൊണ്ടുവരും, അതാണ് ബിസിനസ് ടു കസ്റ്റമറുടേത്. ഈ രണ്ട് രീതിയിലും വലിയ നികുതി വെട്ടിപ്പാണ് നമ്മുടെ സംസ്ഥാനത്ത് നടക്കുന്നത്. കേരളം ഇപ്പോൾ നികുതി വെട്ടിപ്പുകാരുടെ പറുദീസയായി മാറിയിരിക്കുകയാണെന്ന ഗുരുതരമായ ആരോപണം

ഉന്നയിക്കുന്നു. ഒരേ ബിൽ ഉപയോഗിച്ച് പലതവണ ചരക്ക് കടത്തുകയും ബില്ലിൽ രേഖപ്പെടുത്തിയതിനെക്കാൾ കൂടുതൽ അളവിൽ സാധനങ്ങൾ കൊണ്ടുവരികയും ബില്ലിൽ വില കുറച്ച് രേഖപ്പെടുത്തുകയും ചെയ്യുന്നു. 2020 ഡിസംബറിൽ പ്രതിപക്ഷം ഈ സഭയിൽ ഒരു വൈറ്റ് പേപ്പർ അവതരിപ്പിച്ചു. ഞങ്ങളുടെ സൂചനകളും മുന്നറിയിപ്പുകളും ഉത്കണ്ഠകളുമാണ് ആ ഡോക്യുമെന്റിലുണ്ടായിരുന്നത്. അതിൽ പറഞ്ഞ കാര്യങ്ങളാണ് കേരളത്തിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. അന്ന് ഡോ. തോമസ് ഐസക് പറഞ്ഞത് കോമ്പൻസേഷൻ കിട്ടുമെന്നാണ്. അഞ്ച് കൊല്ലം കഴിയുമ്പോൾ കോമ്പൻസേഷൻ ലഭിക്കുന്നത് അവസാനിക്കുമെന്നും കോമ്പൻസേഷൻ പീരിയഡ് തീരുന്നതിനുമുമ്പ് ഇത് സിസ്റ്റമൈസ് ചെയ്തില്ലെങ്കിൽ പരിതാപകരമായ അവസ്ഥയിലേയ്ക്ക് പോകുമെന്നും സിസ്റ്റം പരാജയപ്പെടുമെന്നും ഞാൻ പറഞ്ഞു. ഇതെല്ലാം സഭാ രേഖയിലുണ്ട്. അക്ഷരാർത്ഥത്തിൽ സംഭവിച്ചതെന്താണ്? സിസ്റ്റം ദയനീയമായി പരാജയപ്പെട്ടു. ആളുകൾ സാധനങ്ങൾ ഇവിടെകൊണ്ടുവന്ന് വിൽക്കുകയാണ്. ഒരാൾ 28 ശതമാനം ടാക്സുള്ള ടൈൽസ് കേരളത്തിൽ കൊണ്ടുവന്ന് വിൽക്കുകയാണ്. അതേസമയം വാടകയും ഇലക്ട്രിസിറ്റി ചാർജ്ജും

വെള്ളക്കരവും കൊടുത്ത് ജീവനക്കാരെ വച്ച് കച്ചവടം ചെയ്യുന്നവന്റെ കട പൂട്ടിപ്പോകുകയാണ്. അവൻ നമ്മുടെ ശത്രുവല്ല. He is the genuine taxpayer. കള്ളക്കച്ചവടം നടക്കുമ്പോൾ എന്താണ് സംഭവിക്കുന്നത്; ആരാണ് കട പൂട്ടിപ്പോകുന്നത്; ആരുടെ കടയാണ് ഷട്ടർ ഇടുന്നത്? Genuine taxpayer-യുടെ കടയാണ് പൂട്ടിപ്പോകുന്നത്. അവർ തകർന്നാൽ സംസ്ഥാനത്തിന്റെ വരുമാനമാണ് തകരുന്നത്. അന്ന് അതൊന്നും കണ്ടുമില്ല ശ്രദ്ധിച്ചുമില്ല. ഊട് വഴിയിലും ചെക്ക്പോസ്റ്റുകളിലും ക്യാമറ വയ്ക്കുമെന്ന് പിന്നീട് പറഞ്ഞു. പക്ഷേ അതെല്ലാം പരാജയപ്പെട്ടു. ക്യാമറകളൊന്നും പ്രവർത്തിക്കുന്നില്ല. ആർക്കുവേണമെങ്കിലും സാധനങ്ങൾ കൊണ്ടുവരാം. അതുകൊണ്ടാണ് നികുതി വെട്ടിപ്പുകാരുടെ പറുദീസയാണ് കേരളമെന്ന് ഞാൻ പറഞ്ഞത്. ഇവിടെ ഒരു ഇന്റലിജൻസ് സംവിധാനവുമില്ല. ബഹുമാനപ്പെട്ട മന്ത്രി, അങ്ങയുടെ കൈകളിലല്ല ഇന്റലിജൻസ് സംവിധാനം. ചില സംഘടനകളാണ് ഇന്റലിജൻസിലേയ്ക്ക് ആളുകളെ റിക്രൂട്ട് ചെയ്യുന്നത്. അവരത് സംഘടനാപരമായി വേറെ രീതിയിൽ ഉപയോഗിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൂടി അറിയണം, ഇന്റലിജൻസ് സംവിധാനം സ്റ്റേറ്റിന് നഷ്ടം വരുത്തുകയാണ്. അവർ ഒരു പണിയും ചെയ്യുന്നില്ല;

സെറ്റിൽമെന്റാണ്. സ്റ്റേറ്റിന് കിട്ടുന്ന വരുമാനമായ എസ്.ജി.എസ്.ടി. തന്നെ ഗൗരവമായി കുറഞ്ഞു. 80 ശതമാനം സാധനങ്ങളും പുറത്തുനിന്ന് വരുന്ന ഈ സംസ്ഥാനത്ത് ഇപ്പോൾ കിട്ടുന്ന എസ്.ജി.എസ്.ടി.-യുടെ ഒന്നര ശതമാനം ഇരട്ടി ഐ.ജി.എസ്.റ്റി. ലഭിക്കും. എസ്.ജി.എസ്.ടി.-യും ഐ.ജി.എസ്.ടി.-യും തമ്മിലുള്ള അനുപാതം 2:3 ആണ്. ഐ.ജി.എസ്.ടി. എങ്ങനെയാണ് ലഭിക്കുന്നത്? വേറൊരു സംസ്ഥാനത്തുനിന്ന് കേരളത്തിലെത്തുന്ന 100 കോടി രൂപയുടെ സാധനത്തിന്റെ ടാക്സ് എത്രയാണോ അതിന്റെ 25 ശതമാനമാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്. ബാക്കി ടാക്സ് എവിടെയാണ് പോകുന്നത്? അതായത് 20 കോടി രൂപയുടെ ടാക്സാണുള്ളതെങ്കിൽ, സംസ്ഥാനത്തിന് 5 കോടി രൂപ മാത്രമേ ലഭിക്കുകയുള്ളൂ, ബാക്കി 15 കോടി രൂപ അത് വരുന്ന സ്ഥലത്തെ റെക്കോർഡിലായിരിക്കും. അതാണ് ഐ.ജി.എസ്.ടി.; എസ്.ജി.എസ്.ടി.യായി 25 ശതമാനമേ ലഭിക്കുകയുള്ളൂ. 75 ശതമാനം ഐ.ജി.എസ്.ടി. അത് വരുന്ന സംസ്ഥാനത്തിനാണ് ലഭിക്കുന്നത്. ആ 75 ശതമാനം സെൻട്രൽ പൂളിലേയ്ക്കാണ് പോകുന്നത്. അത് എങ്ങനെയാണ് നമ്മൾ തിരിച്ച് പിടിക്കേണ്ടത്; നമുക്ക് അവകാശപ്പെട്ടതാണത്. അതിന് ശരിയായിട്ടുള്ള ഡോക്യുമെന്റ്സ്

ഹാജരാക്കണം. അതിനുവേണ്ടി ഡീലർമാരെയും ഉദ്യോഗസ്ഥരെയും പ്രോപ്പറായി പരിശീലിപ്പിച്ച് ഇൻപുട്ട് ക്രെഡിറ്റ് മെക്കാനിസം നന്നായി ചെയ്ത് സെറ്റിൽമെന്റ് പ്രൊവിഷൻസ് ശരിയാക്കി സംസ്ഥാനം ഇതിന്റെ ഇ-റിട്ടേൺസ് കൊടുത്താൽ സെൻട്രൽ പൂളിൽനിന്ന് അതത് സംസ്ഥാനത്തിന് അർഹമായ ഐ.ജി.എസ്.ടി.-യുടെ വിഹിതം ലഭിക്കും. എന്നാൽ ശരിയായിട്ടുള്ള ഡോക്യുമെന്റ്സ് ഹാജരാക്കുന്നതിൽ അങ്ങയുടെ നികുതി വകുപ്പ് പരിതാപകരമായി പരാജയപ്പെട്ടു. അതുകൊണ്ടുണ്ടായ നഷ്ടം ഇപ്പോഴത്തെ എസ്.ജി.എസ്.ടി. കണക്കാക്കിയാൽ മാത്രം 25,000/- കോടി രൂപയാണ്. കള്ളക്കച്ചവടം നടക്കുന്നതുകൊണ്ടാണ് എസ്.ജി.എസ്.ടി.-യിൽ 25,000/- കോടി രൂപയുടെ കുറവുണ്ടായത്. അപ്പോൾ അതിന്റെ ഐ.ജി.എസ്.ടി. കൂടി കൂട്ടുമ്പോൾ എത്ര രൂപയുടെ നഷ്ടമുണ്ടാകും? ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം കൃത്യമായി ഫംഗ്ഷൻ ചെയ്യാത്തതുകൊണ്ട് കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് 50,000-നും 75,000 കോടി രൂപയ്ക്കുമിടയിൽ നഷ്ടമുണ്ടായിട്ടുണ്ട്. നിങ്ങളുടെ മാത്രമല്ല, മുൻ ധനകാര്യ വകുപ്പുമന്ത്രി ചെയ്തുവച്ചതിന്റെ തുടർച്ചയാണിത്, അപകടമാണിത്. ഇതുസംബന്ധിച്ച് ഞങ്ങൾ പറഞ്ഞപ്പോൾ നിങ്ങൾ ശ്രദ്ധിച്ചില്ല. വൈറ്റ് പേപ്പറിലും ഇതേ

പോയിന്റ് ഞാൻ സഭയിലും പറഞ്ഞപ്പോഴും നിങ്ങൾ ശ്രദ്ധിച്ചില്ല. നിങ്ങളുടെ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ (ഗിഫ്റ്റ്)-ന്റെ റിപ്പോർട്ടിലും ഇതുതന്നെ പറഞ്ഞു. എന്നിട്ടും നിങ്ങൾ കണ്ടില്ല. ഞങ്ങൾ പറഞ്ഞതുതന്നെ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയും അടിവരയിട്ടു പറഞ്ഞതിൽ സന്തോഷമുണ്ട്. ഞങ്ങൾ ഗവൺമെന്റിനെ തിരുത്താൻ വേണ്ടി കൂടിയാണ് നിൽക്കുന്നത്. ഞങ്ങൾ തുടർച്ചയായി പറഞ്ഞിരുന്ന കാര്യമാണ്. ഐ.ജി.എസ്.ടി. കളക്ഷനിൽ പരാജയപ്പെട്ടത് എന്തുകൊണ്ടാണെന്ന് പരിശോധിക്കണം. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷന്റെയും എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെയും റിപ്പോർട്ടുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വായിക്കണം. എവിടെയാണ് നികുതി ഭരണ സംവിധാനം പരിതാപകരമായി പരാജയപ്പെട്ടതെന്ന് പരിശോധിക്കണം. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഈ ധനപ്രതിസന്ധിയുണ്ടാകില്ലായിരുന്നു. കേന്ദ്രം നൽകിയില്ലെങ്കിൽ ഫൈറ്റ് ചെയ്ത് വാങ്ങിക്കണം. പക്ഷേ അതിന് നമ്മൾ ചെയ്യേണ്ട കാര്യം ചെയ്തോ? നമ്മുടെ നികുതി പിരിവ് പൂർണ്ണമായും പാളിപ്പോയി. ജി.എസ്.ടി. കോമ്പൻസേഷൻ ലഭിക്കുന്നത് അവസാനിച്ചു. ജി.എസ്.ടി. നിലവിൽവന്ന് അഞ്ചുവർഷംകൊണ്ട് വിലക്കയറ്റമുണ്ടായി. ഇത്

എന്റെ കണക്കല്ല, ഔദ്യോഗിക കണക്കാണ്. വിലക്കയറ്റം 80 ശതമാനം മുതൽ 100 ശതമാനം വരെയെത്തി എന്നുപറഞ്ഞാൽ 100 ശതമാനം ടേൺ ഓവർ കൂടിയെന്നാണ്. ടേൺ ഓവർ കൂടുമ്പോൾ ടാക്സ് കളക്ഷൻ ഇരട്ടിയാകേണ്ടതാണ്. വിലക്കയറ്റം വരുമ്പോൾ സാധാരണ ധനകാര്യ വകുപ്പുമന്ത്രിമാർ സന്തോഷിക്കും. കാരണമെന്താണ്? വിലക്കയറ്റമുണ്ടാകുമ്പോൾ ടേൺ ഓവർ വർദ്ധിച്ചതിന്റെ ഫലമായി ടാക്സ് കളക്ഷൻ കൂടും. 100 രൂപയുടെ സാധനത്തിന് 200 രൂപയാകുമ്പോൾ, 28 ശതമാനം ടാക്സുണ്ടായിരുന്ന സാധനത്തിന് 28 രൂപ കിട്ടിയിരുന്നത് 56 രൂപയായി മാറും. ഞാൻ പറഞ്ഞത് ടാക്സ് കളക്ഷന്റെ കണക്കാണ്. ഇവിടെ ടാക്സ് കളക്ഷൻ വർദ്ധിച്ചതായി കാണുന്നില്ല. ആ കണക്ക് എവിടെ പോയി? എന്റെ കൈയിൽ ബഡ്ജറ്റ്-ഇൻ-ബ്രീഫ് ഡോക്യുമെന്റുണ്ട്. അതിൽ ടാക്സ് കളക്ഷൻ വർദ്ധിച്ചതായി കാണുന്നില്ല. ടാക്സസ് ഡിപ്പാർട്ടുമെന്റിൽ 10-700 പേർ വേറൊരു പണിയുമില്ലാതെ ഓഡിറ്റിംഗ് എന്ന് പറഞ്ഞ് വെറുതെയിരിക്കുകയാണ്. ഇതിനുമുമ്പുള്ള വാറ്റിൽനിന്നുള്ള കുടിശ്ശിക കളക്ട് ചെയ്യുന്നതിൽ അതിനേക്കാൾ പരിതാപകരമായി പരാജയപ്പെട്ടു. ഡോ. തോമസ് ഐസക്കിന്റെ കാലത്തുതന്നെ പരാജയപ്പെട്ടു. പ്രോപ്പറായ

സോഫ്റ്റ്‌വെയറോ മോഡ്യൂളോ തയ്യാറാക്കാൻ കഴിഞ്ഞില്ല. മോഡ്യൂളുണ്ടാക്കിയപ്പോൾ പെട്ടിക്കടക്കാരന് 500 കോടി രൂപയുടെ അസസ്സ്മെന്റ് റിട്ടേൺ അയച്ചു. ചെറിയ കടകൾക്ക് 250 കോടി രൂപ, 300 കോടി രൂപ, 400 കോടി രൂപയുടെ അസസ്സ്മെന്റ് റിട്ടേൺ തെറ്റായി അയച്ചു. കോടതിക്ക് വരെ ഇടപെടേണ്ടി വന്നു. അവസാനം കുടിശ്ശിക പിരിക്കാൻ സാധിച്ചില്ല. കാരണം അതിന്റെ പീരിയഡ് തീരുകയാണ്. പത്ത് വർഷങ്ങൾ കഴിഞ്ഞതിനുശേഷം അരിയേഴ്സ് പിരിക്കാൻ സാധിക്കില്ലെന്നുള്ളത് ഉദ്യോഗസ്ഥർക്കറിയാം. അതായത് ആ കാശ് കിട്ടുകയില്ല. പതിമൂന്നായിരം കോടി രൂപയുടെ അരിയേഴ്സാണ് ലഭിക്കാനുണ്ടായിരുന്നത്. അത് പിരിക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടുവെന്നത് യാഥാർത്ഥ്യമാണ്. നികുതി പിരിവ് മുഴുവൻ പാളിപ്പോയി. കൂടാതെ സ്വർണ്ണം, മദ്യം, സർവ്വീസ് സെക്ടർ, സിമന്റ്, കമ്പി ഉൾപ്പെടെയുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ, ടെക്സ്റ്റൈൽസ് എന്നിവിടങ്ങളിലെല്ലാം ടാക്സ് കളക്ഷനിൽ ഉണ്ടാകേണ്ടിയിരുന്ന യഥാർത്ഥ വർദ്ധനവുണ്ടായില്ല. സ്വർണ്ണത്തിൽനിന്നുള്ള ടാക്സ് കളക്ഷൻ നേരെ താഴേയ്ക്ക് പോകുകയാണ്. വേൾഡ് ഗോൾഡ് കൗൺസിൽ പറഞ്ഞ കണക്ക് കേരളമാണ് എറ്റവും വലിയ ഗോൾഡ് മാർക്കറ്റ് എന്നാണ്.

സ്വർണ്ണത്തിൽനിന്ന് പത്ത് കൊല്ലം മുമ്പ് കിട്ടിയിരുന്ന ടാക്സ് കളക്ഷൻ ഇന്ന് കിട്ടുന്നില്ല, അത് എവിടെപ്പോയി? സ്വർണ്ണം പുറത്താണ് വിൽക്കപ്പെടുന്നത്. അതാണ് മേരി ജോർജ്ജിന്റെ റിപ്പോർട്ട് ശ്രീ. റോജി എം. ജോൺ വായിച്ചത്. സ്വർണ്ണത്തിൽനിന്നും 18,000 കോടി രൂപ വരെ ടാക്സ് ലഭിക്കാം, അത്രയും വേണ്ട, 5000 കോടി രൂപ ലഭിക്കുമോ? സ്വർണ്ണത്തിന്റെ വില ഇപ്പോൾ എത്രയാണ്? ഒരു ഗ്രാം സ്വർണ്ണത്തിന് ഇപ്പോഴുള്ളതിന്റെ പത്തിലൊന്ന് വിലയുണ്ടായിരുന്നപ്പോൾ കിട്ടിയ ടാക്സുപോലും ഇപ്പോൾ പത്തിരട്ടി വിലയായപ്പോൾ ലഭിക്കുന്നില്ല. ഇപ്പോൾ ഗ്രാമിന് 5000 രൂപ വിലയുണ്ട്. ഗ്രാമിന് 500 രൂപയുണ്ടായിരുന്നപ്പോൾ കിട്ടിയ ടാക്സ് പോലും ഒരു ഗ്രാം സ്വർണ്ണത്തിന് 5000 രൂപയായി വർദ്ധിച്ചപ്പോൾ കിട്ടുന്നില്ലായെന്നു പറഞ്ഞാൽ എന്തിനാണ് നിങ്ങൾ അധികാരത്തിലിരിക്കുന്നത്; ആ പൈസ എവിടെ പോയി; ആളുകൾ സ്വർണ്ണം വാങ്ങുന്നില്ലേ? കേരളത്തിൽ സ്വർണ്ണത്തിന്റെ കൺസംപ്ഷൻ അതിഭയങ്കരമായി കൂടി. ഗ്രാമിന്റെ വില വർദ്ധിച്ചതുകൊണ്ട് സ്വർണ്ണത്തിന്റെ ടേൺ ഓവർ പത്തിരട്ടിയായി വർദ്ധിച്ചു. എന്നിട്ടും പത്തുവർഷം മുമ്പുണ്ടായിരുന്ന ടാക്സ് തുകയുടെ അത്രയും പോലും ഇപ്പോൾ കളക്ട് ചെയ്യാൻ സാധിക്കുന്നില്ല. അതുപോലെ ബാറുകളിൽ

പ്രോപ്പറായി ഓഡിറ്റ് ചെയ്യാത്തതിനാൽ അവിടെനിന്നും ഒന്നുംകിട്ടുന്നില്ല. കേരളത്തിന്റെ ഗ്രോത്തിനെക്കുറിച്ച് ഇവിടെ ആരോപറഞ്ഞു. സാധാരണ കേരളത്തിന്റെ ഗ്രോത്ത് എങ്ങനെയാണ്? അഗ്രിക്കൾച്ചറൽ ഗ്രോത്തല്ല, വ്യവസായങ്ങളുടെ ഗ്രോത്തല്ല, നമ്മുടെ ജി.ഡി.പി.യുടെ വളർച്ച നിർമ്മാണമേഖലയിൽനിന്നാണ്, അവിടെനിന്നാണ് കൂടുതൽ ടാക്സ് കളക്ഷനുള്ളത്. Business-to-Consumer (B2C) ബിസിനസ്. എന്നാൽ കെട്ടിടനിർമ്മാണ സാമഗ്രികളാണ് ഏറ്റവും കൂടുതൽ ഇവിടെ ബ്ലാക്കിൽ വിൽക്കപ്പെടുന്നത്. യഥാർത്ഥ നികുതിദായകനും സംസ്ഥാനത്തിന്റെ വരുമാനവും തകർന്നുപോകും. ഗുരുതരമായ ഒരു സ്ഥിതിവിശേഷത്തിലേയ്ക്ക് പോകുകയാണ്. ഇന്ധന സെസ് രണ്ട് രൂപ കൂട്ടിയപ്പോൾ അത് അപകടമാണെന്ന് ഞങ്ങൾ പറഞ്ഞു. കൂട്ടുന്നത് രണ്ടുരൂപയുടെ സെസ്സല്ലേ, പോകട്ടെയെന്നുപറഞ്ഞു. ഒരു പൂവിൽനിന്നും പൂമ്പാറ്റ തേൻ നുകരുന്നതുപോലെയാവണം ടാക്സ് ഇംപോസ് ചെയ്യാനെന്നാണ് കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ പറഞ്ഞിട്ടുള്ളത്. പൂവ് പോലും അറിയരുതെന്നാണ്. അതായത് ജനങ്ങളെ വേദനിപ്പിക്കാതെയാകണം ടാക്സ് പിരിക്കേണ്ടത്. ഇന്ധന സെസ്സ് രണ്ടുരൂപയല്ലേയുള്ളൂ, അത് ഒരു

കാരണവശാലും പിൻവലിക്കില്ലെന്ന ശക്തമായ നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെടുത്തു. അതിന്റെ ഫലമായി എന്തുസംഭവിച്ചു? ഡീസലിന്റെ ഉപഭോഗം കേരളത്തിൽ ഗണ്യമായി കുറഞ്ഞു. 2022 ഏപ്രിൽമാസം ഡീസൽ വിറ്റുപോയതിനെക്കാൾ കുറവാണ് 2023 ഏപ്രിൽ മാസത്തിൽ വിറ്റത്. വെക്കേഷൻ സമയമായതുകൊണ്ട് മേയ് മാസത്തിൽ ചെറിയ വർദ്ധനവുണ്ടായി, എന്നാൽ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഡീസലിന്റെ ഉപഭോഗം വീണ്ടും ഗണ്യമായി കുറഞ്ഞു. ഫ്യൂവൽ സെസ് രണ്ടു രൂപ വർദ്ധിപ്പിച്ചതിന്റെ ഗുണം എക്സ്ചെക്കറിൽ കിട്ടിയോ? കിട്ടിയില്ലെന്നുമാത്രമല്ല, ഇത് കൂട്ടിയില്ലായിരുന്നെങ്കിൽ കിട്ടുമായിരുന്ന വരുമാനംപോലും നിങ്ങൾക്ക് കിട്ടിയിട്ടില്ല. അതുസംബന്ധിച്ച കൃത്യമായ കണക്ക് എന്റെ കൈവശമുണ്ട്. സമയമില്ലാത്തതിനാൽ അത് ഞാൻ വായിക്കുന്നില്ല. എത്ര ലിറ്റർ ഡീസൽ വിറ്റു. ഇപ്പോൾ മംഗലാപുരത്തുനിന്നും തമിഴ്നാട്ടിൽനിന്നും ഡീസൽ വാങ്ങിക്കൊണ്ടുവന്ന് ഇവിടെ ബ്ലാക്കിൽ വിൽക്കുകയാണ്. വലിയ ട്രക്കുകൾ വരുമ്പോൾ കേരള അതിർത്തിയായ മാഹിയിൽനിന്നും മറ്റും ഡീസൽ ഫുൾടാങ്ക് അടിക്കുകയാണ്. ഡീസലിന്റെ വിലയിലുള്ള വ്യത്യാസംതന്നെയാണ് ഇതിന് പ്രധാന കാരണം. നികുതി

വെട്ടിച്ചുള്ള ഡീസൽ വിൽപ്പനയാണ് നടക്കുന്നത്, ഡീസലിന്റെ കൺസംപ്ഷൻ കുറയുന്നില്ല. മറ്റെവിടെനിന്നെങ്കിലും ഡീസൽ അടിക്കുന്നുണ്ട്. ബുദ്ധിയില്ലാത്ത തീരുമാനമെടുത്തതിനാൽ കേരളത്തിന്റെ എക്സ്ചെക്കറിലേയ്ക്കുള്ള വരുമാനം നിലച്ചു. ഞങ്ങൾ സമരമൊക്കെ ചെയ്തു. ഡീസലിന്റെ വില കൂട്ടുന്നത് നല്ലതല്ല, ആർട്ടിഫിഷ്യലായ വിലക്കയറ്റം സമൂഹത്തിലുണ്ടാകുമെന്ന് ഞങ്ങൾ ഗൗരവമായി പറഞ്ഞു. പക്ഷേ നിങ്ങൾ വാശിപിടിച്ചു.

മി. സ്പീക്കർ: പ്ലീസ്.........

ശ്രീ. വി. ഡി. സതീശൻ: സർ, അപ്പോൾ നിങ്ങൾ വളരെ വാശിയോടുകൂടി പറഞ്ഞത്, പ്രഖ്യാപിച്ചത് പിൻവലിച്ച ചരിത്രമില്ലെന്നാണ്. പ്രഖ്യാപിച്ചതിന്റെ ചരിത്രമാണ് ഞാൻ പറഞ്ഞത്. എത്ര ലിറ്റർ ഡീസലിന്റെ ഉപഭോഗമാണ് കേരളത്തിൽ കുറഞ്ഞത്? ഒരു കോടി ലിറ്റർ ഡീസലിന്റെ കുറവാണ് വന്നിരിക്കുന്നത്. രണ്ടുരൂപയുടെ ടാക്സ് മാത്രമല്ല പോകുന്നത്. സെൻട്രൽ ഷെയറായി പോകുന്നതിന്റെ സ്റ്റേറ്റ് ഷെയർ നമുക്ക് കിട്ടണ്ടേ. അത് കർണ്ണാടകത്തിലും തമിഴ്നാട്ടിലും പോകുകയാണ്. ഈ രണ്ട് രൂപ കൂടാതെ ഒരു ഫിക്സഡ് ടാക്സുണ്ടല്ലോ, ഒരു ലിറ്റർ ഡീസലടിച്ചാൽ സെൻട്രൽ

ഗവൺമെന്റിനാണ് കൂടുതൽ ടാക്സ് ലഭിക്കുന്നത്. അതിന്റെ ഒരു മേജർ ഷെയർ സ്റ്റേറ്റിന് കിട്ടും. അതും കിട്ടിയില്ല. രണ്ട് രൂപ കൂട്ടിയതുകൊണ്ട് ഇവിടെ നിലവിലുണ്ടായിരുന്ന വളരെ വലിയ നഷ്ടം പിന്നെയും വർദ്ധിച്ചു. ഈ ഗവൺമെന്റിന്റെ നികുതിപിരിക്കുന്നതിലുള്ള പരാജയമാണെന്ന കാര്യം വളരെ കൃത്യമാണ്. ഞാൻ ധൂർത്തിനെക്കുറിച്ചോ ചെലവ് കൂട്ടുന്നതിനെക്കുറിച്ചോ പറഞ്ഞില്ല. സാധാരണ വീടുകളിൽ ചെറിയ വരുമാനമേയുണ്ടാകുകയുള്ളൂ. അവർ വരുമാനമറിയാതെ ചെലവ് ചെയ്യും. അതായത് ഇൻസ്റ്റാൾമെന്റിൽ എല്ലാ സാധനങ്ങളും വാങ്ങും. ഇപ്പോൾ 99 രൂപയ്ക്ക് കാറ് കിട്ടും. 100 രൂപകൊടുക്കുമ്പോൾ 1 രൂപ തിരിച്ചുംതരും, ഒരു കാറും കിട്ടും, കുറേ പേപ്പറുകളിൽ ഒപ്പിട്ടുകൊടുക്കേണ്ടിവരും. ഒരു മാസം കഴിയുമ്പോൾ പ്രതിമാസം അടയ്ക്കേണ്ട തുകയുടെ ബിൽ വന്നുകൊണ്ടിരിക്കും. ഇങ്ങനെ ആളുകൾ വരുമാനമറിയാതെ ജീവിക്കും. അവസാനം കടക്കാര് വീട്ടിൽ വന്ന് ബഹളമുണ്ടാക്കുകയും ദ്വയാർത്ഥത്തിൽ സംസാരിക്കുകയും ചെയ്യും. അപ്പോൾ വീട്ടുകാർ എന്തുചെയ്യും? അവർ ഐസ്ക്രീം വാങ്ങി വിഷം കലർത്തി കുട്ടികൾക്കും കൊടുക്കും അവർ തൂങ്ങി മരിക്കും. ഇല്ലെങ്കിൽ കുട്ടികളെ കിണറ്റിലിട്ടിട്ട് അവരും ചാടും. അത്തരത്തിൽ കൂട്ട

ആത്മഹത്യ കൂടുതൽ നടക്കുന്ന സംസ്ഥാനമാണ് കേരളം. ആ കുടുംബങ്ങളിലുണ്ടാകുന്ന കൂട്ട ആത്മഹത്യയുടെ പരിതാപകരമായ, സങ്കടകരമായ ഒരു അവസ്ഥയിലേയ്ക്കാണ് ഇപ്പോൾ കേരളം നീങ്ങിക്കൊണ്ടിരിക്കുന്നതെന്നുമാത്രം ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, ഈ വിഷയം അടിയന്തരപ്രമേയമായി ഇവിടെ അവതരിപ്പിക്കാനും ചർച്ച ചെയ്യാനും അവസരമുണ്ടായത് കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ നല്ലൊരു കാര്യമാണ്. കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളോട് പ്രതിപക്ഷത്തിന്റെ സമീപനമെന്താണെന്ന് ജനങ്ങളുടെ മുന്നിലേയ്ക്കെത്താൻ ഈ ചർച്ച കുറച്ചുകൂടി സഹായിച്ചിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നത്. കേരളത്തിന്റെ സാമ്പത്തിക ഞെരുക്കത്തിന്റെ പ്രധാന കാരണം കെടുകാര്യസ്ഥതയും ധൂർ<u>ത്തു</u>മാണെന്നാണ് പറയുന്നത്. സംസ്ഥാന സർക്കാരിന്റെ കെടുകാര്യസ്ഥതയും ധൂർ<u>ത്തും</u> കാരണം സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഗുരുതര സാഹചര്യംമൂലം വികസന പ്രവർത്തനങ്ങളും നിരവധി സാമൂഹിക സുരക്ഷാ പദ്ധതികളും മുടങ്ങിയ

ഗുരുതരമായ സ്ഥിതിവിശേഷം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ഇന്നത്തെ അടിയന്തരപ്രമേയ നോട്ടീസിലുള്ളത്. കേരളത്തിന്റെ സാമ്പത്തികമേഖലയിൽ വലിയ തോതിലുള്ള ശ്വാസംമുട്ടലുണ്ടെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. പക്ഷേ അതിന്റെ യഥാർത്ഥ കാരണങ്ങൾ, അത് ഇടതുപക്ഷമായാലും വലതുപക്ഷമായാലും യു.ഡി.എഫ് ആയാലും എൽ.ഡി.എഫ്. ആയാലും, രാഷ്ട്രീയ പാർട്ടിയിലെ നേതാക്കന്മാർ പക്വതയോടുകൂടി ചൂണ്ടിക്കാണിക്കേണ്ടതാണ്. എന്നാൽ അങ്ങനെയൊരു കാര്യത്തിനല്ല, യഥാർത്ഥത്തിൽ ഇരുട്ടുകൊണ്ട് ഓട്ടയടയ്ക്കുന്നുവെന്ന് പോലും പറയാൻ കഴിയാത്ത, വെറുതെയുള്ള ചില വാദങ്ങളാണ് ഇവിടെ ഉന്നയിച്ചത്. കേരളത്തിലെ ജനങ്ങളുടെ മുമ്പാകെ ഈ കാര്യങ്ങളെത്തിക്കാനുള്ള ഒരു അവസരമായി രണ്ടുഭാഗത്തും ചർച്ചകൾ നടന്നിട്ടുണ്ട്. അത് ജനങ്ങൾ വിലയിരുത്തുമെന്ന് ഞാൻ കരുതുന്നു. കേരളത്തിലെ സാമ്പത്തികരംഗത്തെ സംബന്ധിച്ച് ഇന്നലെയും മിനിഞ്ഞാന്നും ഈ ഫ്ലോറിൽ ചർച്ച ചെയ്തിരുന്നു. ഇതുസംബന്ധിച്ച് പ്രതിപക്ഷം നിരന്തരമായി പറയുന്നുണ്ട്. ദൃശ്യ-പത്ര-മാധ്യമങ്ങൾ ആ വാദം വലിയതോതിൽത്തന്നെ ഉന്നയിക്കുന്നുമുണ്ട്. മാർച്ച് 31 മറികടക്കാൻ സർക്കാരിന് കഴിയില്ലെന്ന് കഴിഞ്ഞ മാർച്ചിൽ വലിയ

ചർച്ചയായിരുന്നു, ട്രഷറി പൂട്ടും സമ്പദ്‍വ്യവസ്ഥ തകരുന്നുവെന്നായിരുന്നു പറഞ്ഞിരുന്നത്. എന്നാൽ അത് കഴിഞ്ഞു. ഓണചന്ത ഉണ്ടാകില്ല, ഓണം വല്ലാതെ ബുദ്ധിമുട്ടാകുമെന്നാണ് പിന്നീട് പറഞ്ഞുകൊണ്ടിരുന്നത്. എന്നാൽ ഇത് രണ്ടും നല്ല രീതിയിൽ മറികടക്കാൻ സാധിച്ചുവെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഇന്ത്യയിൽ ഏറ്റവും നല്ല മാർക്കറ്റ് ഇടപെടൽ കേരളത്തിലായിരുന്നുവെന്ന് കേരളത്തിലെ മാധ്യമങ്ങളല്ല, ഇന്ത്യയിലെ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ വർഷം ഒരുകാര്യവും നടന്നില്ലെന്നാണ് പറഞ്ഞത്. എന്നാൽ കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ ചെലവ് നൂറ് ശതമാനത്തിന് മുകളിലായിരുന്നു, അതുസംബന്ധിച്ച ഡാറ്റ വന്നതാണ്. 22,000 കോടി രൂപയിലധികമാണ് 2022 മാർച്ച് മാസത്തിൽമാത്രം ചെലവഴിക്കേണ്ടിവന്നത്. ഈ ഓണക്കാലത്ത് 18,000 കോടി രൂപയിലധികമാണെന്ന കണക്കുകൾ ഇവിടെ എല്ലാവരും പറഞ്ഞു. വിപണി ഇടപെടലിന് 400 കോടി, 62 ലക്ഷം പേർക്കുള്ള ക്ഷേമപെൻഷൻ, തൊഴിലുറപ്പ് തൊഴിലാളികൾ മുതൽ എല്ലാ മേഖലയിലും അലവൻസ്, ഇൻകം സപ്പോർട്ട് സ്കീം തുടങ്ങിയ കാര്യങ്ങൾ ചെയ്ത് എല്ലാവരിലേയ്ക്കും

പണമെത്തിക്കാൻ കഴിഞ്ഞു. കേരളത്തിലെ ടെലിവിഷനുകൾ ആദ്യ ദിവസങ്ങളിൽ കുറേ വിമർശനങ്ങൾ ഉന്നയിക്കാൻ ശ്രമിച്ചെങ്കിലും ഓണക്കാലത്ത് ഏറ്റവും കൂടുതൽ കച്ചവടമായിരുന്നു, വലിയ തിരക്കായിരുന്നു. ഒന്നുമില്ലാത്ത സപ്ലൈകോ എന്നുപറഞ്ഞിട്ട് ഒരു പ്രമുഖ മാധ്യമത്തിന്റെ വനിതാ പ്രസിദ്ധീകരണത്തിന്റെ ഇന്റർവ്യൂ കച്ചവടക്കാരെ ഉൾപ്പെടുത്തി എറണാകുളത്തെ സപ്ലൈകോയുടെ ഷോറൂമിൽ വച്ച് നടന്നു. ഇങ്ങനെ എല്ലാ മേഖലയിലും വില കുറഞ്ഞെന്നുമാത്രമല്ല, ഇന്ത്യയുടെ വിലക്കയറ്റത്തിന്റെ തോതിൽ ഏറ്റവും കുറവ് വിലക്കയറ്റമുണ്ടായത് കേരളത്തിലാണ്. കേരളത്തെക്കാളും രണ്ട് ശതമാനം അധികമാണ് അഖിലേന്ത്യാ ശരാശരി. രാജസ്ഥാനിൽ മൂന്ന് ശതമാനത്തിലധികമായിരുന്നുവെന്ന കണക്കുകളും വന്നതാണ്. ഈ കാര്യങ്ങളെല്ലാം മലയാള മനോരമ, മാതൃഭൂമി എന്നീ ദിനപത്രങ്ങളുടെ വാണിജ്യപേജുകൾ നോക്കിയാൽ കാണാം. എന്നാൽ ആദ്യ പേജിൽ വരുന്ന തലക്കെട്ടിൽ ഇതൊന്നും ഉൾപ്പെടുത്തില്ല, അവിടെയെല്ലാം രാഷ്ട്രീയമായ കാര്യങ്ങളാണുള്ളത്. എന്നാൽ ഈ വിവരങ്ങളെല്ലാം ഇന്നത്തെ മാതൃഭൂമി ദിനപത്രത്തിന്റെ വാണിജ്യപേജിലുണ്ട്. ഏറ്റവും വില കുറഞ്ഞ സംസ്ഥാനമെന്ന് ഇന്നത്തെ മാതൃഭൂമി ദിനപത്രത്തിന്റെ വാണിജ്യപേജിൽ

വീണ്ടും കൊടുത്തിട്ടുണ്ട്. ഏറ്റവും കൂടുതൽ ആട്ടോമൊബൈൽ ചെലവാക്കിയ സംസ്ഥാനമെന്ന് മാരുതിക്കാറിന്റെ മുതൽ കണക്കുകളെടുത്ത് മലയാള മനോരമയും പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ സാമ്പത്തികമേഖലയിൽ ഏറ്റവും നല്ല ചെലവാണ്, 30 ശതമാനം വർദ്ധനവുണ്ട്, അതും ഓണത്തിന്. കേരളത്തിലെ സാമ്പത്തിക സ്ഥിതിയും ജനങ്ങളുടെ വാങ്ങൽശേഷിയും വർദ്ധിച്ചിട്ടുണ്ടെന്നുള്ളതുകൊണ്ടുതന്നെയാണ് ഇത് സംഭവിക്കുന്നത്. ഇങ്ങനെ വിമർശിക്കുമ്പോൾ ജനങ്ങൾക്ക് അനുഭവപ്പെടുന്ന കാര്യങ്ങൾ അവരും മനസ്സിലാക്കും. പ്രതിപക്ഷം പറയുന്ന കാര്യങ്ങൾ മാത്രമല്ല ജനങ്ങൾ വിലയിരുത്തുന്നതെന്ന് കാണാം. വരുമാനം വർദ്ധിപ്പിച്ചിട്ടില്ല, ടാക്സ് വർദ്ധിപ്പിച്ചിട്ടില്ല, ആകെ തകർച്ചയിലാണ് എന്നാണ് ഇവിടെ പറഞ്ഞത്. ഒരു കാര്യത്തിലും ഒരു ചലനവുമുണ്ടാകില്ലെന്ന തരത്തിലാണ് പ്രത്യേകിച്ചും പ്രതിപക്ഷ നേതാവ് പറഞ്ഞ് അവസാനിപ്പിച്ചത്. കേരളം തനത് വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ചരിത്രപരമായ നേട്ടം കൈവരിച്ച സമയമാണ്. കടബാധ്യതയുടെയും കമ്മിയുടെയും കാര്യത്തിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറവ് വരുത്തിയെന്നുള്ളതും കണക്കുകളിലുണ്ട്. മലയാള പത്രങ്ങളിൽ ഈ കണക്കുകൾ വന്നു. ടൈംസ് ഓഫ് ഇന്ത്യ, ഇന്ത്യൻ

എക്സ്പ്രസ് തുടങ്ങിയ ഇംഗ്ലീഷ് പത്രങ്ങളിൽ ഈയടുത്ത ദിവസങ്ങളിൽ വന്ന ലേഖനങ്ങൾ ബഹുമാനപ്പെട്ട ചിലയംഗങ്ങൾ ചൂണ്ടിക്കാണിച്ചതാണ്. ഞാൻ അത് എടുത്തുപറയുന്നില്ല. ടൈംസ് ഓഫ് ഇന്ത്യയിൽ ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ ദിവസങ്ങളിൽ വന്ന വാർത്ത, 'Kerala's own tax revenue exhibited a remarkable growth rate of 22.11% in 2022-23 compared to 2021-22'. This growth rate in the State's own tax revenue ranks as the third-highest among all States' എന്നാണ്. ഇതൊരു റിപ്പോർട്ടാണ്. ഇതിനകത്തും മറ്റ് പല കാര്യങ്ങളിലും എടുത്തുകാണിക്കുന്ന ഓരോന്നുമുണ്ട്. റവന്യൂ എക്സ്പെൻഡിച്ചറിന്റെ കാര്യത്തിൽ അനാവശ്യമായ ചെലവുകൾ ചുരുക്കണമെന്നുള്ളതിനോട് ഞാൻ യോജിക്കുന്നു. പക്ഷേ അത്യാവശ്യമുള്ള ചെലവുകൾ ചുരുക്കാനേ കഴിയില്ല എന്നുള്ളതാണ് സർക്കാരിന്റെ സമീപനം. ഏറ്റവും സാധാരണക്കാർക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ കുറച്ച് പണം സേവ് ചെയ്യാമെന്ന് പറയുന്നതിനോട് ഞങ്ങൾ യോജിക്കില്ല. അതുപോലെ, 'Kerala was also the only state to report a decline in revenue expenditure' എന്ന് അനാവശ്യ റവന്യൂ എക്സ്പെൻഡിച്ചറുകളുടെ കാര്യമെടുത്ത് ഈ റിപ്പോർട്ടിൽ പ്രത്യേകം പറയുന്നുണ്ട്. ഇത് റിസർവ്

ബാങ്കിന്റെ കണക്കിലുമുണ്ട്. ഇതുപോലെ പല കണക്കുകളുണ്ട്. 100 ശതമാനവും 90 ശതമാനവും ചെലവഴിച്ച സമയത്തെ കണക്കാണ് ഞാൻ പറയുന്നത്. അല്ലാതെ ഈ സമയത്തെ കണക്കുകളല്ല, അത് വരുന്നതല്ലേയുള്ളൂ. 100 ശതമാനം ചെലവഴിച്ച സമയത്തും അനാവശ്യമായ ചെലവുകളുമൊക്കെ നിയന്ത്രിക്കാൻ ശ്രമിച്ചിട്ടുണ്ട്. നമ്മുടെ സിസ്റ്റം ഡെവലപ് ചെയ്യാം. ഇതിനകത്ത് കുറേയെറെ കാര്യങ്ങളുണ്ട്. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഇന്ത്യൻ എക്സ്പ്രസിന്റെ ലേഖനവും അതുതന്നെയാണ്. മലയാളം, ഇംഗ്ലീഷ് പത്രങ്ങളിലൊക്കെ ഇക്കാര്യങ്ങൾ വന്നിട്ടുണ്ട്. പക്ഷേ മലയാളം പത്രങ്ങളിലൊരു പ്രത്യേകതയുണ്ട്. ഇതുസംബന്ധിച്ച വാർത്ത വാണിജ്യപേജിലേ കാണുകയുള്ളൂ. മുൻവശത്തെ പേജിൽ ഈ ഗവൺമെന്റ് ആകെ കുഴപ്പമാണ് എന്നുമാത്രമേ പറയുകയുള്ളൂ. കാരണം രാഷ്ട്രീയമായി മിക്കവാറും പത്രങ്ങൾ അങ്ങനെ എഴുതുന്നൊരു ശൈലിയുണ്ട്. ഇപ്പോൾ നമ്മൾ ഇവിടെ എന്തെല്ലാം പറഞ്ഞാലും നാളെ പത്രത്തിൽ പ്രതിപക്ഷനേതാവും പ്രതിപക്ഷവും പറഞ്ഞതേ വരികയുള്ളൂ. എനിക്ക് ആ പത്രങ്ങളെപ്പറ്റി പരാതിയില്ല. ജനങ്ങൾ ഇപ്പോൾ സോഷ്യൽ മീഡിയ വഴി കാണുമല്ലോ; നിങ്ങൾക്കുതന്നെ ലജ്ജ കൊണ്ട് ചിരിവരുന്നുണ്ട്. കാരണം

അങ്ങനെയാണ്. ഈ വസ്തുതകളൊന്നും പത്രത്തിൽ വരില്ല എന്നുള്ളതുകൊണ്ട് എനിക്ക് കുഴപ്പമൊന്നുമില്ല. കഴിഞ്ഞദിവസങ്ങളിൽ ഇവിടെ എന്തൊക്കെ നടന്നു. അടിയന്തരപ്രമേയം വന്നതിനകത്തും സോളാർ കേസ് വന്നപ്പോഴും പ്രതിപക്ഷം എന്തിനാണ് ഇങ്ങനെ കൊണ്ടുവന്നതെന്ന് പരസ്പരം ചർച്ച ചെയ്യുതാണെങ്കിലും ഇവിടെയാകെ ഭരണപക്ഷത്തെ അടിച്ചുനിരത്തി എന്നുള്ള വാർത്തയാണ് പത്രത്തിൽ വന്നത്. ഞാൻ അതിലേയ്ക്ക് ഇപ്പോൾ പോകുന്നില്ല. ഞാൻ വസ്തുതകൾ പറയാം. ഇതുമാത്രമല്ല, വളരെ പ്രധാനപ്പെട്ട മറ്റ് ചില കാര്യങ്ങളുണ്ട്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ സ്റ്റഡി റിപ്പോർട്ട്, പാർലമെന്റിൽ കൊടുത്ത റിപ്പോർട്ടുകൾ, Fitch പോലുള്ള ഏജൻസികളുടെ റിപ്പോർട്ട് തുടങ്ങിയവയെല്ലാം കേരളത്തിലെ ഫിനാൻഷ്യൽ കൺട്രോളിന്റെയും കൺസോളിഡേഷന്റെയും കാര്യമാണ് പറയുന്നത്. നല്ല കാര്യം പറഞ്ഞുകൊണ്ട് നിങ്ങൾ വിമർശിക്കുകയാണെങ്കിൽ ആളുകൾ കുറച്ചുകൂടി വിശ്വസിക്കും.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ കേരളത്തിന് വലിയ നേട്ടങ്ങളുണ്ടായി. 2013-14 മുതലുള്ള കണക്കുകൾ പരിശോധിക്കാം. 2013-14-ൽ 6.4 ശതമാനമായിരുന്നു. 2014-15-ൽ 10.1 ശതമാനവും

2015-16-ൽ 10.7 ശതമാനവും 2016-17-ൽ 8.2 ശതമാനവും 2017-18-ൽ 10.2 ശതമാനവും 2018-19-ൽ 9 ശതമാനവും വർദ്ധിച്ചു. കോവിഡും പ്രളയവുമുണ്ടായ 2019-20-ൽ -0.6 ആണ്. 2020-21-ൽ -5.3 ആണ്. ആ സമയത്ത് ഒരു കുറവ് വന്നിട്ടുണ്ട്. പ്രളയവും കോവിഡും കാരണം എല്ലാ കടകളും അടച്ചിരുന്നു. രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ഒന്നാംവർഷത്തിൽ (2021-22-ൽ) 22.4 ശതമാനമാണ് വർദ്ധനവ് വന്നത്. 2022-23-ൽ 23.4 ശതമാനമാണ്. ഈ വർദ്ധനയും ഡാറ്റയും നിങ്ങൾക്കും ലഭിക്കുന്നതാണ്; പബ്ലിക് ഡൊമൈനിലുള്ളതാണ്. ഈയൊരു തരത്തിൽ നേടിയിട്ടുള്ള വരുമാനത്തിന്റെ കാര്യം തന്നെ, സർക്കാരും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമെല്ലാം സംസ്ഥാനത്തെ സാമ്പത്തികരംഗത്ത് നല്ലതുപോലെ ശ്രദ്ധിക്കുന്നുവെന്നറിയാം. ഇത് ഇപ്പോൾ മാത്രമല്ല. യു.ഡി.എഫ്-ന്റെ 5 വർഷക്കാലത്തേയും ആദ്യത്തെ പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് കോവിഡുമെല്ലാം വന്ന സമയത്തുമുള്ള വരുമാനം നോക്കാം. ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലത്ത് 40 ശതമാനം ഗ്രോത്ത് മാത്രമേ ഉണ്ടാക്കാൻ പറ്റിയുള്ളൂ. രണ്ടുവർഷം വലിയ സാമ്പത്തിക ബുദ്ധിമുട്ടുണ്ടായിരുന്നു. മൊത്തം ഇക്കോണമിയും

തകർന്നുകിടന്നു. യു.ഡി.എഫ്.-ന്റെ സമയത്ത് 5 വർഷം കൊണ്ട് 55 ശതമാനമാണ് സാമ്പത്തിക വളർച്ചയുണ്ടായത്. തുകയൊന്നും പറയുന്നില്ല. രണ്ടുവർഷം കൊണ്ട് നമുക്ക് 51 ശതമാനത്തിലധികം വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞു. 24,000 കോടി രൂപയാണ് രണ്ടുവർഷം കൊണ്ട് വർദ്ധിച്ചത്. ഈ ഗ്രോത്ത് കണ്ടിന്യൂ ചെയ്യുകയാണെങ്കിൽ സാധാരണഗതിയിൽ 5 വർഷം കൊണ്ട് 100 ശതമാനത്തിലധികം വരുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അത് അടുത്ത രണ്ടുവർഷങ്ങളിലെ കാര്യങ്ങളെല്ലാം കണ്ടിട്ടാണ്. ഏതായാലും ഇപ്പോഴത്തെ ഒരു ഗ്രോത്തിന്റെ പെർസെന്റേജ് ഇതാണ്, അത്രയും വർദ്ധനവ് നമുക്ക് വരുത്താൻ കഴിഞ്ഞിട്ടുണ്ട്. എ.ജി.-യുടെ ഫൈനൽ ഓഡിറ്റ് വരുന്നുണ്ട്. എസ്റ്റിമേറ്റ് കൊടുത്തതിനേക്കാളും വർദ്ധനവ് വന്നിട്ടുണ്ട് എന്നുള്ളതാണ് ഇത് കാണിക്കുന്നത്. 71,900 കോടിയോളമാണ് നമ്മുടെ തനതു നികുതി വരുമാനം എന്നാണ് കാണിക്കുന്നത്. യഥാർത്ഥത്തിൽ കേരളം പ്രശ്നം നേരിടുന്നത് എവിടെയാണ്? അത് കേന്ദ്രഗവൺമെന്റ് നമുക്ക് നൽകുന്ന പണത്തിലുള്ള വലിയ കുറവാണ്. ആ പ്രശ്നം നമ്മൾ കാണാതെ മുന്നോട്ടുപോകുന്നത് ശരിയാണോ; എന്നും നമ്മൾ ഇതുപറയുന്നതുകൊണ്ട്

ആവർത്തനത്തിന്റെ ആവശ്യമില്ല. ഇവിടെ അവതാരകൻ പറഞ്ഞ കാര്യങ്ങളുണ്ട്. ഒന്ന്, നമ്മുടെ ഡിവിസിബിൾ പൂളിൽനിന്നുള്ള കുറവ്. രണ്ട്, നമ്മുടെ ജി.എസ്.ടി. കോമ്പൻസേഷൻ വെട്ടിക്കുറച്ചത്. മൂന്നാമത്, ഡിവിസിബിൾ പൂളിന്റെ കുറവുപോലെ തന്നെ ഏറ്റവും വലിയ പ്രശ്നമാണ് കോമ്പൻസേഷൻ ഗ്രാന്റ് തന്നത് കുറഞ്ഞത്. അതുപോലെ ബോറോയിംഗിനകത്ത് രണ്ടുതരത്തിൽ കുറവുണ്ടായത്. അതായത്, പബ്ലിക് അക്കൗണ്ട് എന്നുപറഞ്ഞ് ട്രഷറിയിൽ കിടക്കുന്ന പണത്തിന്റെയും ഇതുവരെയില്ലാത്ത തരത്തിലേയ്ക്ക് ഓഫ് ബഡ്ജറ്റ് ബോറോയിംഗ് എന്നുപറഞ്ഞ് കിഫ്ബിയുടെയും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിയുടെയും ബാധ്യതകൾ സംസ്ഥാന സർക്കാരിന്റെ ബാധ്യതയായി പരിഗണിച്ച് നമ്മുടെ കടമെടുക്കാനുള്ള ശേഷി കുറച്ചത്. ഇത് നമുക്കറിയാം. അതോടൊപ്പം ഒരു കാര്യം കൂടിയുണ്ട്. നമ്മുടെ ചില ന്യൂസ് പേപ്പറുകൾ കൊടുത്തൊരു വാർത്തയുണ്ട്. ഹിന്ദുവും ടൈംസ് ഓഫ് ഇന്ത്യയും കൊടുത്ത ചില വാർത്തകൾ അവലംബിച്ചുള്ള കണക്കാണ്. ഒരു രൂപ കേന്ദ്ര നികുതിക്ക് ഇവിടെ നിന്ന് പിരിക്കുന്നതിന് പകരമായി സംസ്ഥാനങ്ങൾക്ക് കേന്ദ്രം തിരിച്ചുനൽകുന്ന തുകയെപ്പറ്റി പ്രതിപക്ഷവും ഗൗരവമായി കാണണം.

കേരളത്തിലെ ജനങ്ങളും കാണണം. കേരളത്തിൽ നിന്ന് ഒരു രൂപ പിരിച്ചുകൊണ്ട് പോകുന്നതിൽനിന്ന് 25 പൈസയേ തിരിച്ചുകിട്ടുന്നുള്ളൂ. എന്നാൽ തമിഴ്നാടിന് 40 പൈസയും കർണ്ണാടകയ്ക്ക് 47 പൈസയും ഉത്തർപ്രദേശിന് 2.73 രൂപയും ബീഹാറിന് 7.6 രൂപയുമാണ് ലഭിക്കുന്നത്. എന്താണിത്; ഇതിനെക്കുറിച്ച് നമ്മൾ സംസാരിക്കണ്ടേ? കേരളത്തിൽനിന്ന് പിരിച്ചുകൊണ്ടുപോകുന്ന നികുതിയുടെ, കേരളത്തിന് അർഹമായ നികുതിയുടെ പെർസെന്റേജ് തരാത്തതിന്റെ ഭാഗമായി കേരളത്തിന്റെ റവന്യൂ ഇൻകത്തിനകത്ത്.... നേരത്തേ 55 ശതമാനം ഉണ്ടാക്കിയാൽ മതിയായിരുന്നു. ബാക്കി 45 ശതമാനം കേന്ദ്രം തന്നുകൊണ്ടിരുന്നതാണ്. ഈ വർഷം 29-30 ശതമാനമായി കേന്ദ്രത്തിന്റെ വിഹിതം കുറയാൻ പോകുകയാണ്. ഇന്നലെ ഇതേ കണക്ക് പറഞ്ഞതാണ്. ഇങ്ങനെയൊരു അടിയന്തരപ്രമേയം വരുമ്പോൾ വീണ്ടും ഓർമ്മിപ്പിക്കുകയാണ്. ഏതൊരു സ്ഥലത്തായാലും ഇങ്ങനെ കുറയ്ക്കുമ്പോൾ മാനേജ് ചെയ്യാൻ പറ്റുമോ; ഈ പ്രശ്നം കേരളത്തിലെ പാർലമെന്റംഗങ്ങൾ ഉന്നയിക്കേണ്ടത് എങ്ങനെയാണ് എന്നുള്ള വിഷയമൊന്നും നമ്മൾ ഇവിടെ കൂടുതൽ വിശദീകരിക്കേണ്ടല്ലോ; ഇതാണല്ലോ ഇന്ത്യയിലെ ആകെ കണക്കിന്റെ സ്ഥിതി. ഈ കണക്കിന്റെ

താരതമ്യം നോക്കുമ്പോൾ കടത്തിന്റെ കാര്യത്തിൽ കോവിഡ് സമയത്ത് 4.5 ശതമാനം വരെ തന്നിരുന്നു. അവിടുന്ന് കുറഞ്ഞുവന്ന് ഇപ്പോൾ 3 ശതമാനമാണ് കടമെടുക്കാൻ പറ്റുന്നത്. എന്നാൽ അതിലും വെട്ടിക്കുറയ്ക്കുന്നുണ്ട്. നമുക്ക് റവന്യൂ കമ്മി വലിയതോതിൽ കുറയ്ക്കാൻ പറ്റും. 2 ശതമാനത്തിലും അധികമായി കുറയ്ക്കാൻ പറ്റിയിരുന്നു. 2022-23-ൽ പോയിന്റ് 9 ആയി. ഒരു ശതമാനത്തിൽ താഴെയായി റവന്യൂ കമ്മി കുറഞ്ഞു. റവന്യൂ കമ്മി ഒരു ശതമാനത്തിലും താഴെയാകുന്നത് സമീപകാല ചരിത്രത്തിലാദ്യമായിട്ടാണ്. അതുപോലെ ധനക്കമ്മി മൂന്നിലൊന്ന് ഭാഗമായി ചുരുങ്ങിയിട്ടുണ്ട്. അതുപോലെ നമ്മുടെ ധനക്കമ്മി, ഫിസ്കൽ ഡെഫിസിറ്റിന്റെ കാര്യം പറയുമ്പോൾ അത് 2020-21-ൽ 4.6 ശതമാനമായിരുന്നു. 2021-22-ൽ 4.1 ശതമാനമായിരുന്നു. 2022-23-ൽ 2.5 ശതമാനം മാത്രമേയുള്ളൂ. കാരണം കിഫ്ബിയുടെയും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിയുടെയും ബാധ്യത കുറച്ചിട്ട് നമുക്ക് വായ്പ എടുക്കാൻ പറ്റുന്ന പരിധിയിൽ പോലും ഫൈനൽ അക്കൗണ്ട് വരുമ്പോൾ എടുക്കാൻ സമ്മതിച്ചില്ല. കേരളം ഇങ്ങനെ ചെയ്യുമ്പോൾ കേന്ദ്രത്തിന്റെ കടം 6.4 ശതമാനമാണെന്നാണ് പാർലമെന്റിൽ ബഹുമാന്യയായ ധനകാര്യ

വകുപ്പുമന്ത്രി പറഞ്ഞത്. അവർ പറഞ്ഞ കണക്കനുസരിച്ച് കേന്ദ്രഗവൺമെന്റ് 40 percent of the total expenditure is met from borrowing. കേന്ദ്രഗവൺമെന്റ് 18 ലക്ഷം കോടി രൂപ കടമെടുത്തിട്ടാണ് അവരുടെ ബഡ്ജറ്റ് ചെലവ്, നിത്യനിദാന ചെലവായ 10-45 ലക്ഷം കോടി രൂപ ചെലവാക്കുന്നത്. 40 ശതമാനമെന്ന് അവർതന്നെ രാജ്യസഭയിൽ പറഞ്ഞിട്ടുണ്ട്. ഇതാണ് സ്ഥിതിയായിരിക്കുമ്പോൾ നമ്മൾ ഇങ്ങനെ കൊണ്ടുവന്നിട്ടുണ്ട്, അതിനകത്ത് നമ്മൾ ഓരോ പ്രാവശ്യവും കുറച്ചു. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞല്ലോ; ഇവിടെ ആകെ കടം കൂടി. ഒന്നേമുക്കാൽ ലക്ഷം കോടി രൂപയായിരുന്നു നിങ്ങളുടെ ഭരണം അവസാനിപ്പിക്കുമ്പോഴുള്ള കടം. ഇപ്പോൾ നാലു ലക്ഷം കോടി രൂപയിലേയ്ക്കെത്തുന്നുവെന്ന് ബഹുമാന്യനായ രമേശ് ചെന്നിത്തല പറഞ്ഞു. ഏത് കണക്കെടുത്താലും എൺപതിനായിരം കോടിയാണ് ഒന്നേമുക്കാൽ ലക്ഷം കോടി രൂപയായത്. എപ്പോഴും 5 വർഷം കഴിയുമ്പോൾ ഇരട്ടിക്കുന്നതാണ്. പക്ഷേ ഇപ്പോൾ അത്ര ഇരട്ടിപ്പ് വന്നിട്ടില്ല. 7 വർഷം കൊണ്ട് ആ പെർസെന്റേജ് വളർന്നിട്ടില്ല എന്നുള്ളത് ഇതിനകത്ത് കാണാം. 2020-21-ൽ കേരളത്തിന്റെ ജി.എസ്.ഡി.പി.-യുടെ 38.5 ശതമാനമായിരുന്ന

ആകെ കടം. അത് കുറഞ്ഞു, 37 ശതമാനമായി. ഇപ്പോൾ 35.54 ആയി. ഈ സ്ഥിതിയാണെങ്കിൽ 34 ശതമാനമായി ചുരുങ്ങുമെന്നുള്ളതാണ് കണക്കുകളിൽ കാണുന്നത്. ഇങ്ങനെ കമ്മി കുറയ്ക്കാനും കടം കുറയ്ക്കാനുമുള്ള കാര്യങ്ങൾ നമ്മൾ ചെയ്യുന്നുണ്ട്. ഈ കാര്യങ്ങൾ ചെയ്യുമ്പോൾ കേന്ദ്ര നയം കാരണമുണ്ടായ കടത്തെപ്പറ്റിയാണ് പറഞ്ഞത്. അത് ഒന്നുകൂടി മനസ്സിലാക്കാൻ ഞാൻ പറയുകയാണ്. അലാമിംഗായിട്ടുള്ള കണക്കുകളാണ്. പക്ഷേ സഭയിൽ ഇത്തരം കാര്യങ്ങൾ അറിയുന്നത് വളരെ പ്രധാനപ്പെട്ടതാണ്. യഥാർത്ഥത്തിൽ വലിയതോതിൽ കടമെടുക്കാൻ സമ്മതിക്കുന്നില്ല എന്നുള്ളതാണ്. കഴിഞ്ഞ വർഷത്തെ ബാക്കി കണക്കുകളൊക്കെ അവിടെ നിൽക്കട്ടെ, എന്താണ് യു.ഡി.എഫ്. സർക്കാരും എൽ.ഡി.എഫ് സർക്കാരും തമ്മിലുള്ള വ്യത്യാസം. 2017 മുതൽ ആദ്യമായാണ് പബ്ലിക് അക്കൗണ്ട്സ് നമ്മുടെ കടത്തിൽപ്പെടുന്നത്. എന്താണ് പബ്ലിക് അക്കൗണ്ട്സ്? ട്രഷറിയിലുള്ള പണമാണ് പബ്ലിക് അക്കൗണ്ട്സ്. മുമ്പ് ട്രഷറിയിലുള്ള പണം നമ്മുടെ കടമായി കണക്കാക്കിയിരുന്നില്ല; ആ പണം എത്രയായാലും നമുക്ക് ലഭിക്കുകയും ചെയ്തിരുന്നു. അവർ ചെയ്യുന്നത് ശരിയാണോയെന്ന് നിങ്ങൾ

ആലോചിച്ചുനോക്കണം. അത് ശരിയാണെന്ന് നിങ്ങൾക്ക് തോന്നുന്നെങ്കിൽ അത് ഇനിയൊരിക്കലും ഇങ്ങനെയൊരു ഉത്തരവാദിത്തം നിങ്ങൾക്ക് ഏറ്റെടുക്കേണ്ടി വരില്ലെന്ന് കരുതുന്നതുകൊണ്ടാണ്. ഭരണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടി വരില്ലെന്ന് നിങ്ങൾക്ക് തോന്നുകയാണെങ്കിൽ അത് ശരിയാണെന്ന് നിങ്ങൾക്ക് പറയാം. പബ്ലിക് അക്കൗണ്ട്സ് 2017-18 മുതൽ സർക്കാരിന്റെ കടത്തിൽ ഉൾപ്പെടുത്തി. Off-budget borrowing എന്ന സമ്പ്രദായം ആദ്യമായി കൊണ്ടുവന്നത് 2022-23-ലാണ്. അന്ന് യു.ഡി.എഫ്. വലിയ തോതിൽ അതിനെതിരെ വാദിച്ചു. കേരളത്തിന്റെ ഭാവിയെ വലിയ തോതിൽ ബാധിക്കുമെന്ന തരത്തിലുള്ള വാദങ്ങളുയർത്തി. നിങ്ങൾ പറഞ്ഞകാര്യങ്ങൾ വിജയിക്കുന്നതിനുവേണ്ടി നിങ്ങൾക്ക് അതിലിടപെടാൻ സാധിച്ചു. കാരണം, Off-budget borrowing കൊണ്ടുവന്നുകഴിഞ്ഞാൽ നമ്മുടെ വരുമാനം കുറയും. കഴിഞ്ഞ വർഷത്തെ കണക്കിൽ, നമ്മൾ പ്രതീക്ഷിക്കാതെ 3140 കോടി രൂപ എടുത്തു. ആകെ എടുത്തത് 4 വർഷത്തേയ്ക്കാക്കി ഓരോ വർഷവും 3140 കോടി രൂപ വീതം കുറയ്ക്കുകയാണ് ചെയ്തത്. അതിന്റെകൂടെ കഴിഞ്ഞ പ്രാവശ്യം കിഫ്ബിയും പെൻഷൻ കമ്പനിയുമെടുത്ത 7,114 കോടി രൂപയും ചേർത്ത് ഏകദേശം

10,000 കോടി രൂപ നമ്മുടെ borrowing-ൽ കുറച്ചിട്ടുണ്ട്. നമുക്ക് 32,439 കോടി രൂപ ആകെ കടം കിട്ടുന്നതിൽനിന്ന് പബ്ലിക് അക്കൗണ്ട് എന്നപേരിൽ 19,000 കോടി രൂപ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ജനങ്ങളെല്ലാം ഇക്കാര്യങ്ങളൊക്കെ അറിയേണ്ടതായതുകൊണ്ടാണ് ഇവിടെ വിശദമായി പറയുന്നത്. Repayment-നായി നൽകുന്നത് പൊതുകടത്തിന്റെ പരിധിയിൽ വരില്ല. ഫലത്തിൽ, 2,536 കോടി രൂപ മാത്രമേ എടുക്കാൻ അനുവദിച്ചുള്ളൂ. കിഫ്ബിയും പെൻഷൻ കമ്പനിയും എടുത്തതിന്റെ ഭാഗമായി 3,141 കോടി രൂപ വീതം നാലുവർഷത്തേക്കുള്ളതിൽ കുറയ്ക്കുകയും പബ്ലിക് അക്കൗണ്ടിനുവേണ്ടി വലിയതുക മാറ്റിവയ്ക്കുകയും ചെയ്യുന്നു. നിലവിലെ സ്ഥിതിയനുസരിച്ച് 2,500 കോടി രൂപ വരെയാണ് കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇനിയും കിഫ്ബിയോ പെൻഷൻ കമ്പനിയോ എടുത്താൽ അതുംകൂടി കുറയ്ക്കും. നമുക്ക് ഈ വർഷവും കടമെടുക്കാനുള്ള പരിധിയും വളരെ കുറയ്ക്കുകയാണ്. ഈയൊരു സ്ഥിതി യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിരുന്നോ; ഉണ്ടായിരുന്നില്ല. 2017-18 മുതൽ അവർ ആരംഭിച്ച പുതിയരീതികളുടെ ഭാഗമായി ഏതുകടമെടുത്താലും ഇങ്ങനെ വെട്ടിക്കുറയ്ക്കുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ വരികയാണ്. 2017-18

മുതൽ സംസ്ഥാനത്തിന്റെ പബ്ലിക് അക്കൗണ്ടും ഓഫ് ബഡ്ജറ്റ് ബോറോയിംഗും പൊതു കടത്തിൽ ഉൾപ്പെടുത്തിയതിലൊന്നും വലിയ കാര്യമില്ലെന്ന തരത്തിലാണ് പ്രമേയ അവതാരകനും കേരളത്തിന്റെ പൊതുതാല്പര്യം സംരക്ഷിക്കേണ്ട പ്രതിപക്ഷനേതാവുമുൾപ്പെടെയുള്ളവരും പറഞ്ഞത്. നമുക്ക് നാല്പതിനായിരം കോടി രൂപയിലധികമാണ് ഈ രീതിയിൽ കുറവ് വന്നതെന്ന് പല തവണ ഇവിടെ പരാമർശിച്ചിട്ടുണ്ട്. ഇതുകൂടാതെ അടുത്ത കാലത്ത് യു.ജി.സി. പെൻഡിംഗ് പണം കൊടുത്തുകഴിഞ്ഞതുൾപ്പെടെ കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ളത് 5,506 കോടി രൂപയാണ്. ഞാൻ ഓരോ ഇനവും എടുത്ത് പറയുന്നില്ല. പെൻഷൻ സംബന്ധിച്ച്, 62 ലക്ഷം ആളുകൾക്ക് പെൻഷൻ കൊടുക്കുന്നതിൽ അഞ്ചോ ആറോ ലക്ഷം ആളുകളാണ് കേന്ദ്രത്തിന്റെ ലിസ്റ്റിലുള്ളത്. അവർക്ക് ഇരുനൂറോ മുന്നൂറോ രൂപയേയുള്ളൂ. അവർക്ക് SNA അക്കൗണ്ട് (Single Nodal Agency) വേണമെന്നുപറഞ്ഞ് തൊഴിൽ വകുപ്പും നോഡൽ ഏജൻസിയായ പഞ്ചായത്ത് വകുപ്പും ചേർന്ന് എല്ലാം ചെയ്തുകൊടുത്തു. അതുകഴിഞ്ഞ് നമ്മൾ കൊടുത്ത പണത്തിൽ 580 കോടി രൂപ കേന്ദ്രത്തിൽനിന്നും തരാനുണ്ട്.

ഇതുപോലെ റേഷന്റെ കാര്യത്തിലും, സപ്ലൈകോയുടെ ആയിരത്തിലധികം കോടി രൂപയാണ് തരാനുള്ളതെന്ന് നമ്മൾ ഇന്നലെ ഇവിടെ സൂചിപ്പിച്ചിരുന്നു. യു.ജി.സി.ഗ്രാന്റ് 750 കോടി രൂപ, ഹെൽത്ത് ഗ്രാന്റ് 174 കോടി രൂപ, ULB (Urban Local Body), RLB (Rural Local Body) ഗ്രാന്റുകളെല്ലാംകൂടി ഏകദേശം 1,400 കോടി രൂപ, National Food Security Act അനുസരിച്ച് 417 കോടി രൂപ, Disaster Management-ന്റെ ഭാഗമായി 138 കോടി രൂപ, Capital Investment Special Assistance-ന്റെ ഭാഗമായി കിട്ടാനുള്ള തുക എന്നിവയെല്ലാംകൂടി 5,506 കോടി രൂപയാണുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ തുക കിട്ടാനുണ്ട്. ഈ വർഷം കിട്ടാനുള്ളതിനെക്കുറിച്ചുള്ള കാര്യങ്ങൾ ഇന്നലെ വിശദമായി സംസാരിച്ചതാണ്. നൂറ് ശതമാനവും എഴുപത്തിയഞ്ച് ശതമാനവും നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉണ്ടായിരുന്നു. ഇങ്ങനെ ഒരോ പദ്ധതികൾക്കായി നൽകിക്കൊണ്ടിരുന്നതെല്ലാം വെട്ടിക്കുറച്ചിട്ടുണ്ട്. പല പദ്ധതികളും കേന്ദ്രം നിർത്തലാക്കി. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. രാധാകൃഷ്ണൻ ഇന്നലെ സൂചിപ്പിച്ചതുപ്രകാരം എസ്.സി/എസ്.ടി. മേഖലയിൽപ്പോലും നൽകിക്കൊണ്ടിരുന്ന പണം വെട്ടിക്കുറച്ചു. സർക്കാർ എല്ലാ കുടിശ്ശികയും

കൊടുത്തുതീർത്തത് എത്ര കോടി രൂപയാണെന്ന് ഇന്നലെ വിശദീകരിച്ചിരുന്നു. സ്കോളർഷിപ്പ് പേയ്മെന്റ് നൽകാനുള്ളതിന്റെ തൊട്ടടുത്ത സമയത്താണ് ബില്ലുകൾ വരുന്നത്. പഴയ പെൻഡിംഗുകൾ 600 കോടി രൂപയോളം കൊടുത്തു. കോവിഡ് സമയത്തുള്ള കുറെ ബില്ലുകൾ വരാനുണ്ടായിരുന്നു, അത് മൊത്തം ഓഫീസുകളൊക്കെ അടഞ്ഞുകിടന്ന സമയത്താണ്. അതെല്ലാം നമ്മൾ കൊടുത്തുകഴിഞ്ഞു. പക്ഷേ, ഈ കൊടുക്കുന്ന പണംപോലും കേന്ദ്രത്തിൽനിന്നും നൽകാത്ത സ്ഥിതിയാണുള്ളത്. സാക്ഷരതാ പ്രേരക് മുതൽ സ്പെഷ്യൽ സ്കിൽഡ് അധ്യാപകർക്കൊക്കെ നൽകേണ്ട പണം കേന്ദ്രത്തിൽനിന്നും തരാതെ നമ്മൾ കൊടുക്കുന്നത് തുടരുകയാണ്. 'വാത്സല്യ' പോലെയുള്ള പദ്ധതികൾക്ക് പണം നൽകുന്നത് നമ്മൾ തുടരുകയാണ്; തുടരേണ്ടി വരുന്നു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞതുപോലെ മനുഷ്യത്വപരമായ കാര്യമായിരിക്കാം. കുട്ടികളെ പഠിപ്പിക്കാനുള്ള അധ്യാപകരെ നിർത്തലാക്കാൻ സാധിക്കില്ല; അവർക്കൊരു മിനിമം ശമ്പളമെങ്കിലും നൽകണ്ടേ. അരി വാങ്ങുന്നതിനും ഉച്ചഭക്ഷണം നൽകുന്നതിനും കേന്ദ്രത്തിൽനിന്നും പണം നൽകാതിരുന്നാൽ ഇവിടെ അത് ഇവിടെ

കൊടുക്കാതിരിക്കാൻ സാധിക്കുമോ. അതിനെക്കുറിച്ച് ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിരുന്നു. ഇത്തരത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം വെട്ടിക്കുറച്ചുകൊണ്ടിരിക്കുകയാണ്. നേരത്തേ ഉണ്ടായിരുന്ന ധാരാളം പദ്ധതികളും വെട്ടിക്കുറച്ചു; ഉച്ചഭക്ഷണത്തിന്റെയും നെല്ലിന്റെയും NHM-ന്റെ (National Health Mission) കാര്യത്തിലും തുക വെട്ടിക്കുറച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പേരും ചിത്രവും വച്ചില്ലെന്നു പറഞ്ഞ്, (എല്ലായിടത്തും വയ്ക്കുന്നുണ്ടെന്നാണ് നമ്മുടെ ധാരണ) എവിടെയൊക്കെയോ സർവ്വെ നടത്തി അതിന്റെ പേരിൽ കുറച്ചുതുകയും ചെലവായിട്ടുണ്ട്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ കാര്യത്തിൽ, ബഡ്ജറ്റിൽപ്പറഞ്ഞ മുഴുവൻ തുകയും നമ്മൾ കൊടുത്തുകഴിഞ്ഞു. ബഡ്ജറ്റ് നമ്മളെല്ലാവരും ചേർന്നുണ്ടാക്കുന്ന രേഖയല്ലേ; ആ തുകയ്ക്കുള്ളിൽ നിന്നുചെയ്യാനല്ലേ നമ്മൾ ബഡ്ജറ്റുണ്ടാക്കുന്നത്. ബഡ്ജറ്റിലെ മുഴുവൻ തുകയും ഇപ്പോൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി നൽകിക്കഴിഞ്ഞു. ബഡ്ജറ്റിൽ വകയിരുത്തിയത് 500 കോടി രൂപയിൽ താഴെയായിരുന്നു. കേന്ദ്രത്തിൽനിന്നും ആകെ 80 കോടി രൂപയാണ് ലഭിക്കുന്നത്. എന്നാൽ. ഓരോ വർഷവും 800 കോടി രൂപയ്ക്കുമുകളിലാണ്

ഇതിനായി ചെലവാകുന്നത്. എന്നിട്ടും ഇവിടെ ഒന്നും കൊടുക്കുന്നില്ലായെന്നുപറഞ്ഞ് വലിയ വാർത്തയാണ്. ഈ സിസ്റ്റം നടപ്പിലാക്കിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. യു.ഡി.എഫ്.-ന്റെ സമയത്ത് ഇങ്ങനെയൊരു സ്കീം അല്ല ഉള്ളത്. ബഹുമാനപ്പെട്ട കെ. എം. മാണി സാർ മുൻകയ്യെടുത്ത് കാരുണ്യ എന്ന പദ്ധതി ലോട്ടറി വകുപ്പുമായിച്ചേർന്നുണ്ടായിരുന്നു. പക്ഷേ, മുഴുവനായുള്ള ഒരു സ്കീം ആണിത്. ആദ്യം റിലയൻസിനെയാണ് ഈ പദ്ധതി ഏല്പിച്ചിരുന്നത്. റിലയൻസിന്റെ ഇൻഷ്വറൻസ് അനുസരിച്ച് മുഴുവൻ തുകയും ആളുകൾക്ക് ലഭിക്കാതെ വന്നപ്പോഴാണ് ഇങ്ങനെയൊരു പദ്ധതിയിലേയ്ക്ക് നമ്മൾ എത്തിയത്. വലിയ ചെലവ് വരുന്നുണ്ടെങ്കിലും ഈ വർഷം സെപ്റ്റംബർ മാസം പകുതിയാകുന്നതിനുമുമ്പ് ബഡ്ജറ്റിലെ ഹെഡിലേയ്ക്കുള്ള മുഴുവൻ തുകയും കൊടുത്തുകഴിഞ്ഞു; ഇനിയും കൊടുക്കേണ്ടി വരും. ബഡ്ജറ്റ് എന്നുപറയുന്നത് കേരളത്തിന്റെ ആകെ റിസോഴ്സ് പരിശോധിച്ച് നമ്മളെല്ലാംകൂടി ചേർന്നുണ്ടാക്കുന്ന രേഖയാണ്. ആ റിസോഴ്സ് നോക്കുമ്പോഴും കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ള പലതും കിട്ടാതെ വരുന്നെങ്കിലും പദ്ധതിളെല്ലാം നമ്മൾ നടപ്പിലാക്കുന്നുണ്ട്. പെൻഷന്റെ കാര്യവും ഇവിടെ

പറയുകയുണ്ടായി. ഇത്തരം കാര്യങ്ങളോരോന്നും ചെയ്തുകൊണ്ടുതന്നെയാണ് നമ്മൾ മുമ്പോട്ട് പോകുന്നത്. വരുമാനം വർദ്ധിക്കുന്ന കാര്യത്തിലും ഏറ്റവും ന്യായമായി പരമാവധി കടം ലഭിക്കേണ്ട കാര്യത്തിലും എല്ലാം ചെയ്യുന്നുണ്ടെങ്കിലും നമുക്ക് ലഭ്യമാകേണ്ട വരുമാനം നൽകുന്നില്ലെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി എം. ജോണും പ്രതിപക്ഷ നേതാവും ടാക്സ് കളക്ഷനെക്കുറിച്ച് കുറെയേറെ കാര്യങ്ങൾ പറയുകയുണ്ടായി. എല്ലാ കാര്യങ്ങളും ഞാൻ എടുത്തുപറയുന്നില്ല; ബാറിന്റെയും സ്വർണ്ണത്തിന്റെയും കാര്യങ്ങൾ സംബന്ധിച്ച് അവർ പറഞ്ഞു. കഴിഞ്ഞ സമ്മേളനത്തിലും ബാർ ഹോട്ടലുകളുടെ കാര്യം പറഞ്ഞിരുന്നു. 2018-19-ൽ ബാർ ഹോട്ടലുകളുടെ ടാക്സ് 227 കോടി രൂപയും 2019-20-ൽ 239 കോടി രൂപയും കോവിഡിന്റെ അവസ്ഥയിൽ ഏറ്റവും കൂടുതൽ ക്ഷീണം ബാധിച്ച വർഷമായ 2020-21-ൽ 200.47 കോടിയും 2021-22-ൽ 539.96 കോടി രൂപയായും 2022-23-ൽ 617 കോടി രൂപയുമായിട്ടുണ്ട്. ഇത് ടേൺ ഓവർ ടാക്സ് ആണെന്ന് നിങ്ങൾക്ക് അറിയാവുന്നതാണ്. ടാക്സ് റിട്ടേൺ ഫയൽ ചെയ്യാത്ത ബാർ ഹോട്ടലുകൾക്കെതിരെ എന്താണ് നടപടിയെടുത്തതെന്ന് നേരത്തേ ചോദിച്ചിരുന്നു. ഒരു വർഷത്തിലധികമായി

ടാക്സ് റിട്ടേൺ ഫയൽ ചെയ്യാത്ത 71 ബാർ ഹോട്ടലുകളുടെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്യുന്നതിന് ബിവറേജസ്, എക്സൈസ് വകുപ്പുകളുമായി ആലോചിച്ച് നോട്ടീസ് നൽകിക്കഴിഞ്ഞു. ഇതുകൂടാതെ BEVCO-യോട് ഇത്തരത്തിൽ ടാക്സ് റിട്ടേൺ ഫയൽ ചെയ്യാത്ത ബാർ ഹോട്ടലുകൾക്ക് IMFL (Indian Made Foreign Liquor) വിതരണം നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടതിന്റെ ഫലമായി 6 വ്യാപാരികൾ ടാക്സ് റിട്ടേൺ മുഴുവൻ ഫയൽ ചെയ്തിട്ടുണ്ട്. ഇത് സംസ്ഥാന വ്യാപകമായി നടത്തുകയാണ്. ഇതനുസരിച്ച് അബ്കാരി ആക്ടിന്റെ കാര്യവും ചർച്ച വേണമെന്ന് പറഞ്ഞിട്ടുണ്ട്. നികുതി കുടിശ്ശിക പിരിവ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി വളരെ കൃത്യമായി അരിയർ റിക്കവറി അടക്കമുള്ള കാര്യങ്ങൾക്ക് പ്രത്യേകമായ വകുപ്പുകൾ ആരംഭിച്ച് അതിനുവേണ്ടിയുള്ള കാര്യങ്ങൾ ചെയ്യുന്നുണ്ട്. സ്വർണ്ണത്തിന്റെ കാര്യത്തിലും ഇതുപോലെയുള്ള നടപടികളെടുത്തിട്ടുണ്ട്, അതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള വളരെ വിപുലമായ പരിപാടികളുണ്ട്. നമ്മുടെ നികുതി വകുപ്പിനെ കേന്ദ്രീകൃതമായി മൂന്ന് വെർട്ടിക്കലായി നിശ്ചയിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഇന്റലിജൻസ് സംഘത്തിന്റെ എണ്ണം 18 ടീമിൽനിന്നും 41 ടീമായി

ഉയർത്തി. ഡെഡിക്കേറ്റഡ് ആയിട്ടുള്ള 140 ഓഡിറ്റ് ടീം വന്നു. അവർ തൊണ്ണൂറ് ശതമാനവും പണമടയ്ക്കുന്നവരുടെ ഓഡിറ്റിംഗ് നടത്തും. ഓഡിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതേയുള്ളൂ. ഈ വരുന്ന ഒക്ടോബർ മാസം മുതൽ അവരുടെ പരിശീലനം കഴിഞ്ഞ് ഫീൽഡിലേയ്ക്ക് പോകാൻ സാധിക്കും. പരിശീലനം ഇല്ലാതെ ചെയ്യാൻ കഴിയുന്ന ഒരു കാര്യമല്ല ഓഡിറ്റിംഗ്. ഇതിനുമുമ്പ് നമ്മുടെ വകുപ്പ് ഓഡിറ്റിംഗ് ചെയ്തിട്ടില്ല; ഇനിമുതൽ ഓഡിറ്റ് കൃത്യമായി ചെയ്യും. അഞ്ച് വർഷത്തിന്റെ പ്രശ്നം പറഞ്ഞതിൽ അത് കറക്ട് ചെയ്തുതന്നെ പോകാൻ സാധിക്കും. ഓഡിറ്റുംകൂടി വരുമ്പോൾ കുറച്ചുകൂടി ഗുണമുണ്ടാകുമെന്നാണ് നമ്മൾ പ്രതീക്ഷിക്കുന്നത്. വലിയ പുകമറയുണ്ടാക്കുന്ന തരത്തിലുള്ള ചർച്ചകളാണ് ഐ.ജി.എസ്.ടി.-യുടെ റിവേഴ്സലിന്റെ കാര്യത്തിൽ ഇവിടെ നടന്നത്. അതിനുവേണ്ടി പ്രത്യേകം ടാസ്ക് ഫോഴ്സിനെ ഉണ്ടാക്കിയിട്ടുണ്ട്. ആരംഭിച്ച കാലത്ത് ഒരു നിയമവും ഉണ്ടായിരുന്നില്ല. ഐ.ടി. സംബന്ധിച്ച നിയമങ്ങളും സോഫ്റ്റ്‌വെയറുകളുമൊക്കെ കേരളത്തിലായിരുന്നു ആദ്യം വന്നത്. പിന്നീടാണ് കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം ഏജൻസികൾ ശക്തിപ്പെടുത്തുന്നത്. ഇപ്പോൾ അതുമായി സംയോജിച്ചാണ് കാര്യങ്ങൾ ചെയ്യുന്നത്. പല വിഷയങ്ങളിലും നമ്മൾ

ആദ്യം ചെയ്യുന്ന കാര്യങ്ങൾ കേന്ദ്ര ഗവൺമെന്റ് ഫോളോ ചെയ്യുന്നുണ്ട്. 70 ശതമാനത്തോളം പണം എങ്ങോട്ടാണ് പോകുന്നതെന്നുള്ള അക്കൗണ്ടുകൾ ഐ.ജി.എസ്.ടി., സി.ജി.എസ്.ടി. തുടങ്ങിയ കാര്യങ്ങളിൽ വന്നിട്ടുണ്ട്. എന്നാലും ഐ.ജി.എസ്.ടി. സംബന്ധിച്ച് ലീക്കേജ് ഉണ്ടെന്ന് നമ്മൾ പറഞ്ഞിട്ടുണ്ട്. എത്രയാണെന്ന് കൃത്യമായി കണ്ടുപിടിക്കാൻ സാധിക്കുന്നില്ല. കോയമ്പത്തൂരിൽ നിന്നും 10,000/- രൂപയുടെ സാധനം കേരളത്തിലെ അഡ്രസ്സിൽ വാങ്ങിയാൽ ആ അഡ്രസ്സിൽ ടാക്സ് വരണമെന്നുള്ള ഒരു നിയമം ഉണ്ടാക്കിയിട്ടുണ്ട്.  നിരന്തരമായി ഇത്തരം കാര്യങ്ങളിൽ ഏറ്റവും കൂടുതൽ ഇടപെടുന്നത് കേരളംതന്നെയാണ്; ഓരോ കമ്മിറ്റിയിലും ഇടപെടുകയാണ്. എനിക്ക് മുമ്പ് ധനകാര്യ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ഡോ. ടി. എം. തോമസ് ഐസക്കിന്റെ കാലത്ത് മുതൽ സ്വർണ്ണത്തിന്റെ കാര്യത്തിൽ ഇടപെട്ടതിന്റെ ഭാഗമായി ഇ-വേ ബില്ലിനുവേണ്ടി ഒരു കമ്മിറ്റി ഉണ്ടായിരുന്നു. കേരളമായിരുന്നു ആ കമ്മിറ്റിയുടെ കൺവീനർ. സ്വർണ്ണത്തിന്റെ ഇൻട്രാസ്റ്റേറ്റ് ഇ-വേ ബിൽ അംഗീകരിച്ചിട്ടുണ്ട്; ഈ മാസം ഉത്തരവ് ഇറങ്ങും. കേരളത്തിൽ സ്വർണ്ണം കൊണ്ടുപോയാൽ ഇ-വേ ബിൽ വേണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും തുക സംബന്ധിച്ച് തീരുമാനമായില്ല. ഇന്റലിജൻസ്

വിഭാഗം 2023 ആഗസ്റ്റ് വരെ 1090 കോടി രൂപയുടെ വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. അടയ്ക്ക, പ്ലൈവുഡ് തുടങ്ങിയ കേസ്സുകളിലായി പെരുമ്പാവൂരിൽ 7 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. സ്വർണ്ണം സംബന്ധിച്ച് 16 ജ്യൂവലറികളിലായി 22 സ്ഥലങ്ങളിൽ വലിയൊരു ടീമായി സർപ്രൈസ് വിസിറ്റ് നടത്തിയിട്ടുണ്ട്. 1200 കോടി രൂപയുടെ വെട്ടിപ്പ് വിറ്റുവരവിൽ കണ്ടെത്തിയിട്ടുണ്ട്. ഈ മേഖലയിലെ വെട്ടിപ്പ് കണ്ടുപിടിക്കാൻ ബുദ്ധിമുട്ടാണ്. പഴയതുപോലെ കണക്കുബുക്കുകളൊന്നുമല്ല. രേഖകൾ പരിശോധിക്കാനും ഐ.ടി.സിസ്റ്റം ബ്രേക്ക് ചെയ്യുന്നതിനും ബുദ്ധിമുട്ടാണ്. എല്ലാ കാര്യങ്ങളും പബ്ലിക്കായി പറയാൻ സാധിക്കില്ല.

ഡീസലിന്റെ കാര്യം പറഞ്ഞത് ശരിയാണ്, വെട്ടിപ്പ് നടക്കുന്നുണ്ട്; വെട്ടിപ്പിനെ പ്രോത്സാഹിപ്പിക്കരുതെന്നേ പറയുന്നുള്ളൂ. ഇന്നലെയും മൂന്ന് ജില്ലകളിൽ വെട്ടിപ്പ് കണ്ടെത്തിയിട്ടുണ്ട്. ആദ്യമായി പെരുമ്പാവൂരും കോഴിക്കോടുമാണ് കണ്ടെത്തിയത്. അവിടെയുള്ള എം.എൽ.എ.-മാർ അറിഞ്ഞുകാണും. കൊണ്ടുവന്ന് വിൽക്കുന്ന പരിപാടിയും എടുത്തുകൊണ്ട് വിൽക്കുന്നവരുമുണ്ട്; അവിടെ നിന്നെല്ലാം പിടിച്ചിട്ടുമുണ്ട്. രണ്ട് തരത്തിലുള്ളവരുണ്ട്. ഡീസൽ അല്ലാത്തത് ഡീസൽ ആണെന്ന് പറഞ്ഞ്

വിൽക്കുന്നവരുണ്ട്. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല എം.എൽ.എ.-യുടെ മണ്ഡലത്തിലെ തൃക്കുന്നപ്പുഴയിൽ വ്യാജ ഡീസൽ വിൽപ്പന നടത്തി ബോട്ടിന്റെ എഞ്ചിൻ തകർന്നതായി ഒരു പരാതി വന്നിട്ടുണ്ട്. ഇങ്ങനെ വ്യാജ ഡീസൽ ധാരാളമായി വരുന്നുണ്ട്. മറ്റൊന്ന്, ബോട്ടിൽ ഉപയോഗിക്കാനാണെന്ന് പറഞ്ഞ് ഡീസൽ കൊണ്ടുവന്നിട്ട് മറിച്ചുവിൽക്കുന്നവരുണ്ട്; അതും പിടിക്കുന്നുണ്ട്. അക്കാര്യങ്ങൾക്കെല്ലാം ശക്തമായ നടപടി സ്വീകരിക്കും, അതിന് പരാതിയുമായി വരരുത്. കേരളത്തിന്റെ സ്വത്തിനും വസ്തുവിനും കള്ളത്തരം കാണിക്കുന്ന ആളുകളെ വെറുതെ വിടാൻ സാധിക്കില്ല. അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ടാക്സിന്റെ കാര്യത്തിൽ വകുപ്പ് പുനഃസംഘടന നടത്തിയ കാര്യങ്ങൾ ഇവിടെ പറഞ്ഞു. നമ്മളെപ്പോലെ പുനഃസംഘടന നടത്തിയ ഒരു സ്റ്റേറ്റുമില്ല. കേരളമാണ് ഇക്കാര്യത്തിൽ ആദ്യം പുനഃസംഘടന നടത്തിയത്. അതുസംബന്ധിച്ച് പഠിക്കാനായി മറ്റ് സ്റ്റേറ്റുകളിൽനിന്നും ആളുകൾ വരുന്നുണ്ട്. പൊതുവിൽ ഇതൊക്കെയാണ് വസ്തുത. നമ്മുടെ നാട്ടിലെ വികസനത്തെക്കുറിച്ച് എപ്പോഴും ആവർത്തിക്കേണ്ട കാര്യമില്ല. കേരളത്തിലെ വികസനം സംബന്ധിച്ച് പറഞ്ഞാൽ, 3.5 ലക്ഷമാണ് 'ലൈഫ്

ഭവന പദ്ധതി'-യിലെ വീടുകൾക്ക് നൽകിയത്. ഈ 7 വർഷംകൊണ്ട് 16000 കോടി രൂപ ആ മേഖലയിൽ മാത്രം ചെലവാക്കിയില്ലേ; 16000 കോടി രൂപ ഇക്കാര്യത്തിനുചെലവാക്കാതെ മറ്റ് കാര്യങ്ങൾക്ക് ചെലവാക്കാമെന്ന് പറഞ്ഞാൽ ഇത്രയും ബുദ്ധിമുട്ട് വരുമോ? ഞങ്ങൾ 16000 കോടി രൂപയല്ല; ഇനിയും ചെലവാക്കും. ബാക്കിയുള്ളവർക്കും വീട് വച്ചുനൽകണമെന്നാണ് നമ്മുടെ ആഗ്രഹം. സാധാരണക്കാർക്ക് പെൻഷൻ കൊടുക്കുന്നതിന്റെ കണക്കുകൾ പറഞ്ഞല്ലോ; യു.ഡി.എഫ്.-ന്റെ കാലത്തെയും എൽ.ഡി.എഫ്.-ന്റെ കാലത്തെയും വ്യത്യാസം മനസ്സിലാക്കാൻ വളരെ കൃത്യമായ കണക്കുകളുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊടുത്തതിന്റെ എത്രയോ ഇരട്ടിയാണ് പെൻഷനായി കൊടുക്കുന്നത്. 36000 കോടി രൂപയിൽ അധികമാണ് ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് കൊടുത്തത്.

കെ.എസ്.ആർ.ടി.സി.-യുടെ കണക്ക് ഇന്നലെ പറഞ്ഞിരുന്നു. ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ കെ.എസ്.ആർ.ടി.സി.-യുടെ കാര്യം പരാമർശിച്ചിരുന്നു. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 2011-16 കാലഘട്ടത്തിൽ 1543 കോടി രൂപയാണ്

കൊടുത്തത്. 2016-2021-ൽ ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 4924 കോടി രൂപയാണ് കൊടുത്തത്. രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് 2021 മുതൽ ഇതുവരെ 4503 കോടി രൂപ കൊടുത്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഒരു വർഷം പെൻഷൻ കൊടുക്കാതിരുന്നതും ആത്മഹത്യ ചെയ്തതുമൊക്കെയുള്ള കണക്കുകൾ ഓർമ്മയുണ്ടല്ലോ; ആ സമയത്ത് യു.ഡി.എഫ്. ആണ് ഭരിച്ചിരുന്നതെന്ന് അറിയാമല്ലോ? സഹകരണ ബാങ്കിൽനിന്നും കൺസോർഷ്യം എടുത്ത് പെൻഷൻ കൊടുക്കാനും ബാക്കി കാര്യങ്ങളൊക്കെ ചെയ്തതും നമുക്കറിയാം. ക്ഷേമ പെൻഷന്റെ കാര്യത്തിൽ എല്ലാ കാര്യങ്ങളും പറയണ്ടേ; യു.ഡി.എഫ്. കൊടുത്തിരുന്നതിനേക്കാൾ വളരെക്കൂടുതലാണ് ഇപ്പോൾ ക്ഷേമ പെൻഷനായി കൊടുത്തത്. അതിനുമുമ്പുള്ള 18 മാസക്കാലം ക്ഷേമ പെൻഷൻ കൊടുക്കാതിരുന്നത് ഉൾപ്പെടെയുള്ളതുണ്ട്. സാധാരണക്കാരുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞാൽ, ഉച്ചഭക്ഷണത്തിന്റെ കാര്യം ഇവിടെ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി എന്നെ ഓർമ്മിപ്പിക്കുകയായിരുന്നു. എസ്.എൻ.എ. (Single Nodal Agency) അക്കൗണ്ടിൽ തുക ഇട്ടില്ലെന്ന് പറഞ്ഞാണ്

തടസ്സമുണ്ടാക്കിയത്. 200 കോടിയിലധികം രൂപ എസ്.എൻ.എ. അക്കൗണ്ടിൽ ഇട്ടിട്ടുണ്ട്. ഇന്ന് അതിന്റെ ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഈ തുക അക്കൗണ്ടിൽ ഇട്ടിട്ടും കേന്ദ്ര സർക്കാരിന്റെ പണം വരുന്നത് നോക്കി നിന്നിട്ട് കാര്യമില്ല; ഉച്ചഭക്ഷണത്തിന്റെ തുക അനുവദിച്ചിട്ടുണ്ട്. ബഡ്ജറ്റിൽനിന്നും 50 ശതമാനത്തോളം തുക അഡ്വാൻസായി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇങ്ങനെയെല്ലാം ഓരോ മേഖലയിലും ചെയ്യുകയാണ്; ഇത്തരത്തിൽ ചെയ്യുമ്പോഴും പ്രശ്നങ്ങൾ ഒന്നുമില്ലെന്നല്ല.

മലപ്പുറത്ത് ഒരു എൻ.എച്ച്. റോഡ് വരുന്നത് സംബന്ധിച്ച് പരാമർശമുണ്ടായല്ലോ. ആ ഒരു എൻ.എച്ച്. റോഡ് മാത്രമാണോ; തീരദേശ ഹൈവേ, നമ്മുടെ നാഷണൽ ഹൈവേ, മലയോര ഹൈവേ, എം.സി. റോഡ്, ഇന്റേണൽ റോഡുകൾ എന്നിവയെല്ലാം വികസിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എൻ.എച്ച്. 30 മീറ്ററിൽ വികസിപ്പിക്കാൻ ചർച്ച ചെയ്തിട്ടും നടപ്പിലാകാത്ത ഒരു വിഷയമായിരുന്നല്ലോ; എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ഇക്കാര്യങ്ങളെല്ലാം നന്നായി ചെയ്യാൻ സാധിച്ചത്. പലപ്പോഴും ആവർത്തിച്ചതുകൊണ്ട് അതിന്റെ കണക്കുകളെല്ലാം അറിയാം. മലപ്പുറം ജില്ലയിൽ മാത്രം രണ്ടായിരത്തോളം

കോടി രൂപയാണ് ഭൂമി ഏറ്റെടുക്കാൻ വേണ്ടി കൊടുത്തത്. ഏറ്റവും കൂടുതൽ നാഷണൽ ഹൈവേ കടന്നുപോകുന്ന സ്ഥലമാണത്. അവിടെ മാത്രമല്ല. എല്ലാ ജില്ലയിലും കൊടുത്തു. കേന്ദ്രത്തിൽ മൻമോഹൻ സിംഗ് ഗവൺമെന്റും ഇവിടെ യു.ഡി.എഫ്. ഗവൺമെന്റും ആയിരുന്നപ്പോഴും നടത്താൻ സാധിച്ചില്ല. സ്കൂളുകളുടെ കാര്യത്തിൽ, ഉമ്മൻ ചാണ്ടി സർക്കാർ പ്രഖ്യാപിച്ചെങ്കിലും ഒരു വർഷത്തേയ്ക്ക് പ്ലാൻ ഹോളിഡേപോലെ പണം കൊടുത്തില്ല. തുക നൽകിയതിന്റെയെല്ലാം കണക്കുകളുണ്ട്. സ്കൂളുകളൊക്കെ വരുന്നത് വലിയ കാര്യമാണോയെന്നാണ് അതിനെക്കുറിച്ച് പറഞ്ഞത്. സ്കൂളുകൾ വളരെ നന്നായി വന്നുവെന്നത് നമ്മളെല്ലാം അംഗീകരിക്കുന്നതാണ്. സ്കൂളുകളെക്കുറിച്ച് എല്ലാവർക്കും അഭിമാനത്തോടുകൂടി പറയാം. സ്കൂളുകൾ മാത്രമല്ല; ഏറ്റവും വലിയ സ്വപ്നമാണ് വാട്ടർ വേ; അതിനുവേണ്ടി വലിയ തുകയാണ് ചെലവാക്കിയത്. വാട്ടർ മെട്രോയെന്ന് പറയുന്നത് ഇന്ത്യയിൽ ആദ്യത്തേതാണ്; ഏഷ്യൻ രാജ്യങ്ങളിൽ എവിടെയെങ്കിലും ഉണ്ടോയെന്നറിയില്ല. ഡിജിറ്റൽ സയൻസ് പാർക്ക് ഏഷ്യയിലെ ആദ്യത്തേതാണ്. ഓരോ സ്ഥലങ്ങളിലും പദ്ധതികൾ വന്നതിന്റെ കാര്യങ്ങൾ ഞാൻ എടുത്തുപറയുന്നില്ല. ഈ പദ്ധതികളും വികസനവുമെല്ലാം ഉണ്ട്.

ജനങ്ങൾക്കുവേണ്ടി ഓരോ മേഖലയിലും നൽകുന്ന തുകയൊന്നും എവിടെയും കുറയ്ക്കാൻ തീരുമാനിച്ചിട്ടില്ല. സമയക്കുറവുകാരണം കൂടുതലൊന്നും വിശദീകരിക്കുന്നില്ല, പല കാര്യങ്ങളും ഞാൻ ചുരുക്കുകയാണ്. ഇവിടെ ചർച്ചയുടെ സ്വഭാവം നോക്കുമ്പോൾ, അവതാരകൻതന്നെ ഏറ്റവും അവസാനം പറഞ്ഞത്, കേന്ദ്രത്തിനെതിരെ ഞങ്ങൾ ശക്തമായി അഭിപ്രായം പറയുമെന്നാണ്. മഹാഭാരതത്തിൽ ഒരു പ്രധാന രംഗമുണ്ട്; അതിൽ 'അശ്വാത്ഥാമാ ഹതഃ കുഞ്ജരഃ' എന്നുപറയുന്നുണ്ട്. കാരണം, അശ്വത്ഥാമാവ് മരിച്ചുവെന്ന് അറിഞ്ഞാലേ അദ്ദേഹത്തിന്റെ പിതാവായ ദ്രോണാചാര്യൻ ആയുധം താഴെ വയ്ക്കുകയുള്ളൂ. യഥാർത്ഥത്തിൽ അശ്വത്ഥാമാവ് മരിച്ചില്ല. അശ്വത്ഥാമാവ് എന്നൊരു ആനയുണ്ട്. ആ ആനയെ കൊന്നിട്ടുവന്ന് പറയുകയാണ് അശ്വാത്ഥാമാ ഹതഃ കുഞ്ജരഃ എന്ന്; സത്യമാണോ പറഞ്ഞത്? ധർമ്മപുത്രർ കള്ളം പറയില്ലല്ലോ; പാവം ദ്രോണാചാര്യർ ആയുധം താഴെ വച്ചു. ഇത്തരം കഥകൾ പ്രതിപക്ഷത്തിന് മനസ്സിലാകില്ല. ആരാണ് ധർമ്മപുത്രർ എന്ന് ശ്രീ. കെ. സി. ജോസഫ് പറഞ്ഞിട്ടും മനസ്സിലായില്ലേ? ഉമ്മൻചാണ്ടിയുടെ പേരിൽ കേസ്സെടുത്തതിനുപിന്നിൽ ആരെല്ലാമുണ്ടെന്ന് ശ്രീ. കെ. സി. ജോസഫ് ഇന്ന് രാവിലെ

പറഞ്ഞതുകൊണ്ട് അക്കാര്യങ്ങൾവീണ്ടും പറയേണ്ട ആവശ്യമില്ല. കേന്ദ്ര മന്ത്രി ശ്രീ. വി. മുരളീധരൻപോലും ഇത്രയും ശക്തമായി കേന്ദ്ര ഗവൺമെന്റിനുവേണ്ടി വാദിക്കുന്നില്ലല്ലോ? ഞങ്ങൾ ഈ കേരളത്തിലാകെ കുഴപ്പമുണ്ടാക്കിക്കൊണ്ടിരിക്കുന്നുവെന്ന അർത്ഥത്തിലാണ് എല്ലാം വാദിച്ച് അവസാനിപ്പിച്ചത്. അങ്ങനെ വാദിച്ച് അവസാനിപ്പിക്കേണ്ട സ്ഥിതിയാണോ വേണ്ടത്? എം.പി. മാരുടെ കാര്യത്തിൽ..... മുൻ പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തലയും പറഞ്ഞു. ....

ശ്രീ. റോജി എം. ജോൺ: സർ, ......

മി. സ്പീക്കർ: He is not yielding. .....

ശ്രീ. കെ. എൻ. ബാലഗോപാൽ: പ്രതിപക്ഷം ഉന്നയിച്ച എല്ലാ കാര്യങ്ങൾക്കും മറുപടി പറഞ്ഞതിനുശേഷം നിങ്ങൾക്ക് സംസാരിക്കാം. മുൻ പ്രതിപക്ഷ നേതാവ് പറഞ്ഞത് പ്രതിപക്ഷത്തിനെ വിളിക്കേണ്ട തരത്തിൽ വിളിച്ചില്ലെന്നാണ്. എന്റെ കൈയ്യിൽ എം.പി.മാരുടെ കോൺഫറൻസ് നടന്നതിന്റെ മിനിട്ട്സുണ്ട്. ആ മിനിട്ട്സിൽ ആദ്യം മുഖ്യമന്ത്രി സംസാരിച്ചു, അതിനുശേഷം ഫിനാൻസിനെപ്പറ്റിയും സംസാരിച്ചു. ഫിനാൻസിന്റെ കാര്യത്തിൽ ഓൺലൈൻ മീറ്റിംഗ് വിളിച്ചതുകൊണ്ട് ആ

യോഗത്തിൽ പങ്കെടുക്കില്ലെന്ന് ആരും പറഞ്ഞില്ല. ഓൺലൈൻ മീറ്റിംഗാണ് ആ ദിവസം വിളിച്ചത്. ഓൺലൈൻ മീറ്റിംഗായതുകൊണ്ട് ആരെങ്കിലും സംസാരിക്കാതിരുന്നോ? ഇത്തരമൊരു കാര്യത്തിനായി ഞങ്ങളും പങ്കെടുക്കാമെന്നാണ് പറഞ്ഞത്. ശ്രീ. രമേശ് ചെന്നിത്തല എം.പി.യായിരുന്ന അംഗംകൂടിയാണ്. ഇപ്പോഴും അദ്ദേഹം പാർലമെന്റിലേയ്ക്ക് പോകാനുള്ള സാധ്യതയുണ്ട്; അത്തരത്തിലുള്ള ചർച്ചകൾ നടക്കുന്നുണ്ട്. വളരെ ദീർഘകാലം പാർലമെന്റിലുണ്ടായിരുന്ന വ്യക്തിയായിരുന്ന അദ്ദേഹം പറഞ്ഞത് ബാലഗോപാൽ വിളിക്കേണ്ടതുപോലെ വിളിക്കണമെന്നാണ്. നമ്മൾ ഏതെങ്കിലും കല്ല്യാണത്തിനോ സദ്യയിലോ പങ്കെടുക്കുന്നതിനായി വിളിക്കുകയല്ലല്ലോ? കേരളത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ ഉന്നയിക്കാൻവേണ്ടി അവിടേയ്ക്ക് പോകാൻ തീരുമാനിച്ചതിനെയാണ് പറയുന്നത്. നമ്മൾ എത്രയോ തവണ ഒരുമിച്ച് പോയിട്ടുണ്ട്, എം.പി.യായി ഇരുന്നിട്ടുണ്ട്; ഇവിടെയിരിക്കുന്ന പല അംഗങ്ങളും അന്ന് എം.പി.യായിട്ടുണ്ടായിരുന്നു. കൊച്ചിൻ മെട്രോയുടെ കാര്യത്തിലും പശ്ചിമഘട്ടവുമായി ബന്ധപ്പെട്ട പരിസ്ഥിതിയുടെ കാര്യത്തിലും നമ്മളെല്ലാം ഒരുമിച്ച് സമരം നടത്തിയിട്ടില്ലേ; നമ്മൾ സഭയ്ക്കകത്ത് അങ്ങോട്ടുമിങ്ങോട്ടും

ഫൈറ്റ് ചെയ്യുമ്പോൾതന്നെ കേരളത്തിന്റെ പ്രശ്നങ്ങൾക്കുവേണ്ടി പ്ലക്കാർഡുകളുമായി പാർലമെന്റിൽ ഒരുമിച്ച് നിന്നിട്ടില്ലേ; അതിൽ സംശയമുണ്ടോ? പക്ഷെ, ഇക്കാര്യം പറഞ്ഞില്ലായെന്ന് പറയുക മാത്രമല്ല നിങ്ങൾ എന്താണ് ചെയ്തത്? കഴിഞ്ഞ ദിവസം സഭയിൽ ഇത്രയും ചൂടുപിടിച്ച വിഷയം നടക്കുമ്പോൾ വളരെ കുറച്ച് സ്പേയ്സ് മാത്രം പാർലമെന്റിൽ കിട്ടുമ്പോൾ ശ്രീ. ബെന്നി ബഹനാൻ എം. പി. സംസാരിച്ചത് കേരളത്തിലെ പോലീസ് സംവിധാനത്തിന്റെ കുറ്റമാണ്. മണിപ്പൂർ കത്തി നിൽക്കുമ്പോൾ കേരളത്തിൽനിന്നുള്ള എം.പി.യായ ശ്രീ. ബെന്നി ബഹനാൻ സംസാരിച്ചത് കേരളത്തിലെ പോലീസ് കേസ്സുമായി ബന്ധപ്പെട്ട സംസ്ഥാനത്തുള്ള വിഷയമായിരുന്നു. പാർലമെന്റിൽ കൊല്ലം പാർലമെന്റംഗം സംസാരിച്ചത് ഐ.ജി.എസ്.ടി. വാങ്ങിയതിനുശേഷം കേരളത്തിൽ എന്തൊക്കെയോ കുഴപ്പമുണ്ടെന്നാണ്; അല്ലാതെ കേരളത്തിന് അർഹതപ്പെട്ട പണത്തെപ്പറ്റിയല്ല സംസാരിച്ചത്. അവിടെ പറഞ്ഞ കാര്യം പുറത്തിറങ്ങി സംസാരിക്കുക; എന്നിട്ട് അതേ കാര്യം കേന്ദ്ര ധനകാര്യ മന്ത്രി കേരളത്തിന് എതിരെ പത്ര സമ്മേളനത്തിൽ പറയുക. കേരളത്തിന് ലഭിക്കുന്ന പണം

ആവശ്യത്തിലുമധികമാണെന്ന് പറയുന്ന കേന്ദ്ര ധനകാര്യ മന്ത്രിപോലും ഇങ്ങനെ പറയുമെന്ന് എനിക്ക് തോന്നുന്നില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോയിന്റ് ഓഫ് ഓർഡർ....

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. വി. ഡി. സതീശൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി കേരളത്തിൽനിന്നും ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ട എം.പി.മാരെ തുടർച്ചയായി അവഹേളിക്കുകയാണ്. മാത്രമല്ല, അവർ പാർലമെന്റിൽ നടത്തിയ പ്രസംഗങ്ങളെപ്പറ്റി ഈ സഭയ്ക്കകത്തുവന്ന് അധിക്ഷേപകരമായി സംസാരിക്കുന്നത് ഓർഡറിലാണോ?. രണ്ട്, ലോക്സഭാ സ്പീക്കർ ഉൾപ്പെടെ കേന്ദ്ര മന്ത്രിസഭാംഗങ്ങൾ പ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയും പ്രമേയം അവതരിപ്പിച്ചതിനെത്തുടർന്ന് എത്രയോ തവണ കേരളത്തിലെ പാർലമെന്റ് അംഗങ്ങൾ സസ്പെന്റ് ചെയ്യപ്പെട്ടിട്ടുണ്ട്. എല്ലാ പ്രാവശ്യവും സസ്പെന്റ് ചെയ്യുമ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരായി നിരന്തരമായി പോരാടുന്ന കേരളത്തിലെ എം.പി.മാരെയല്ലേ സസ്പെന്റ് ചെയ്യുന്നത്? ഒരു പോയിന്റുകൂടി പറയാം;

നിവേദനം കൊടുക്കാൻവേണ്ടി ഗവൺമെന്റ് ക്ഷണിച്ചുവെന്ന് പറയുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്. താങ്കൾ പറഞ്ഞിട്ട് നിവേദനം കൊടുക്കാൻ സാധിച്ചോ? ഒരു യോഗം വിളിച്ചുചേർത്ത് നമുക്ക് കേന്ദ്ര ഗവൺമെന്റിൽ നിവേദനം കൊടുക്കാമെന്ന് പറഞ്ഞോ? രാജ്യ സഭാംഗമായ ശ്രീ. ഇളമരം കരീം എം.പി. കേരളത്തിലെ ലോക്സഭാംഗങ്ങളുടെയും രാജ്യസഭാംഗങ്ങളുടെയും അടുത്തുചെന്ന് ഇതിൽ ഒപ്പിട്ടുതരണമെന്ന് പറഞ്ഞപ്പോൾ, അത് സംസ്ഥാനവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ മുഖ്യമന്ത്രിയോ ധനകാര്യ വകുപ്പുമന്ത്രിയോ സംസാരിച്ചാൽ ഞങ്ങൾ ഒപ്പിടാമെന്ന് പറഞ്ഞു. മുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയും ഡൽഹിയിൽ പോകുമ്പോൾ ഒരു എം.പി.യെ മാത്രമെ കൂടെ കൊണ്ടുപോകുകയുള്ളൂ... (ബഹളം...)

<u>മി. സ്പീക്കർ</u>: പ്രതിപക്ഷ നേതാവ് സംസാരിക്കുന്നുണ്ട്. എല്ലാവരും പ്രതിപക്ഷ നേതാവല്ല, മറ്റംഗങ്ങൾ സംയമനം പാലിക്കണം പ്ലീസ്....

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അതുകൊണ്ട് ഈ ഹൗസിലിരുന്ന് കേരളത്തിൽനിന്നും ജനപ്രതിനിധികളായി പാർലമെന്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട എം.പി.മാരെ അധിക്ഷേപിക്കുന്നത് ശരിയല്ല.

പാർലമെന്റ് തെരഞ്ഞെടുപ്പാണ് വരാൻ പോകുന്നത്, ഇക്കാര്യങ്ങൾ നിങ്ങളിവിടെ പറയുന്നതുകൊണ്ട് അവർക്ക് ഒരു കുഴപ്പവും സംഭവിക്കാൻ പോകുന്നില്ല. ലക്ഷക്കണക്കിന് വോട്ടുകളുടെ ഭൂരിപക്ഷത്തോടെ അവർ തിരിച്ചുവരും. അതുകൊണ്ട് ഈ എം.പി.മാരെ അധിക്ഷേപിക്കരുത്. ഇത് കേരളചരിത്രത്തിൽ ആദ്യമായിട്ടാണ്. നിയമസഭയിൽ തുടർച്ചയായി എം.പി.മാരെ അധിക്ഷേപിക്കുന്നത് ഓർഡറിലാണോയെന്നതാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: അക്കാര്യം ചെയർ പരിശോധിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, റൂളിംഗ് നൽകുന്നതിന് മുമ്പ് ഒരു കാര്യത്തിൽ വ്യക്തത വരുത്തേണ്ടതുണ്ടെന്നാണ് തോന്നുന്നത്. ഏറ്റവും ഒടുവിൽ നടന്ന പാർലമെന്റ് സമ്മേളനത്തിൽ കേരളത്തിൽനിന്നുള്ള പാർലമെന്റ് അംഗങ്ങൾ സംയുക്തമായി നിവേദനം കൊടുക്കാൻ തീരുമാനിച്ചത് സംസ്ഥാന സർക്കാർ വിളിച്ചുചേർത്ത എം.പി.മാരുടെ യോഗത്തിൽവച്ചാണ്. അതിൽ ഒരു നിർദ്ദേശം മുന്നോട്ടുവച്ചിരുന്നു. ആ നിർദ്ദേശത്തിൽ കക്ഷിരാഷ്ട്രീയ വ്യത്യാസമില്ലാതെ എല്ലാ ആളുകളും അതിൽ യോജിപ്പ് പ്രകടിപ്പിച്ചു. എന്റെ ഓർമ്മ ശ്രീ. ബെന്നി ബഹനാൻ

എം.പി.യാണ് നമുക്കെല്ലാവർക്കുംകൂടി ഒരുമിച്ച് നിവേദനം കൊടുക്കാമെന്ന് പറഞ്ഞ് ആദ്യം മുന്നോട്ടുവന്നത്. അങ്ങനെ ആ നിർദ്ദേശം പൊതുവെ എല്ലാവരുംകൂടി അംഗീകരിച്ചു. പക്ഷെ ആരും നിവേദനം ഒപ്പുവയ്ക്കാൻ തയ്യാറായില്ല, ഒപ്പ് വയ്ക്കാൻ തയ്യാറാകാത്തതുമാത്രമല്ല, ഒന്നിച്ച് പോകാനും തയ്യാറായില്ല; ഇതാണ് വസ്തുത. (ബഹളം.....)

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്... മുഖ്യമന്ത്രി സംസാരിക്കട്ടെ....

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നിവേദനത്തിൽ വ്യത്യാസമുണ്ടെങ്കിൽ ഒപ്പിടുന്ന സന്ദർഭത്തിൽ പറയാമല്ലോ; പക്ഷേ, ഒപ്പിട്ടില്ലല്ലോ. നിവേദനം തയ്യാറാക്കിയതിലെ അപാകതയല്ല പറഞ്ഞത്. ഈ നിവേദനത്തിൽ അപാകതയുണ്ടെന്നും ഇതിലെ ഇന്നഭാഗം ശരിയല്ലെന്നുമുള്ള വാദത്തിലേയ്ക്കും പോയില്ല. യഥാർത്ഥത്തിൽ സംഭവിച്ചത് ഒപ്പിടാൻ സന്നദ്ധമല്ലെന്ന നിലപാടാണ്. അങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ പാടുണ്ടോ? അങ്ങനെയൊരു നിലപാട് സ്വീകരിച്ചതാണ് പ്രശ്നം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇപ്പോൾ പോയിന്റ് ഓഫ് ഓർഡർ എന്ന നിലയിൽ പ്രശ്നം ഉന്നയിച്ചുവല്ലോ.

ഞങ്ങളെല്ലാം പാർലമെന്റ് അംഗങ്ങളായിരുന്നു. ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ ഏതെങ്കിലും പൊതുനിവേദനങ്ങളുണ്ടെങ്കിൽ അത് തയ്യാറാക്കി ഒപ്പിടുന്നതിനായി കൊണ്ടുവന്നിരുന്നത് ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം.പി. ആയിരുന്നു. അതോടൊപ്പംതന്നെ ഞങ്ങൾ പാർലമെന്റിൽ അംഗമായി ഉണ്ടായിരുന്ന സമയത്ത് അന്ന് മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടി അവിടെ വരുമ്പോൾ, കോൺഗ്രസ് പാർട്ടിയുടെ ഏതെങ്കിലും എം.പി.ആയിരുന്നു അദ്ദേഹത്തെ അനുഗമിച്ചിരുന്നത്. അല്ലാതെ ഞങ്ങളെ ആരെയും ഒരു സന്ദർഭത്തിലും വിളിച്ചിട്ടുമില്ല, ഞങ്ങളാരും പോയിട്ടുമില്ല. നിങ്ങൾക്ക് അവിടുത്തെ രീതിയെപ്പറ്റി അറിയാത്തതുകൊണ്ടാണ്. ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് അറിയാമായിരിക്കും. എല്ലാ എം.പി.മാരെയും കൊണ്ട് പോകുന്നത് പൊളിറ്റിക്കൽ ഡെലിഗേഷനാണ്. അപ്പോൾ വസ്തുതയ്ക്ക് നിരക്കാത്ത കാര്യങ്ങളാണ് ഇവിടെ പ്രതിപാദിച്ചിട്ടുള്ളത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കേരള സർക്കാർ സാധാരണ എല്ലാ പാർലമെന്റ് സെഷനുമുമ്പും വളരെ വിശദമായ ചർച്ച നടത്താറുണ്ട്. എന്താണ് കേരളത്തിന്റെ വിഷയങ്ങളെന്നും പാർലമെന്റിൽ നമ്മുടെ പ്രയോരിറ്റി

എന്താണെന്നുമുള്ള ചർച്ചയിൽ എല്ലാ എം.പി.മാരും വരേണ്ടതാണ്. കഴിഞ്ഞ കുറേ നാളുകളായി ഗ്രൂപ്പുകളായി മീറ്റിംഗാണ് നടക്കുന്നത്. ഒരു പ്രധാനപ്പെട്ട വിഷയവുമായി ബന്ധപ്പെട്ട് ഒരു കമ്മ്യൂണിക്കേഷനും സംസ്ഥാന സർക്കാർ നടത്താറില്ല. ഇതൊന്നുമല്ലാതെതന്നെ കേരളത്തെ ബാധിക്കുന്ന ഗൗരവമായ എല്ലാ വിഷയങ്ങളും ഞങ്ങൾ പ്രസിദ്ധപ്പെടുത്താം. കേരളത്തിൽനിന്നുള്ള എല്ലാ എം.പി.മാരും ഈ സംസ്ഥാനത്തെ ബാധിക്കുന്ന എന്തെല്ലാം വിഷയങ്ങൾ പാർലമെന്റിൽ അവതരിപ്പിച്ചിട്ടുണ്ടെന്നുള്ളതു സംബന്ധിച്ച വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്താൻ ഞങ്ങൾ തയ്യാറാണ്. ഈ ചർച്ചയെ രാഷ്ട്രീയമാക്കി മാറ്റുന്നതുകൊണ്ടാണ് ഇക്കാര്യം പരാമർശിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, മുമ്പ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്കിന്റെ കാലത്ത് ജി.എസ്.ടി.യുമായും ലോട്ടറിയുമായും ബന്ധപ്പെട്ട ചില കാര്യങ്ങൾ, സതേൺ സ്റ്റേറ്റുകളെല്ലാംകൂടി ഒരുമിച്ച് മുന്നോട്ട് പോകേണ്ട കാര്യങ്ങൾ എന്നിവയെല്ലാം സംബന്ധിച്ച് പ്രതിപക്ഷ നേതാവുമായി ആദ്യം ആലോചന നടത്തുകയാണ് ചെയ്തിരുന്നത്. അക്കാര്യത്തെപ്പറ്റി ധനകാര്യ മന്ത്രിക്ക് റെക്കോർഡുകൾ പരിശോധിക്കാവുന്നതാണ്. അങ്ങനെ പ്രതിപക്ഷ നേതാവുമായി

ആലോചിച്ച്, പ്രതിപക്ഷ നേതാവ് എം.പി.മാരെ കോ-ഓർഡിനേറ്റ് ചെയ്ത് ഞങ്ങൾ മുന്നോട്ട് പോയിട്ടുള്ള എത്രയോ സന്ദർഭങ്ങളുണ്ട്. അത്രയ്ക്ക് ഗുരുതരമായ വിഷയമാണെങ്കിൽ അങ്ങേയ്ക്ക് എന്തുകൊണ്ട് പ്രതിപക്ഷ നേതാവുമായി സംസാരിച്ചുകൂടാ. അല്ലെങ്കിൽ അദ്ദേഹം വേണമെന്നില്ല. എം.പി.മാരുമായി സംസാരിക്കാനുള്ള സംവിധാനം എന്തുകൊണ്ട് ഏർപ്പെടുത്തിക്കൂടാ. അങ്ങനെയാണ് ഡോ. ടി. എം. തോമസ് ഐസക് ചെയ്തിരുന്നത്. അദ്ദേഹം എത്രയോ സന്ദർഭങ്ങളിൽ അത്തരം കാര്യങ്ങളിൽ ഞങ്ങളുടെ സഹായം തേടിയിട്ടുണ്ട്. ഞങ്ങൾ സഹകരിച്ചിട്ടുമുണ്ട്. കേരളത്തിന്റെ പൊതുതാൽപര്യത്തിന്റെ കാര്യത്തിൽ പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസമില്ലാതെ ഞങ്ങൾ ഒരുമിച്ചുതന്നെ പോയിട്ടുണ്ട്. നാളെയും അങ്ങനെതന്നെ പോകണമെന്നാണ് പറയുന്നത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, പറയേണ്ടി വന്നതിൽ ദുഃഖവും വേദനയുമുണ്ട്. അദ്ദേഹം പറഞ്ഞതിന്റെ പൊരുളെന്താണ്; ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രതിപക്ഷനേതാവുമായി സംസാരിക്കാത്തതുകൊണ്ടാണ് പാർലമെന്റ് അംഗങ്ങൾ ഇങ്ങനെയൊരു നിലപാടിലേയ്ക്ക് വരാതിരുന്നത് എന്നാണ്. അങ്ങനെയൊരു നിലപാട്

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എടുത്തിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ പ്രസംഗമധ്യേ സൂചിപ്പിച്ച കാര്യം ആക്ഷേപകരമായിട്ടല്ല, പ്രസംഗമധ്യേ പരാമർശിച്ചു എന്നുമാത്രമെയുള്ളൂ.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ബഹുമാനപ്പെട്ട എം.പി.-മാരുടെ യോഗത്തിലെ തീരുമാനങ്ങൾ ഞാനിവിടെ വായിക്കാം. ഒന്ന്, സംസ്ഥാനത്തിന്റെ വായ്പാ പരിധി വെട്ടിച്ചുരുക്കാനുള്ള നീക്കത്തിൽനിന്നും പിന്തിരിയുന്നതിന് കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തുക. രണ്ട്, ജി.എസ്.റ്റി. നഷ്ടപരിഹാര കാലാവധി നീട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക. മൂന്ന്, സംസ്ഥാന വിഷയങ്ങളിൽ കേന്ദ്രം നടത്തുന്ന നിയമ നിർമ്മാണ നടപടികൾക്കെതിരെ പാർലമെന്റിൽ ശക്തമായി എതിർക്കുക. വിമാനയാത്ര, റെയിൽവേ തുടങ്ങി ഇതുപോലെ ഇനിയും കുറേ കാര്യങ്ങളുണ്ട്, ഇക്കാര്യങ്ങളിലെല്ലാം തീരുമാനമെടുത്തതാണ്. ഞങ്ങളൊക്കെ ഉണ്ടായിരുന്നപ്പോഴും എം.പി.-മാരുടെ ഡെലിഗേഷൻ പോകുമ്പോൾ ഒരുമിച്ച് പോകുമായിരുന്നു.

ശ്രീ. ജയറാം രമേശ് ഏറ്റവും വാശിയേറിയ ചർച്ച നടത്തുന്നൊരു മന്ത്രിയാണ്. അദ്ദേഹം കേന്ദ്രമന്ത്രിയായിരിക്കുമ്പോൾ പരിസ്ഥിതി വിഷയങ്ങളിൽ ഡെലിഗേഷൻ വിളിക്കുമ്പോൾ ഞങ്ങൾ ഒരുമിച്ച് പോകാറുണ്ട്. ഒരുമിച്ച് സമരവും നടത്തിയിട്ടുണ്ട്. എനിക്ക് ഇന്നത്തെ അടിയന്തരപ്രമേയത്തിന്റെ നോട്ടീസ് കണ്ടപ്പോൾ ഒരുകാര്യം മനസ്സിലായി. കേരളത്തിലെ ജനങ്ങളുടെ മുന്നിൽ യു.ഡി.എഫ്.-ന്റെ 18 എം.പി.-മാരും എക്സ്പോസ്ഡ് ആയിട്ടുണ്ട്. ഒരു ഒപ്പിടാൻപോലും തയ്യാറായില്ല എന്നുള്ളത് ജനങ്ങൾക്ക് മനസ്സിലായിട്ടുണ്ട്. ബാക്കി കാര്യങ്ങളൊന്നും ചർച്ച ചെയ്യുന്നില്ലല്ലോ; ഇവിടെ ഞങ്ങളിപ്പോൾ ബി.ജെ.പി.-യെ സംബന്ധിച്ചോ കേന്ദ്ര മന്ത്രിമാരെ സംബന്ധിച്ചോ അല്ലെങ്കിൽ അവരുടെ നയത്തെ സംബന്ധിച്ചോ വിമർശിക്കുമ്പോൾ അതൊരു പാർലമെന്റ് അംഗത്തിന്റെ പ്രിവിലേജിന്റെ പ്രശ്നമല്ലല്ലോ; നയത്തെ സംബന്ധിച്ചുള്ളതാണ്. ഇക്കാര്യത്തിൽ എത്രയെത്ര പ്രശ്നങ്ങളാണ്. നമുക്കിവിടെ പറയേണ്ട ധാരാളം കാര്യങ്ങളുണ്ട്. ഇങ്ങനെയൊരു ചർച്ചയുടെ സമയത്ത് നമുക്കെല്ലാ കാര്യങ്ങളും ചർച്ച ചെയ്ത് അവസാനിപ്പിക്കാൻ കഴിയില്ല. പൊതുവിൽ നാം മനസ്സിലാക്കേണ്ടതാണ് എന്നുള്ളതുകൊണ്ട് ഒരുകാര്യം പറയാം.

കേരളത്തിൽ നേരത്തെ ഉണ്ടായിരുന്നതിനേക്കാൾ വ്യത്യസ്തമായി ബി.ജെ.പി. ഗവൺമെന്റ് വന്നതിനുശേഷം....., ഏത് സംസ്ഥാന ഗവൺമെന്റ് വന്നുകൊള്ളട്ടെ; ഏത് സംസ്ഥാനവും ആയിക്കൊള്ളട്ടെ; ജി.എസ്.റ്റി. വരുന്നതിനുമുമ്പ് നമ്മുടെ ടാക്സ് റവന്യൂ ന്യൂട്രൽ റേറ്റ് 16 ശതമാനം ആയിരുന്നു. 100 രൂപയുടെ സാധനം വിറ്റാൽ 15, 16 രൂപ ടാക്സ് ഉണ്ടായിരുന്നു. ഇവർ വന്നതിനുശേഷം ഒരു ഇലക്ഷന്റെ സമയത്ത് പലപ്പോഴും വ്യത്യസ്തമായി തീരുമാനിച്ച് 11 ശതമാനമാക്കി. ആകെ ടാക്സിന്റെ കാര്യത്തിൽ മൂന്നിലൊന്ന് വ്യത്യാസം വന്നു. സംസ്ഥാനങ്ങളുടെ വരുമാനത്തിനകത്ത് ഏറ്റവും വലിയ തെറ്റെന്താണ്? റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് നൽകിയത് എന്തുകൊണ്ടാണ്? റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് നൽകുന്നതിനുമുമ്പ് വേറൊരുകാര്യംകൂടി ചെയ്തു. 1971-ലെ ജനസംഖ്യ ആയിരുന്നു നമ്മുടെ അടിസ്ഥാനപരമായ കണക്കിനെടുത്തത്. 1971-ൽ എല്ലാ സംസ്ഥാനങ്ങളും ഒരു കരാർ വച്ചു. ഞങ്ങൾ കുടുംബാസൂത്രണംവഴി ജനസംഖ്യ കുറയ്ക്കാം, പക്ഷേ ആ ജനസംഖ്യ കുറഞ്ഞു എന്നുപറഞ്ഞ് പിന്നീട് മാറ്റാൻ പാടില്ല. ഇത് കോൺഗ്രസ് ഗവൺമെന്റ് ഒരിക്കലും മാറ്റിയിട്ടില്ല. ഇതൊരു സീരിയസ് പൊളിറ്റിക്കൽ പ്രശ്നമാണ്, ഭാവിയിൽ ഇന്ത്യ നേരിടാൻ പോകുന്ന പ്രശ്നമാണ്. അവിടെ

ആദ്യമായി 2011-ലെ ജനസംഖ്യവച്ച് ഡിവൈഡ് ചെയ്യാൻ തീരുമാനിച്ചു. വലിയ തോതിൽ കുറവ് വന്നു. ഈ പ്രതിഷേധം ശക്തമായി വന്നപ്പോഴാണ് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് വന്നത്. അങ്ങനെ കുറച്ചപ്പോഴുണ്ടായ പ്രശ്നമെന്താണെന്നുവച്ചാൽ, നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്ന 3.95 ശതമാനത്തിൽനിന്നും കുറച്ചുകുറച്ച് വന്ന് ഏറ്റവും ഒടുവിൽ 2.5 ശതമാനം ആയിട്ടുണ്ടെങ്കിലും അതിൽ ഒരു കുറവുണ്ടായിട്ടുണ്ട്. ഇതൊരു ചെറിയ പ്രശ്നമല്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, പ്ലീസ് കൺക്ലൂഡ്. ഇനി മൂന്ന് ബില്ലുകൾ പരിഗണിക്കാനുണ്ട്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് ഇനി ഉണ്ടാകാൻ പോകുന്നൊരു പ്രശ്നമാണ്. ഇതുപോലൊരു പവിത്രമായ വേദിയിലാണല്ലോ ഇക്കാര്യങ്ങൾ പറയേണ്ടത്. ഇത് കേരളത്തിന്റെ ഫിനാൻസിന്റെ പ്രശ്നമാണ്. കേരളത്തിലെ ജനങ്ങളുടെ പ്രശ്നമാണ്. എന്താണ് പ്രശ്നമെന്നുപറഞ്ഞാൽ, കോൺസ്റ്റിറ്റ്യൂഷണലായി പാർലമെന്റിന്റെ അംഗങ്ങളുടെ പുനഃസംഘടനയുടെ സമയം ആകുന്നുണ്ട്. ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല, ഞാൻ പറഞ്ഞത് ശരിയല്ലേ; 2026-ൽ പുനഃസംഘടന വരും. പുനഃസംഘടന വരുമ്പോൾ 2011-

ലെ ജനസംഖ്യവച്ച് പാർലമെന്റ് അംഗങ്ങളെ തീരുമാനിച്ചാൽ 80 സീറ്റുള്ള സംസ്ഥാനത്തിന് 120 സീറ്റ് ലഭിക്കും. 20 സീറ്റുള്ള കേരളത്തിന്റേത് ചിലപ്പോൾ പന്ത്രണ്ടോ പതിനാലോ ആയി കുറയും. എന്നുപറഞ്ഞാൽ equilibrium in finances മാത്രമല്ല, equilibrium in national politics, representation of the state and states in the country will be affecting. അതൊരു ചെറിയ പ്രശ്നമല്ല. Political equilibrium മാത്രമല്ല, ഒരു സംസ്ഥാനം എന്ന നിലയിൽ ഫെഡറലിസത്തിനകത്ത് നിന്നുകൊണ്ട് സംസാരിക്കുന്ന ഒരു സംസ്ഥാനത്തിന്റെ പ്രശ്നമാണ്. അവിടെ അവരത് കുറച്ചപ്പോൾ 'കുറച്ചോട്ടെ, കുറച്ചോട്ടെ' എന്ന സമീപനമാണ്. മോൻ ചത്താലും വേണ്ടില്ല മരുമകളുടെ കണ്ണീർ കണ്ടാൽമതി എന്നുപറയുന്നൊരു സമീപനമല്ല വേണ്ടത്. ആ സമീപനമാണ് എടുക്കുന്നത്. ഇവിടെവന്ന് പറയുന്നത്, ക്ലിഫ് ഹൗസിലെ പശു വരെ മാർക്സിസ്റ്റാണെന്നാണ്. കാരണം, ക്ലിഫ് ഹൗസിലെ എരുത്തിലിന് മേൽമൂടിയിട്ടു. അപ്പോൾ മാർക്സിസ്റ്റ് പശുവിന്.... പണ്ടൊരു തീവ്രവാദ സംഘടന പഠിക്കാൻവേണ്ടി പട്ടികളെയൊക്കെ വെട്ടി എന്നുപറഞ്ഞുകൊണ്ട് ഒരു വാർത്തയുണ്ടായിരുന്നല്ലോ; ഇത് പ്രശ്നമാണ്. അതുപോലെ നീന്തൽക്കുളം, കെ. കരുണാകരന്റെ കാലത്ത് നിർമ്മിച്ചതാണ്.

പ്രസ്തുത നീന്തൽക്കുളത്തിന്റെ ഓപ്പറേഷൻ ആൻഡ് മെയിന്റനൻസിനുവേണ്ടി രണ്ടോ മൂന്നോ നാലോ ലക്ഷം രൂപ വേണം. ഇതുപോലുള്ള കാര്യത്തിന് നിങ്ങൾ പറഞ്ഞാൽ എവിടെയാണ് എത്തുന്നത്. ഞങ്ങൾ പറഞ്ഞില്ലല്ലോ; രാജസ്ഥാനിലും ആസ്സാമിലും എത്ര ഹെലികോപ്റ്ററും വിമാനവുമുണ്ട്; കേരളത്തിൽ അങ്ങനെ ഹെലികോപ്റ്ററൊന്നും വാങ്ങാൻ തീരുമാനിച്ചിട്ടില്ല. ഹെലികോപ്റ്ററിൽ എല്ലാ ദിവസവും പോയിക്കൊണ്ടിരിക്കുകയാണോ; രോഗികൾക്ക് ഹൃദയം മാറ്റി വയ്ക്കപ്പെടുന്ന അവസരത്തിൽ ഹൃദയം കൊണ്ടുവരാനും മറ്റുമുള്ള കാര്യങ്ങൾക്കും ഉപയോഗിക്കുന്നുണ്ട്. ശ്രീ. എ. കെ. ആന്റണി സത്യപ്രതിജ്ഞ ചെയ്യാൻ വന്ന കാര്യത്തെക്കുറിച്ച് ഓർമ്മിപ്പിക്കേണ്ടതില്ലല്ലോ; അന്നത്തെ കാലത്ത് ഒരു കോടി രൂപയോ എൺപത് ലക്ഷം രൂപയോ ആയില്ലേ; എല്ലാവരും ബഹുമാന്യൻ എന്നുപറയുന്ന കെ. കരുണാകരനെ താഴെയിറക്കാൻവേണ്ടി വന്നത് ഓർമ്മയുണ്ടല്ലോ; ഞാൻ അത്തരം രാഷ്ട്രീയ കാര്യങ്ങളിലേയ്ക്ക് പോകുന്നില്ല. ഇത് ഇങ്ങനെയുള്ള ചർച്ചയല്ല. കേരളത്തിന്റെ പൊതുവായൊരു പ്രശ്നം വരുമ്പോൾ ഇവിടെ ധൂർത്താണ്, അഴിമതിയാണ് എന്നൊക്കെ പറയുകയാണ്. എന്ത് അഴിമതിയും ധൂർത്തുമാണ് നടക്കുന്നത്? അങ്ങനെ

അഴിമതിയും ധൂർത്തുമൊന്നും നടക്കുന്നില്ല. ഇപ്പോൾ നമുക്ക് ലഭിക്കാനുള്ള... ഈ വർഷവും നമ്മൾ നേരത്തെ എടുക്കാൻ പറ്റുന്ന ഏതെങ്കിലുമൊരു ലോണെടുത്താൽ.., 10000 കോടി രൂപ പെൻഷൻ കമ്പനിക്കും കിഫ്ബിക്കുംവേണ്ടി എടുത്താൽ വെട്ടി കുറയ്ക്കുകയാണ്. നമുക്ക് എല്ലാം വെട്ടി കുറയ്ക്കുകയാണ്. അതുമാത്രം വെട്ടി കുറയ്ക്കുന്നതല്ല; ശമ്പളം കൊടുക്കാൻ പറ്റില്ല, ശമ്പളം കൊടുക്കുന്നത് വെട്ടിക്കുറയ്ക്കണമെന്ന് പറഞ്ഞ ആളുകളാണ് അപ്പുറത്തിരിക്കുന്നത്. ശമ്പളപരിഷ്കരണം നൽകി. കെ.എസ്.ആർ.ടി.സി.-ക്ക് നൽകി. നമുക്ക് ന്യായമായി ലഭിക്കേണ്ട... കഴിഞ്ഞ തവണയുണ്ടായിരുന്ന 2.5 ശതമാനം കിട്ടിയാൽ 8000, 9000 കോടി രൂപ അധികം ലഭിക്കും. ഇതുവരെ ഇങ്ങനെയൊക്കെ കഴിഞ്ഞു, ഇനിയെങ്കിലും സംയുക്തമായി ചെയ്താൽ മതി. പതിനെട്ടും പത്തൊൻപതും ഇരുപതുമുണ്ടല്ലോ അവിടത്തെ എം.പി.-മാർ... മറ്റ് പ്രശ്നങ്ങളുണ്ട്. ധൈര്യത്തോടുകൂടി പാർലമെന്റിന്റെ മുറ്റത്തിറങ്ങി സംയുക്തമായി ഒരു ധർണ്ണ നടത്താൻ പറ്റുമോ; ബാക്കി കാര്യങ്ങൾ നമുക്ക് ചെയ്യാം. മെമ്മോറാണ്ടം ഒപ്പിടാമോ; നിങ്ങൾ ധർണ്ണയും നടത്തില്ല, ഒന്നും നടത്തില്ല. കേരളത്തിന്റെ

താൽപര്യത്തിനുവേണ്ടി നിങ്ങൾ നിൽക്കണം. 18 എം.പി.-മാർ പോയിട്ടൊന്നും ചെയ്യുന്നില്ല എന്ന് കേരളം അറിഞ്ഞു. അതിന്റെ പ്രശ്നമാണ്.

കേരളത്തിലെ സാമ്പത്തിക രംഗത്തെക്കുറിച്ചുള്ള ചർച്ചയിൽ ഏറ്റവും പ്രധാനപ്പെട്ട പ്രതി നമുക്ക് തരാനുള്ള പണം മുഴുവൻ വെട്ടിക്കുറച്ച കേന്ദ്ര സർക്കാരാണ്. സംസ്ഥാനത്തിന്റെ വരുമാനം രണ്ട് വർഷംകൊണ്ട് 50 ശതമാനത്തിലധികം വർദ്ധിച്ചിട്ടും ചക്രശ്വാസം വലിപ്പിച്ചിട്ടേ ഈ സർക്കാരിനെ വിടൂ എന്നുപറയുന്ന കേന്ദ്രത്തിന് തേനും പാലും കൊടുക്കാൻ യു.ഡി.എഫ്. നിൽക്കുകയാണെങ്കിൽ കേരളത്തിലെ ജനങ്ങൾ അത് അറിഞ്ഞുകൊള്ളും, മനസ്സിലാക്കിക്കൊള്ളും. അതാണ് ഞങ്ങൾക്ക് പറയാനുള്ളത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, ഇവിടെ വളരെ വിശദമായ ചർച്ച നടക്കുകയുണ്ടായി. സംസ്ഥാനത്തെ നികുതി ഭരണത്തെ സംബന്ധിച്ച ഗൗരവതരമായ ആരോപണങ്ങൾ ഞങ്ങൾ ഉന്നയിച്ചു. 44 മിനുട്ട് സംസാരിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഞങ്ങൾ ഉന്നയിച്ച ഗുരുതരമായ ആരോപണങ്ങൾക്ക് മറുപടിയൊന്നും പറഞ്ഞില്ല. കേരളത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഞങ്ങളുടെ 18 എം.പി.-മാരുടെ

തലയിൽ ഇതെല്ലാം പ്രതിഷ്ഠിച്ചുകൊണ്ട് സ്വന്തം കഴിവുകേട് മറച്ചുവയ്ക്കാനാണ് അദ്ദേഹം ശ്രമിച്ചത്. നികുതി ഭരണ വകുപ്പ് തികഞ്ഞ പരാജയമാണ്. കേരളത്തെ മുഴുവൻ പ്രതിസന്ധിയിലാക്കിയ ഈ നികുതി ഭരണ വകുപ്പിനെക്കുറിച്ച് അദ്ദേഹം അഭിമാനം കൊള്ളുകയാണ്. എല്ലാം ശരിയായിട്ടാണ് പോകുന്നതെന്നാണ് അദ്ദേഹം പറയുന്നത്. എന്നിട്ട് ഇന്ത്യൻ എക്സ്പ്രസ്സും ടൈംസ് ഓഫ് ഇന്ത്യയും അടക്കമുള്ള ഇംഗ്ലീഷ് പത്രങ്ങൾ നോക്കി കേരളം വലിയ ലെവലിലേയ്ക്ക് പോകുകയാണെന്നാണ് പറയുന്നത്. അഞ്ച് നയാ പൈസ കയ്യിലില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ നടപടിയിൽ പ്രതിഷേധിച്ചും അദ്ദേഹത്തിന്റെ നിലപാടിൽ പ്രതിഷേധിച്ചും കേരളത്തിൽനിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട 18 എം.പി.-മാരെ അധിക്ഷേപിച്ചതിൽ പ്രതിഷേധിച്ചും ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുകൊണ്ട് ചില കാര്യങ്ങൾ വ്യക്തമാക്കാനുണ്ട്. ഇവിടെ എല്ലാ കാര്യങ്ങളും വിശദമായി ചർച്ച ചെയ്തുകഴിഞ്ഞു. ബഹുമാനപ്പെട്ട

ധനകാര്യ വകുപ്പുമന്ത്രി വ്യക്തമായ മറുപടിയും പറഞ്ഞു. അദ്ദേഹം ഉന്നയിച്ച പ്രധാനപ്പെട്ട കാര്യങ്ങളെല്ലാം പരാമർശിച്ചുകൊണ്ട് തന്നെയാണ് മറുപടി പറഞ്ഞത്. അവസാനം അദ്ദേഹം പറഞ്ഞത്, നമ്മുടെ പാർലമെന്റ് അംഗങ്ങൾ യോജിച്ച് നിവേദനം കൊടുക്കാൻ തയ്യാറായത് പിന്നെ മാറിയതാണെന്നാണ്. ആ പ്രശ്നമാണ് ഉന്നയിച്ചത്. ഇത് കോൺഗ്രസ്സിന്റെ നിലപാടാണ്. ഇപ്പോൾ മാത്രം സംഭവിക്കുന്നതല്ല. ബഹുമാന്യനായ രമേശ് ചെന്നിത്തലയെ ഞാൻ സാക്ഷിയാക്കി പറയുകയാണ്. ഞാൻ അദ്ദേഹവുമായി നേരത്തെ സംസാരിച്ചതും കേരളം മൊത്തത്തിൽ ആഗ്രഹിച്ചതുമായൊരു കാര്യമുണ്ട്. അദ്ദേഹം പ്രതിപക്ഷ നേതാവായിരിക്കുമ്പോൾ സഹകരണ മേഖലയ്ക്കുനേരെ കേന്ദ്ര ഗവൺമെന്റ് പ്രത്യേക ഉദ്ദേശ്യത്തോടെയുള്ള നടപടി സ്വീകരിച്ചപ്പോൾ അക്കാര്യത്തിൽ നമുക്ക് ഒന്നിച്ചുനിന്ന് എതിർക്കാമെന്ന് ഞാൻ ഈ കസേരയിൽ ഇരുന്നുകൊണ്ട് അദ്ദേഹത്തോട് സംസാരിച്ചിരുന്നു. അദ്ദേഹം തത്വത്തിൽ അതിനോട് യോജിച്ചെങ്കിലും പിന്നീട് കോൺഗ്രസ് പാർട്ടി ആലോചിച്ചതിനുശേഷം അത്തരമൊരു സംയുക്ത നീക്കം വേണ്ടെന്ന് തീരുമാനിക്കുകയാണ് ചെയ്തത്. ഞങ്ങൾ മാത്രമായി, അന്നത്തെ

മന്ത്രിമാരടക്കം അവിടെ ഇരുന്നുകൊണ്ട് സമരം നടത്തിയത് നിങ്ങൾ എല്ലാവരും ഓർക്കുന്നുണ്ടായിരിക്കും. കേരളത്തിന് യോജിച്ച് പ്രതിഷേധിക്കാൻ കഴിയാതിരുന്ന ഒരവസ്ഥ വന്നത് കോൺഗ്രസിന്റെ നിലപാട് കാരണമാണ്. കേന്ദ്ര ഗവൺമെന്റിനെതിരെ ഇത്തരമൊരു പ്രക്ഷോഭം നടത്താൻ അവർ ഭയക്കുകയാണ്. അതാണ് സംഭവിച്ചത്. അവരുടെ ഗൂഢമായ രാഷ്ട്രീയ ഉദ്ദേശ്യങ്ങൾക്കുവേണ്ടിയാണ് ഇവിടെ ബി.ജെ.പി.-യെ പിണക്കാതിരിക്കാൻ അത്തരം നിലപാട് സ്വീകരിക്കുന്നുവെന്നത് കേരളത്തിന്റെ അനുഭവത്തിൽപ്പെട്ടതാണ്. അത് ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: അടിയന്തരപ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

**(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)**

(നിയമനിർമ്മാണ കാര്യം-തുടർച്ച)